KOTTAYAM PUBLIC LIBRARY

Call No M910 ALI.D Acc. No 85848

Author അലിക്കുട്ടി (എം.വി.)

Title ദൽഹിയാത്ര.

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

1159

# ദൽഹി യാത്ര.

85848

ഗ്രന്ഥകർത്താ:—

എം. വി. അലിക്കുട്ടി.

DISTRIBUTING LIBRARY
No.................
KOTTAYAM

വില: **1—50**

പ്രകാശകന്മാർ:—

ആമിനാ ബുക്ക് സ്റ്റാൾ, ഏനാമാക്കൽ.

(തൃശ്ശൂർ) കേരളം.

# "DELHI YATHRA"

(MALAYALAM)

By

*M. V. Alikkutty.*

(*All Rights Reserved to Publishers*)

FIRST EDITION COPIES 1000

OCTOBER 1957

**Price Re. 1 Np. 50.**

PUBLISHERS,

**Amina Book Stall,**

ENAMAKKAL.

TRICHUR, KERALA.

# പ്രസ്താവന.

രണ്ടു് മാസത്തെ ദൽഹി വാസത്തിന്നു് ശേഷം നാട്ടിൽ തിരിച്ചെത്തിയപ്പോൾ ഒരു യാത്രാവിവരണം എഴുതുവാൻ പല സുഹൃത്തുക്കളും എന്നെ പ്രേരിപ്പിക്കുകയുണ്ടായി. ദൽഹിയെസംബന്ധിച്ച് ഒരു പൂർണ്ണവിവരം നല്കുവാൻ എന്റെ 'ദൽഹിയാത്ര'കൊണ്ടു് സാധിച്ചിട്ടുണ്ടെന്നു് ഞാനവകാശപ്പെടുന്നില്ല. അദ്ധ്യായങ്ങളിൽ കാണുന്ന വിഷയങ്ങളെ സംബന്ധിച്ച് ശരിയായ ഒരു വിവരണം നല്കുവാൻ ഞാൻ ശ്രമിച്ചിട്ടുണ്ടു്. എന്റെ അനുഭവങ്ങൾക്കൊക്കെ ഒരു രൂപം നല്കി, അതു് ഒരു ഗ്രന്ഥരൂപത്തിൽ പുറത്തുവിടുകയാണു്. അപൂർണ്ണതകൾ വളരെ കാണാം. കുററങ്ങളും കുറവുകളും ക്ഷമിക്കേണമെന്നഭ്യർത്ഥന.

ദൽഹി സന്ദർശിക്കുവാൻ എനിക്കവസരം നല്കിയ ഭാരത് സേവക് സമാജിനോടു് എനിക്കുള്ള കടപ്പാടു് നിസ്സീമമാണു്. എന്റെ സാഹിത്യവാസനയെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്ന എല്ലാ സുഹൃത്തുക്കൾക്കും എന്റെ വിനീതമായ കൂപ്പുകൈ!

ചാവക്കാടു്,
10—8—1957.

എം. വി. അലിക്കുട്ടി.

# ഗ്രന്ഥകർത്താവിന്റെ
# കൃതികൾ.

* അഞ്ചു പ്രേമകഥകൾ.
* അവളാണ് വമ്പത്തി.
* സക്സസ്സ്കാരി.
* ഓവിന്റെ മകൾ.
* ധീരകാമുകൻ.
* എരിഞ്ഞിപ്പൂക്കൾ.
* രണാങ്കണത്തിലെ വീരാംഗന.
* ദൽഹിയാത്ര.
* തെണ്ടികൾ.
* വനജ.

## അദ്ധ്യായങ്ങളിൽ!

1. ഉപോദ്ഘാതം.

2. യാത്രയുടെ തുടക്കം.

മനോജ്ഞകേരളം.

3. ഗ്രാൻറ് ട്രങ്ക് എക്സ്പ്രസ്സ്.

ഒരു മലയാളി കുടുംബം — നവമ്പർ 23 — നാഗപ്പൂർ — തുരങ്കങ്ങൾ — കനത്ത കാടുകൾ — ഝാൻസി — താജ്മഹൽ — മഥുര.

4. തലസ്ഥാനനഗരിയിൽ.

ന്യൂദൽഹി സ്റ്റേഷൻ — ബസ്സ്സ്റ്റേൻറ് — കമലാ മാർക്കററ്.

5. ബദർപൂരിലെ പരിശീലനം.

ഭാരത് സേവക് സമാജ് — പ്രചാരകന്മാർ — ബദർപൂർ ഗ്രാമം — നവമ്പർ 24 — ആദ്യത്തെ രാത്രി — മനുഷ്യപ്പുഴുകൾ — പരിപാടികളിലേക്ക് ഒരെത്തിനോട്ടം — ക്യാമ്പ് ഡ്യൂട്ടി — ഒരു വിഹഗവീക്ഷണം.

6. ബദർപൂർ.

ഐതിഹ്യം — കവച്ചുക്കാർ.

7. വീണ്ടും ദില്ലിയിൽ.

സൌത്ത് ഇന്ത്യൻ ഹോട്ടൽ — ജന്ദർമന്ദർ — കണ്ണാട്ട്പ്ലൈസ് — രാമലീലാഗ്രൌണ്ട്.

8. പാർളിമെൻറിൽ.

ഇന്ത്യാഗേററ് — പാർളിമെൻറ്ഹൌസ് — സ്പീക്കർ — റേഡിയോനിലയം — പ്രദർശനം.

9. കുത്തബ്മിനാർ

തുഗ്ലക്കബാദ് — ലോഹസ്തൂപം — മീനാർ — ഷംസുദ്ദീൻ അൽത്തമിഷിന്റെ മക്ബര —പൃഥ്വീരാജ് ക്ഷേത്രം — മകുടം — അലൈ മീനാർ.

10. ഭൂമിയിൽ ഒരു സ്വർഗ്ഗമുണ്ടെങ്കിൽ അതു് ഇതാണ്.

പുരാണകില — അഞ്ചാംജോർജ്ജിന്റെ പ്രതിമ — ഫൗണ്ടനിരൊയ്കൾ — ജുമാമസ്ജിദ് — ചെങ്കോട്ട — ദിവാൻ ഇ ആം — മുത്തു പള്ളി — ദിവാൻ ഇ ഖാസ്.

11. രാജ്ഘട്ട്.

ഗ്രീൻഹോട്ടൽ — ജി. ബി. റോഡ് — ബാപ്പുജിയുടെ സമാധി — മലയാളികൾ — ബദർപൂർ കോൻ ഹൈ — നാരായണൻ.

12. ഉത്തരേന്ത്യയിലെ കഠിന തണുപ്പ്.

ഭീകരത — ദൽഹിയിലേക്കു് — ഗുരുകുലം.

13. പ്രധാന മന്ത്രിയുടെ വസതിയിൽ.

പാലം വിമാനത്താവളം — അശോകഹോട്ടൽ — സമയം വൈകി — കൂടിക്കാഴ്ച — ബിർളാ മന്ദിരം.

14. രാഷ്ട്രപതി ഭവനിൽ.

പൂങ്കാവനം — പ്രസിഡണ്ട് — സമാപനം.

15. മടക്കയാത്ര.

DISTRIBUTING LIBRARY
No.........
KOTTAYAM.

അദ്ധ്യായം 1.

# ഉപോദ്ഘാതം.

ഒരു വിദ്യാൎത്ഥിയായിരുന്ന കാലത്ത് താജ്മഹലിനെക്കുറിച്ചും കുത്തബ്മീനാറിനെകുറിച്ചും പഠിച്ചിട്ടുള്ള പാഠം ഞാനിന്നും ഓൎമ്മിക്കുകയാണ്.

"ആഗ്രയിൽ, യമുനാനദിയുടെ തീരത്ത് വെണ്ണക്കല്ലുകൊണ്ടുണ്ടാക്കിയ ഒരു മനോജ്ഞഹൎമ്മ്യം കാണാം. ഷാജഹാൻ ചക്രവൎത്തി തന്റെ പത്നിയായിരുന്ന മംതസ്സിന്റെ സ്മരണയ്ക്കുവേണ്ടി പണിയിച്ചതാണ് ആ കൊട്ടാരം."

എന്റെ ബാല്യകാലസ്മരണയുടെ ചുരുളുകളിൽ ഇന്നും തങ്ങിനില്ക്കുകയാണ് ആ വാചകം. അതൊരു സ്വപ്നത്തിന്റെ അനുഭൂതിമാത്രമായേ എനിക്കനുഭവപ്പെട്ടിരുന്നുള്ളു. അറബിക്കഥകളിലെ ഭൂതങ്ങളെപ്പററിയുള്ള കഥകൾപോലെ അത്ഭുതസ്തബ്ധതകളോടുകൂടി മാത്രമേ എനിക്കവയെ കുറിച്ചെല്ലാം ചിന്തിക്കുവാൻ സാധിച്ചി

രുന്നുള്ളു. ചരിത്രം, എൻെറ സ്വപ്നങ്ങളുടെ രൂപം ഭാവനയിൽ വരച്ചതല്ലാതെ, മേഘത്തിലേക്കുയന്നു നില്ക്കുന്ന കുത്തബ്മീനാറിൻെറ മുകളിൽ, ഭൂതങ്ങളധിവസിക്കുന്ന ആകാശത്തിൻെറ മുകൾത്തട്ടിൽ കയറിച്ചെല്ലുവാൻ സാധിക്കുമെന്നു് ഞാനാശിച്ചിരുന്നില്ല.

ഒരു കൊച്ചു കുഗ്രാമത്തിൽ ജനിച്ചുവളൎന്ന എനിക്കു് ഒരു വലിയ പട്ടണത്തെക്കുറിച്ചു് ചിന്തിക്കുവാൻ സാധിച്ചിരുന്നില്ല. ഒരു വലിയ പട്ടണത്തിലെ അത്ഭുതങ്ങളൊക്കെ എനിക്കതിശയോക്തികളായിരുന്നു.

മൂകത നിറഞ്ഞ ഒരു കുഗ്രാമത്തിലെ നിശ്ശബ്ദതനിറഞ്ഞ ജീവിതത്തിൽ ഏകനായിരുന്നു് ചിന്തിക്കുവാൻ എനിക്കു് ലഭിച്ചിരുന്ന അവസരം സുലഭമായിരുന്നു. ഏകാന്തത എഴുതുവാനും വായിക്കുവാനും എനിക്കു് പ്രചോദനം നല്കി. ഉത്തമ ഗ്രന്ഥങ്ങൾ പലതും എനിക്കു് വായിക്കുവാൻ സാധിച്ചു. ഒരു സാഹിത്യകാരനാകുവാൻ എന്നിൽ അഭിലാഷമുദിച്ചു. പല കഥകളും എൻെറ ഭാവനയിലുയൎന്നു. പല അനുഭവങ്ങളും ആ ഭാവനയെ വികസിപ്പിച്ചു. ഏകാന്തതയിലിരുന്നു് ഞാൻ പലതും എഴുതിത്തുടങ്ങി. എൻെറ ആദ്യത്തെ കൃതിയായ 'അഞ്ചു പ്രേമകഥകൾ' പുറത്തുവന്നപ്പോൾ എൻെറ ആഹ്ലാദത്തിന്നതിരില്ലാതെയായി. ഒരു എഴുത്തുകാരനാകുവാനുള്ള ആഗ്രഹവും, തുടൎന്നെഴുതുവാനുള്ള പ്രചോദനവും എന്നിൽ വളൎന്നുവന്നു. തുടൎന്നു് എൻെറ പല പുസ്തകങ്ങളും പുറത്തുവരുവാൻ തുടങ്ങി. പ്രസിദ്ധീകരണത്തി

നുവേണ്ടി പല പ്രകാശകന്മാക്കും കയ്യെഴുത്തു പ്രതികഠം ഞാൻ അയച്ചുകൊണ്ടിരുന്നു. അയച്ച പുസ്തകങ്ങളെം ന്നും ആരും തിരിച്ചയക്കുകയുണ്ടായില്ല. എൻെറ പുസ്ത കങ്ങളൊക്കെ പ്രസിദ്ധീകൃതങ്ങളാകുവാൻ പോകയാ ണെന്നോത്തപ്പോഠം എൻെറ ഹൃദയം ആനന്ദംകൊണ്ടു് തുള്ളിച്ചാടി. അഭ്യുദയകാംക്ഷികളായ പല സുഹൃത്തു ക്കളും എന്നെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു. കൂട്ട തൽ സ്ഥലങ്ങഠം സന്ദശിക്കുവാനും, കൂടുതൽ കാഴ്ചകണ്ടു് എൻെറ ഭാവന വികസിപ്പിക്കുവാനും പലരുമെന്നെ പ്രോത്സാഹിപ്പിച്ചു. ആലുവായിൽവെച്ചു് നടന്ന ഒരു ക്യാമ്പിൽ നിന്നും ലഭിച്ച ഒരു സുഹൃത്തു് എനിക്കെ ഴുതി:—

"സഹോദരാ, ഒരു സാഹിത്യകാരനാകുവാനുള്ള താങ്കളുടെ ശ്രമത്തെ ഞാനഭിനന്ദിക്കുന്നു. പ്രകൃതി കനിഞ്ഞനുഗ്രഹിച്ച ഈ പ്രദേശത്തേക്കു് താങ്കഠം വരു മെങ്കിൽ കുറച്ചു് ദിവസം നമുക്കിവിടെ ഉല്ലാസമായി കഴിച്ചുകൂട്ടാം. താങ്കളുടെ ഭാവന വികസിപ്പിക്കുവാൻ അതു് താങ്കളെ സഹായിക്കും."

ദിവസങ്ങഠം പിന്നേയും ചിലതു കഴിഞ്ഞു. ഭാരത് സേവകസമാജിൻെറ പരിപാടികഠം എന്നെ ആകഷി ക്കുവാൻ തുടങ്ങി. രാഷ്ട്രപുനർനിമ്മാണത്തെ ലക്ഷ്യ മാക്കി, പ്രാദേശികവും വർഗ്ഗീയവുമായ ചിന്താഗതികഠം ക്കതീതമായി, കക്ഷിരഹിതമായി പ്രവത്തിച്ചുകൊണ്ടി രിക്കുന്ന ആ മഹത്തായ പ്രസ്ഥാനവുമായി ഞാൻ ബന്ധപ്പെട്ടു. രാഷ്ട്രീയ പാർട്ടിയുമായുള്ള ബന്ധം അവ

സ്ഥാനിപ്പിച്ചുകൊണ്ടു് ഭാരത് സേവക് സമാജിൻെറ പ്രവത്തനങ്ങളിൽ ഞാനേപ്പെട്ടു. ഈ അവസരത്തിലാണ് എന്നെ സമാജിൻെറ ഒരു പ്രചാരകനായി നിയമിച്ചതു്. നിയമനത്തോടൊപ്പംതന്നെ ഒരു പ്രധാന സംഗതികൂടി എനിക്കു് മനസ്സിലാക്കുവാൻ സാധിച്ചു. പ്രചാരകന്മാർക്കെല്ലാം ദൽഹിയിൽ വെച്ചും ഒരു പരിശീലനം നല്കുവാൻ പോകുന്നുണ്ടെന്നതായിരുന്നു ആ സന്തോഷവാത്ത. എൻെറ ഹൃദയം ആനന്ദതുന്ദിലമായി. എൻെറ ആഗ്രഹങ്ങൾ ഭാവനയിൽ രൂപംകൊണ്ടു. ഡില്ലി എൻെറ ഭാവനയിൽ ഉയന്നു. ചരിത്രത്തിൻെറ ചില ശകലങ്ങൾ എൻെറ സ്മരണാമണ്ഡലത്തിലൂടെ പാറന്നുപോയി. കുത്തബ്മീനാറും, താജ്മഹാളും, ചെങ്കോട്ടയുമെല്ലാം എൻെറ കൺമുമ്പിൽ തെളിഞ്ഞുയന്നു.

പെട്ടെന്നൊരുദിവസം ആ സ്വപ്നം അതിൻെറ പുലരിയിലെത്തി. ദൽഹിയിലേക്കു് പുറപ്പെട്ടുവരാനുള്ള ഓർഡർ ലഭിച്ചു. യാത്രക്കുള്ള അലവൻസും വന്നുചേന്നു. യാത്രാസംരംഭങ്ങൾക്കായി ഞാനൽപ്പം ബദ്ധപ്പെടേണ്ടതായിവന്നു.

അദ്ധ്യായം. 2

# യാത്രയുടെ തുടക്കം.

പരിശീലന കേന്ദ്രത്തിൽ ഞാൻ ഹാജരാക്കേണ്ട ഒരു സർട്ടിഫിക്കററിന്നുവേണ്ടി എനിക്ക് കോഴിക്കോട്ട് പോകേണ്ടതുണ്ടായിരുന്നു. തന്മൂലം എൻെറ യാത്രയുടെ ആരംഭം കോഴിക്കോട്ടുനിന്നായി. മറെറാരു വിധത്തിൽ ഇതെനിക്ക് സഹായകരമായിരുന്നു. അവിടെ വെച്ച് ഞാനെൻെറ സഹയാത്രികരുമായി ഒന്നിച്ചുകൂടി.

1956 നവമ്പർ 21-ാംനു- 3മണിക്ക് കോഴിക്കോട്ട് നിന്നും ഞങ്ങൾ യാത്രയാരംഭിച്ചു. കോഴിക്കോട്ട് പ്ലാററ ഫോം ജനനിബിഡമായിരുന്നു. യാത്ര അയക്കുന്നവരും, യാത്രചോദിക്കുന്നവരുമായ ജനങ്ങൾ അവിടെ നിറഞ്ഞിരുന്നു. കണ്ണുനീരും പുഞ്ചിരിയും ഇടകലർന്നിരിക്കുകയാണവിടെ. ഞങ്ങളെ യാത്ര അയക്കുന്നതിനുവേണ്ടിയും ബന്ധുമിത്രാദികളായ കുറെ പേർ സ്റ്റേഷനിലെത്തിയിരുന്നു. വണ്ടിമുറിയിൽ ഇരിക്കുവാൻപോലും സ്ഥലം കിട്ടാത്തവിധം തിരക്ക് നിറഞ്ഞിരുന്നു. മദിരാശിയിലേക്ക് നേരിട്ടുള്ളതാണ് ആ കമ്പാർട്ടുമെൻറ് എങ്കിലും ഷൊർണ്ണൂർ വരെയുള്ള സ്റ്റേഷനുകളിൽ ഇറങ്ങിപ്പോകേണ്ട യാത്രക്കാർ അതിൽ കയറിക്കൂടിയിരിക്കുകയാണ്. ഞങ്ങളുടെ സാമഗ്രികൾ ഒതുക്കിവെക്കുവാൻതന്നെ ഞങ്ങൾ പ്രയാസപ്പെടേണ്ടിവന്നു.

ഉത്തരേന്ത്യയിലിപ്പോൾ കഠിനതണുപ്പാണ്. നവമ്പർമുതൽ ഫെബ്രുവരിവരെ ഉത്തരേന്ത്യ മുഴുവനും തണു

ത്തു് മരവിക്കുന്ന കാലഘട്ടമാണ്. ആ കൊടുംതണുപ്പിനെ നേരിടുവാനുള്ള കരുതലോടെയാണ് ഞങ്ങളുടെ യാത്ര. വളരെയേറെ കമ്പിളിവസ്ത്രങ്ങൾ ഞങ്ങൾ കൊണ്ടുപോകുന്നുണ്ടു്. ധാരാളം സാമാനങ്ങൾ ഞങ്ങൾക്കുണ്ടായിരുന്നു. വളരെ വിഷമിച്ചുകൊണ്ടാണ് അതെല്ലാം ഞങ്ങൾ ഒതുക്കിവെച്ചതു്.

വണ്ടി ഇളകേണ്ട സമയമായി. യാത്ര അയക്കുവാൻ വന്നവരിൽ എന്റെ ഒരു സഹോദരനുമുണ്ടായിരുന്നു അവരോടെല്ലാം ഞങ്ങൾ വീണ്ടും യാത്രപറഞ്ഞു. വണ്ടി കൂകിവിളിച്ചു് മുന്നോട്ടു് കുതിച്ചു. അതോടെ മദിരാശിയിൽനിന്നു് ഡൽഹിയിലേക്കു് പോകുന്ന ഗ്രേൻറ് ട്രങ്കിനെ ലക്ഷ്യംവെച്ചുകൊണ്ടു് ഞങ്ങളുടെ വണ്ടി കുതിച്ചോട്ടം തുടങ്ങി.

തിരൂരിലും കററിപ്പുറത്തുമായി ഞങ്ങളുടെ കമ്പാർട്ടുമെൻറിലുണ്ടായിരുന്ന വളരെപ്പേർ ഇറങ്ങിപ്പോയി. പുതിയ യാത്രക്കാർ വീണ്ടുമതിൽ കയറിക്കൂടാതിരിക്കുന്നതിന്നായി ഞങ്ങൾ വളരെയേറെ പണിപ്പെട്ടു. ഒരു റയിൽവെ ഉദ്യോഗസ്ഥന്റെ ജോലി വളരെ കാര്യക്ഷമതയോടെ ഞങ്ങൾ നിർവ്വഹിക്കുകയായിരുന്നു.

"ഇതു് മദിരാശിയിലേക്കു് നേരിട്ടു് പോകുന്നവർക്കുള്ള കമ്പാർട്ടുമെൻറാണ്."

ആ കമ്പാർട്ടുമെൻറിൽ കയറുവാൻ വന്നവരെ ഞങ്ങൾ വിലക്കി. അധികംപേരും ഞങ്ങളോടു് തർക്കിക്കുവാൻ നിന്നില്ല. തർക്കിക്കുവാൻ വന്നവർക്കു് ഞങ്ങളൊട്ടു് വാതിൽ തുറന്നുകൊടുത്തുമില്ല.

# മനോജ്ഞകേരളം.

എൻെറ ഹൃദയം കേരളക്കരയുടെ പ്രാകൃതികസൌന്ദര്യത്തെ ആകെയൊന്ന് സംവീക്ഷണം ചെയ്യുവാൻ ഒരുങ്ങുകയായിരുന്നു. ഉത്തരേന്ത്യയിലേക്കാണ് ഞാൻ പോകുന്നത്. പല നാടുകളും കാണുവാൻ പോകയാണ്. ആ നാടുകളിലെ പ്രകൃതിസൌകമാര്യവുമായി ഇടപഴകുവാൻ എനിക്കവസരം ലഭിച്ചേക്കാം. കേരളവുമായി ആ പ്രദേശങ്ങളെയൊക്കെ ഒന്ന് താരതമ്യപ്പെടുത്തണം. ഞാൻ നിന്നിമേഷനായി പുറത്തെ കാഴ്ചകൾ നോക്കിയിരുന്നു.

എന്തൊരു ഭംഗിയേറിയതാണ് നമ്മുടെ പ്രകൃതി. കേരളത്തിൻെറ മണ്ണിൽ എത്രയെത്ര വിലയേറിയ പ്രാകൃതിക സമ്പത്തുക്കളാണ് വളൎന്നുനില്ക്കുന്നത്. കൊടിയിട്ടുനില്ക്കുന്ന കുരുമുളക് വള്ളികൾ, കുലച്ചുതൂങ്ങിയ വാഴത്തോട്ടങ്ങൾ, വെററിലകൊടികൾ, ഫലസമൃദ്ധിയുള്ള തെങ്ങിൻ തോപ്പുകൾ, കവുങ്ങുകൾ, സസ്യധനാഢ്യമായ കേരളക്കര ഒരു പച്ചക്കാടായി വളൎന്നു നില്ക്കുകയാണ്. വണ്ടിയിലിരുന്ന് ഇരുഭാഗത്തും കണ്ടകാഴ്ചകൾ എത്രമനോഹരമായിരുന്നു. വിശാലമായ നെൽപ്പാടങ്ങൾ പരന്നുകിടക്കുന്നു. കേരളത്തിൻെറ മനോഹാരിതയ്ക്ക് മാററുകൂട്ടുന്ന ഓലമേഞ്ഞ കൊച്ചുവീടുകൾ നിരന്നുനില്ക്കുന്നത് കാണാമായിരുന്നു. വണ്ടികുററിപ്പുറം സ്റ്റേഷനോടടുത്തപ്പോൾ ഭാരതപ്പുഴക്കുമീതെ കെട്ടിയിരിക്കുന്ന ആ വലിയപാലം കണ്ടുതുടങ്ങി. മഹത്തായ പഞ്ചവത്സര

പദ്ധതിയുടെ നേട്ടങ്ങളിലൊന്നാണ് കുററിപ്പുറംപാലം. അതിനു താഴെ ഭാരതപ്പുഴ പൂഴിമണൽ നിറഞ്ഞുകിടക്കുകയാണ്. പുഴയിൽ വേണ്ടത്ര വെള്ളമില്ല. വർഷകാലത്തു് കുത്തിപ്പിരിഞ്ഞൊഴുകുന്ന പുഴ ഇപ്പോൾ വററിക്കിടക്കുകയാണ്. കൂററൻ തടികൾപോലും കുതിച്ചൊഴുകിപോകുന്ന ഭയങ്കര ജലപ്രളയമുള്ള ആ നദി ഇപ്പോൾ ആർക്കും ഇറങ്ങിക്കടക്കാം.

ഇരുകരയിലും പച്ചപിടിച്ച് തിങ്ങിക്കിടക്കുന്ന കുന്നത്തിടതൂർന്ന വൃക്ഷങ്ങൾ ഒരു കാനനത്തിന്റെ പ്രതീതിയാണുളവാക്കുന്നതു്. ആ വലിയപുഴയിലെ നീർച്ചോലയിൽ തൻസൌകമാര്യമാന്ന ഒരു ഗ്രാമീണതനപി മുങ്ങിക്കുളിക്കുന്നുണ്ട്. ഇരുകരയിലും നില്ക്കുന്ന വൻമരങ്ങളുടെ തിങ്ങിക്കിടക്കുന്ന പച്ചത്തുപ്പുകൾ ആനാടൻ പെണ്ണിന്റെ ജലക്രീഡ ഒളിഞ്ഞുനോക്കുകയാണോ?

ഒരു മനോഹരദൃശ്യമാണ് അവിടെ ഞാൻ കണ്ടതു്. ആകാശത്തിൽ നിന്നു് അടന്നു വീണിരിക്കുന്ന മേഘങ്ങൾപോലെയാണ് തരുനിരയാൽ പച്ചത്തുപ്പുകൾ തിങ്ങിക്കിടക്കുന്നതു്. ഞാനെന്റെ സ്നേഹിതന്മാരെ നോക്കിപറഞ്ഞു.

“കേരളത്തിലെ നാട്ടിൻപുറത്തിന്റെ നല്ലൊരുചിത്രം കാണാൻ വരൂ”

ഞങ്ങൾ നോക്കിയിരുന്നു. ആഹ്ലാദം നല്കുന്ന കാഴ്ചയായിരുന്നു അതു്.

ഫലഭൂയിഷ്ഠമായ മണ്ണും, ആകാരസൌഷ്ഠവമുള്ള മനുഷ്യരും, പ്രകൃതിയനുഗ്രഹിച്ച കാലാവസ്ഥയും സഹ

കരിച്ച് പ്രവൃത്തിച്ചുകൊണ്ടു് കേരളത്തെ സമ്പന്നമാക്കുകയാണെന്നു് എനിക്കു് തോന്നി. ആ ചിന്ത എൻെറ ഹൃദയത്തിൽ ഒരു പുതിയ വിശ്വാസം ഉളവാക്കി. അങ്ങിനെ പ്രകൃതിയാകുന്ന കലാകാരൻ വിവിധചായങ്ങൾ നല്ലി തയ്യാറാക്കിയ ഒരു ബോർഡിന്നുള്ളിൽ കലാബോധത്തോടെ വരഞ്ഞെടുത്ത ഒരു ഗ്രാമീണതന്വംഗിയാളുടെ പ്രതിരൂപം മനസ്സിൽ കണ്ടുകൊണ്ടാണ് ഞാൻ യാത്ര തുടന്നതു്.

വണ്ടി ഷൊർണ്ണൂരിൽ നിന്നപ്പോൾ ഞാൻ തലഉയർത്തിനോക്കി. ഒരു യുവാവു് ഞങ്ങളുടെ മുറിയുടെ വാതിൽ തുറക്കുവാൻ ശ്രമിക്കുകയാണ്. ഒരു റയിൽവേ ഓഫീസ്സറുടെ ഗമയിൽ ഞങ്ങൾ പറഞ്ഞു.

“ഇതു് മദിരാശിയിലേക്ക് നേരിട്ടുപോകുന്നവർക്കുള്ള കമ്പാർട്ടുമെൻറാണ്”

“അതെ ഞങ്ങളും മദിരാശിക്കുള്ളവരാണ്.”

“ഓഹോ. എന്നാൽ വരണം സന്തോഷമുണ്ടു്.”

ഞങ്ങൾ വാതിൽ തുറന്നുകൊടുത്തു. ഒരാൾ മാത്രമായിരിക്കുമെന്നാണ് ഞങ്ങളാദ്യം കരുതിയതു്. ആ മുറിയിൽ അത്രമാത്രം തിരക്കുണ്ടായിരുന്നു. ഒരാളിക്കു് പകരം നാലുപേരാണ് അതിൽ കയറിവന്നതു്. ആ യുവാവും, വൃദ്ധരായ അയാളുടെ മാതാപിതാക്കളും, യുവതിയായ ഒരു സഹോദരിയും.

പലവിധത്തിലുള്ള സംസാരങ്ങളും ആ വണ്ടിമുറിയിൽ നടക്കുന്നുണ്ടു്. ഞാൻ അതിലൊന്നും ശ്രദ്ധിക്കുന്നില്ല. ദൽഹിയെക്കുറിച്ചും അവിടെ കാണുവാൻപോ

കുന്ന വിശേഷതകളെക്കുറിച്ചും ഞങ്ങൾ സംസാരിക്കുവാൻതുടങ്ങി. ഇംഗ്ലീഷും, ഹിന്ദിയും അറിയുന്നതുകൊണ്ടു് ദൽഹിയിൽ വിഷമംകൂടാതെ എല്ലാവരുമായി ഇടപഴകിജീവിക്കാമെന്നു് ഞങ്ങൾ വിശ്വസിച്ചു. ഞങ്ങളുടെ കൂട്ടത്തിൽ എല്ലാവരും ഹിന്ദി അറിയുന്നവരല്ല. ഞങ്ങൾക്കെല്ലാം ഹിന്ദി അറിയാം. പക്ഷെ മററുള്ളവരെല്ലാം ഇംഗ്ലീഷ് നല്ലവശമുള്ളവരാണു്.

സമയം രാത്രിയായി. വണ്ടിയിൽ വൈദ്യുതദീപങ്ങൾ ജ്വലിച്ചു.

രണ്ടുമൂന്നു് ദിവസം തുടർച്ചയായി വണ്ടിയിൽമാത്രമാണു് ഞങ്ങൾ ജീവിക്കുവാൻപോകുന്നതു്. നാലാമത്തെ ദിവസമാണു് ഞങ്ങൾ വണ്ടിയിൽനിന്നിറങ്ങുക. ഇപ്പോൾ ആ വണ്ടിമുറിയിലുള്ളവരെല്ലാം മദിരാശിയിലോളമുള്ള ഞങ്ങളുടെ സഹയാത്രികരാണു്.

വണ്ടി ശക്തിയായി ഇളകിക്കൊണ്ടിരുന്നു. ഞങ്ങൾക്കു് കിടക്കുവാനുള്ള സൌകര്യങ്ങളൊന്നും ലഭിച്ചിരുന്നില്ല. രാത്രിമുഴുവനും ചാരിയിരുന്നു് ഉറക്കംതൂങ്ങേണ്ടതായിവന്നു. ഇടയ്ക്കിടെ ഞാൻ ഞെട്ടിയുണർന്നു. ദൽഹിപട്ടണം കണ്ടുകൊണ്ടാണു് ഞെട്ടിയുണർന്നിരുന്നതു്. പക്ഷെ, വണ്ടി വളരെ വേഗത്തിൽ ഓടിക്കൊണ്ടിരിക്കുകയാണെന്നു് മനസ്സിലായി.

നേരംപുലർന്നതോടെ ഞങ്ങളുടെ ആഹ്ലാദം വർദ്ധിച്ചു. വണ്ടി മദിരാശിയോടടുക്കുകയാണു്. വളരെയേറെ മിലിട്ടറിക്യാമ്പുകൾ വഴിയിൽ കാണാമായിരുന്നു. വണ്ടിയിലുണ്ടായിരുന്ന ഒരു സുഹൃത്തു്, ഇന്ത്യൻ

നാഷനൽ കോൺഗ്രസ്സിൻെറ സമ്മേളനം കഴിഞ്ഞ ആവടി ഞങ്ങൾക്ക് കാണിച്ചുതന്നു.

മദിരാശിയിൽ വണ്ടി നിന്നഉടനെത്തന്നെ ഗ്രാൻറ്ട്രങ്ക് എക്സ്പ്രസ്സിൽ സാമാനങ്ങൾ കയററുവാനും, കിടക്കുന്നതിനു് സൌകര്യം സൃഷ്ടിക്കുന്നതിന്നുമുള്ള ബദ്ധപ്പാട്ട് ഞങ്ങളിൽ വളൎന്നിരുന്നു. പുലർകാലത്തെ കുളിരുള്ള മന്ദമാരുതൻ വണ്ടിമുറിയിലേക്ക് ആഞ്ഞടിച്ചുകൊണ്ടിരുന്നു. ഞാൻ പെട്ടി തുറന്നു് കണ്ണാടിയെടുത്തു് ഒന്നു് നോക്കി. രാത്രിയിൽ ഉറങ്ങാത്ത ക്ഷീണം ധാരാളമുണ്ടു്. മുടി ചീകിഒതുക്കി. ഇറങ്ങുവാനുള്ള തയ്യാറോടെ കാത്തുനിന്നു. 8 മണിക്ക് വണ്ടി മദിരാശിയിലെത്തി. ഞങ്ങൾ ബദ്ധപ്പെട്ടു് സാമാനങ്ങളൊക്കെഇറക്കി. വാസ്തവത്തിൽ ബദ്ധപ്പെടേണ്ട യാതൊരാവശ്യവും ഉണ്ടായിരുന്നില്ല. ഗ്രാൻറ്ട്രങ്ക് പ്ലാററുഫോമിൽ എത്തിയിരുന്നില്ല. പലരും ഞങ്ങളോട്ടു് യാത്രപറയുന്നുണ്ടായിരുന്നു. ഷൊർണ്ണൂരിൽനിന്നു് കയറിയ ആ യുവാവു് ഞങ്ങളോട്ടു് യാത്രപറഞ്ഞു. അലക്ഷ്യഭാവത്തിൽ 'ഗുഡ്ബൈ' പറഞ്ഞതല്ലാതെ അധികമൊന്നും സംസാരിക്കുവാൻ എനിക്കു് സാധിച്ചില്ല. അവർ തിരക്കുപിടിച്ച മദിരാശി പ്ലാററുഫാമിൽനിന്നു് പുറത്തുകടക്കുന്നതു്മാത്രം ഞാൻ കണ്ടു. പിന്നെ അവരെക്കുറിച്ചൊന്നും അറിയുവാൻ എനിക്കു് സാധിച്ചിട്ടില്ല. ഞങ്ങൾ ഗ്രാൻറ്ട്രങ്കിൽ സ്ഥലം പിടിക്കുവാനായി മറെറാരു നമ്പർ പ്ലാററുഫോമിലേക്കു് നടന്നു.

അദ്ധ്യായം 3.

# ഗ്രാൻറ് ട്രങ്ക് എക്സ്പ്രസ്സ്.

അന്ന്—1956 നവമ്പർ 22—പന്ത്രണ്ടു മണിയോടുകൂടി ഗ്രാൻറ്ട്രങ്കിൻെറ യാത്ര ആരംഭിച്ചു. ശീഘ്രതയിലുള്ള ഒരു ഗമനമായിരുന്നു അതു്. അത്രയും വേഗതയിൽ മറേറതെങ്കിലും വണ്ടി ഇന്ത്യയിലെവിടെയെങ്കിലും ഓട്ടുന്നുണ്ടോ എന്ന കാര്യം സംശയമാണ്.

മദിരാശിയിൽനിന്നു പുറപ്പെട്ടാൽ 6 സംസ്ഥാനങ്ങളെ മുറിച്ചുകടന്നുവേണം ദൽഹിയിലെത്താൻ. കേരളത്തിൽനിന്നുള്ള ഒരു യാത്രക്കാരൻ ദൽഹിയിലേക്കു് തീവണ്ടിമാർഗ്ഗം സഞ്ചരിക്കുമ്പോൾ, പ്രധാന സ്റ്റേഷനുകളിലൊക്കെ ഇറങ്ങുകയാണെങ്കിൽ മദിരാശി, ആന്ധ്ര, ബോംബെ, മദ്ധ്യപ്രദേശ്, ഉത്തരപ്രദേശ്, രാജസ്ഥാൻ, പഞ്ചാബ് എന്നീ സ്റ്റേറവുകളിൽ കാൽകുത്തിയിട്ടുള്ളതായി അവകാശപ്പെടാം. ഇന്ത്യയിലെ 14 സ്റ്റേറവുകളിൽ 8 സ്റ്റേറവുകളേയും പിന്നിട്ടുകൊണ്ടാണ് ഒരു മലയാളി ദൽഹിയിലെത്തുന്നതു്. അതുകൊണ്ടു് കേരളത്തിൽനിന്നും ദൽഹിവരെ പോകുകയെന്നുവെച്ചാൽ, ഇന്ത്യയുടെ വലിയൊരുഭാഗം കടന്നുപോകുക എന്നുതന്നെ അതിന്നർത്ഥംകല്പിക്കാം.

മദിരാശിയിലെത്തുന്നതുവരെ അനുഭവിക്കേണ്ടതായിവന്ന വിഷമതകൾ ഗ്രാൻറ്ട്രങ്കിൽ ഞങ്ങൾക്കുണ്ടായില്ല. മദ്രാസ്—ദൽഹി കമ്പാർട്ടുമെൻറിൽ ചെറി

യൊരു മുറിയാണ് ഞങ്ങഠം തിരഞ്ഞെടുത്തിരിക്കുന്നതു്. ഞങ്ങഠം കയറുമ്പോഠം ആ മുറിയിൽ മററാരും കയറി യിരുന്നില്ല. വളരെ വേഗത്തിൽ, സമർത്ഥനായ ഒരു പോർട്ടരുടെ സഹായത്തോടെ ഞങ്ങഠം മൂന്നു് കിടക്ക കഠം വിരിച്ചു. രണ്ടെണ്ണം മുകളിലും ഒന്നു് താഴത്തും. സാമാനങ്ങളൊക്കെ താഴത്തും മുകളിലുമായി ഒതുക്കിവെ ച്ചു. കുറച്ചുകഴിഞ്ഞപ്പോഠം ആ കമ്പാർട്ട്മെൻറിൽ ജനങ്ങഠം കയറിത്തുടങ്ങി. എങ്കിലും തിരക്കുണ്ടായില്ല. ഞങ്ങളുടെ മുറിയിൽ മററാരും കടന്നുവന്നില്ല.

## ഒരു മലയാളി കുടുംബം.

കുറച്ചുകഴിഞ്ഞപ്പോഠം വളരെ സാമാനങ്ങളോടു കൂടി ഒരു യുവാവും, അദ്ദേഹത്തിൻെറ ഭാര്യയും, അ ഞ്ചെട്ടുമാസംമാത്രം പ്രായമുള്ള ഒരു കുട്ടിയുമായി ആ മുറിയിൽ കയറിവന്നു. വളരെ വിനീതമായ സ്വര ത്തിൽ സ്ഥലമുണ്ടോ എന്നദ്ദേഹം അന്വേഷിച്ചു. ഒരു സീററു് അവിടെ ഒഴിഞ്ഞുകിടപ്പുണ്ടു്. അവിടെ അ വർ കിടക്കനിവർത്തി ആ ദമ്പതികഠം അതിലിരുന്നു് മലയാളത്തിൽ സംസാരിച്ചുതുടങ്ങി. അവർ മലയാളി കളാണെന്നു് മനസ്സിലായപ്പോഠം ഞങ്ങഠംക്കു് സന്തോ ഷമുണ്ടായി. നീണ്ട ഒരു യാത്രയിൽ ഒരു മലയാളി കുടുംബത്തെത്തന്നെ തുണ ലഭിച്ചിരിക്കുകയാണ്. ഞ ങ്ങഠം പരസ്പരം പരിചയപ്പെട്ടു. അദ്ദേഹം ഒരു വൈ മാനിക ഉദ്യോഗസ്ഥനാണ്. അലഹബാദിലാണ് ഉദ്യോഗം. വളൻുകൊണ്ടിരിക്കുന്ന തൻെറ കുടുംബ

ത്തേയുംകൊണ്ടു് അദ്ദേഹം ജോലിസ്ഥലത്തേക്കു് പോവുകയാണ്. ഞങ്ങളുടെ സാന്നിദ്ധ്യം അവക്കും വളരെ സന്തോഷമായിത്തോന്നിയിരിക്കണം. കുറച്ചു സമയം കൊണ്ടു് ഒരു കുടുംബത്തെപ്പോലെ ഞങ്ങൾ പരിചിതരായി. ആ കുട്ടിയുടെ കരച്ചിൽമാററുവാൻ ഇടയ്ക്കിടെ എൻെറ പെട്ടിയിലുണ്ടായിരുന്ന 'മൌത്ത്ഓർഗൺ' പുറത്തെടുക്കേണ്ടതായിവന്നു. ആ യാത്ര വളരെ ആനന്ദപ്രദമായിരുന്നു.

ഗ്രാൻറ്ട്രങ്കിൻെറ വേഗത പൂവ്വാധികം വദ്ധിച്ചുകൊണ്ടിരുന്നു. ഉത്തരേന്ത്യയോടടുക്കുംതോറും തണുപ്പു വദ്ധിച്ചുവരുന്നുണ്ടെന്നു് ഞങ്ങൾക്കു് മനസ്സിലായി. നിരവധി ചെറുതും വലുതുമായ സ്റ്റേഷനുകളെ പിന്നിട്ടു് വണ്ടി കുതിച്ചുപായുന്നതുകണ്ടാൽ, അതെല്ലാം തൻെറ അന്തസ്സിന്നിണങ്ങാത്ത സ്റ്റേഷനുകളായതുകൊണ്ടാണോ ഗ്രാൻറ്ട്രങ്കു് അവിടെയൊന്നും നില്ക്കാത്തതെന്നു് സംശയിച്ചുപോകും. ഗൂഡൂരിലാണ് പിന്നെ വണ്ടി നിന്നതു്. മദിരാശിസംസ്ഥാനം വിട്ടു് ആന്ധ്രയിലൂടെയായി വണ്ടിയുടെ യാത്ര.

പെണ്ണാർനദി കടന്നുകൊണ്ടാണ് വണ്ടിയിപ്പോൾ ഓടുന്നതു്. സമൃദ്ധിയായി വളൎന്നുനില്ക്കുന്ന പുകയില ത്തോട്ടങ്ങൾ എങ്ങും കാണാം. നമ്മുടെ നാട്ടിൽ ചില കാവുകളോടനുബന്ധിച്ച സ്ഥലങ്ങളിൽ തീവാഴ എന്നൊരു സസ്യം അപൂൎവ്വമായി വളൎന്നുനില്ക്കുന്നതു കണ്ടിട്ടില്ലേ? ഏതാണ്ടു് അതുപോലെയാണ് പച്ചയായ

പുകയിലച്ചെടികൾ കണ്ടാൽ. മൂത്തു് ഉണങ്ങാറായ പുകയില ആകാശത്തിന്നുനേരെ കൈകൂപ്പിനില്ക്കുന്നതു പോലെ തോന്നും.

ആദായവും, അദ്ധ്വാനവും ഏറിയതാണ് പുകയിലകൃഷി. ഒരു പെറിയ തുണ്ടം പുകയിലയ്ക്കു് നാം കൊടുക്കേണ്ടതായിവരുന്ന വർദ്ധിച്ച വിലയാലോചിച്ചാൽ ഈ കൃഷിയുടെ സാമ്പത്തികവശത്തെക്കുറിച്ച് നമുക്കൂഹിക്കാം. കേരളക്കരയിൽ കുരുമുളകിന്നുള്ള സ്ഥാനമാണ് ആന്ധ്രയിൽ പുകയിലക്കുള്ളതെന്നു് തോന്നുന്നു.

പുകയില മാത്രമല്ല ആന്ധ്'റയിലെ കൃഷി. നെല്ലും സമൃദ്ധിയായി വളരുന്നുണ്ടു്. ആന്ധ്'റയിൽ ഏററവുമധികം നെല്ലുവിളയുന്ന സ്ഥലം നെല്ലൂരാണ്. വണ്ടി നില്ക്കുന്ന ഒരു പ്രധാന സ്റ്റേഷനാണ് നെല്ലൂർ. കലച്ചു തുണ്ടിക്കിടക്കുന്ന നെൽവയലുകൾ ഇരുവശത്തുംകാണാം. കൊയ്ത്തുകഴിഞ്ഞ വയലിൽത്തന്നെയാണ് വൈക്കോൽ കൂമ്പാരങ്ങൾ കൂട്ടിയിരിക്കുന്നതു്. വണ്ടിയിലിരിക്കുന്ന വക്കു് കൊയ്ത്തുകഴിഞ്ഞതും, കഴിയാത്തതുമായ വയലുകൾ തിരിച്ചറിയുവാൻ ഇതു് സഹായിക്കുന്നു.

സുലഭമായ ജലസേചനമാർഗ്ഗങ്ങൾ ഇവിടെയുണ്ടു്. പ്രകൃതി അനുഗ്രഹിച്ച നദികളിൽനിന്നു് മനുഷ്യനിർമ്മിതമായ തോടുകളും നീർച്ചാലുകളും കൃഷിവയലുകളെ പച്ചപിടിപ്പിക്കുവാൻ പര്യാപ്തമായവിധത്തിൽ വ്യാപിച്ചു കിടക്കുന്നതു് കാണാമായിരുന്നു. കമ്പം ചോളം എന്നി

വയും സമൃദ്ധിയായി വളൎന്നുനില്ക്കുന്നുണ്ടു്. ഭക്ഷണപ്രശ്നത്തെ ഈ നാട്ടു് എളുപ്പം അഭിമുഖീകരിക്കേണ്ടിവരുമെന്നു് തോന്നുന്നില്ല. വളരെ അധികം കന്നുകാലികളും ഇവിടെ വളരുന്നുണ്ടു്. കൂട്ടംകൂട്ടമായി മേഞ്ഞുകൊണ്ടിരിക്കുന്ന കാലിപ്പറ്റങ്ങൾ ഇടയ്ക്കിടെ കാണാം. ഒരുതരം ചെറിയ മാവുകളും ഇവിടെ ധാരാളമുണ്ടു്.

ആകാശത്തിൽ മുട്ടിനില്ക്കുകയാണോ എന്നു് തോന്നുന്ന വിധത്തിലുള്ള വലിയ കരിംപാറക്കൂട്ടങ്ങളും ഇവിടെ കാണാം. രാത്രിയായതോടെ വണ്ടിയുടെ വേഗത വൎദ്ധിച്ചു. വിജയവാഡ സ്റ്റേഷനിൽ വണ്ടി നിന്നു. രാത്രിയായതുകൊണ്ടു് ഞങ്ങൾ ഇറങ്ങിയില്ല. ഭക്ഷണത്തിന്നു് ഞങ്ങൾ ഓർഡർകൊടുത്തിരുന്നു. ആ മുറിയിലിരുന്നു് ഞങ്ങൾ ഭക്ഷണംകഴിച്ചു. വിഭവസമൃദ്ധമായ ആ ഭക്ഷണം കഴിക്കുമ്പോൾ ഞങ്ങളുടെ മുറിയിലുള്ള ആ ഉദ്യോഗസ്ഥൻ ഞങ്ങൾക്കു് മുന്നറിവു് തന്നു.

'ഇനി നമുക്കു് അരിഭക്ഷണം കിട്ടാൻ പ്രയാസമായിരിക്കും.'

എനിക്കല്പം പരിഭ്രമം തോന്നാതിരുന്നില്ല. വടക്കെ ഇന്ത്യയിലെ ഭക്ഷണസമ്പ്രദായത്തെക്കുറിച്ചു് അദ്ദേഹം വിവരിച്ചുതന്നു. ആ തണുത്ത കാലാവസ്ഥയിൽ അരിഭക്ഷണം ഇണങ്ങിച്ചേരുകയില്ല. അവിട്ടത്തെ കാലാവസ്ഥയ്ക്കിണങ്ങിയതു് ഗോതമ്പമാണെന്നും അതുകൊണ്ടു് ധാരാളമായി ചപ്പാത്തി കഴിക്കേണമെന്നും അദ്ദേഹം ഉപദേശിച്ചു.

4280
KOTTAYAM PUBLIC LIBRARY KOTTAYAM



അന്നത്തെ ഭക്ഷണം സുഖമായിരുന്നു. ചോറിനോടൊപ്പം രണ്ടു് ചപ്പാത്തിയും വെച്ചിരുന്നു. പക്ഷെ അപ്പോൾ ഞാനതു് കഴിക്കുകയുണ്ടായില്ല. ഉച്ചക്കു് മദിരാശിയിൽനിന്നും ഊണുകഴിക്കുവാൻ സാധിച്ചിരുന്നില്ല. നല്ല വിശപ്പുണ്ടായിരുന്നു. ആ വണ്ടിയിലുണ്ടായിരുന്നവരിൽ അധികംപേരും വിജയവാഡയിൽ വെച്ചുതന്നെ ഭക്ഷണം കഴിച്ചുകാണും.

85848

വണ്ടി വളരെ വേഗതയെടുത്തുകൊണ്ടു് വീണ്ടും ഓട്ടംതുടങ്ങി. തണുപ്പു വർദ്ധിക്കുന്നതായി തോന്നി. കുറെ കഴിഞ്ഞപ്പോൾ ഞങ്ങളുടെ സഹയാത്രികൻ വീണ്ടും പറഞ്ഞു.

DISTRIBUTING LIBRARY No.................. KOTTAYAM.

'വണ്ടി കൃഷ്ണാനദി കടക്കുവാൻ പോകയാണു്.'

ഞങ്ങൾ പുറത്തേക്കു് നോക്കിയിരുന്നു. നല്ല ഇരുട്ടുണ്ടായിരുന്നു. എങ്കിലും വെള്ളത്തിന്റെ തിളക്കം ഞങ്ങൾക്കനുഭവപ്പെട്ടു. പാലത്തിന്റെ മുകളിലൂടെയാണു് വണ്ടി ഓടിക്കൊണ്ടിരുന്നതു്. കൃഷ്ണാനദി കടന്നപ്പോൾ വണ്ടി ശീഘ്രഗമനംതുടങ്ങി. ഇരുഭാഗത്തുമുള്ള വീടുകളിൽ ജ്വലിച്ചുകൊണ്ടിരുന്ന വിളക്കുകൾ അപ്രത്യക്ഷങ്ങളാകുന്ന വേഗതയിൽനിന്നാണു് ആ വണ്ടിയുടെ വേഗതയെക്കുറിച്ചു് ഞാൻ മനസ്സിലാക്കിയിരുന്നതു്.

താഴത്തും മുകളിലുമായി മൂന്നു സീററുകളിൽ ഞങ്ങൾ കിടക്ക വിരിച്ചിരുന്നു. അവക്കു് മൂന്നു് പേർക്കു്

കൂടി ഒരു സീററ ഉള്ളു. ഞങ്ങൾ പെട്ടികളൊക്കെ നിരത്തിവെച്ച് ഒരു പുതിയ സീററുണ്ടാക്കി. അങ്ങിനെ ആ സഹയാത്രികക്കുവേണ്ടി ഞങ്ങളൊരു സീററ് ഒഴിഞ്ഞുകൊടുത്തു. ഞങ്ങളെ അസൌകര്യപ്പെടുത്തുന്നത് അവക്കിഷ്ടമായിരുന്നില്ല. എങ്കിലും ഞങ്ങളുടെ സ്നേഹപൂർവ്വമുള്ള അഭ്യർത്ഥന അവർ സ്വീകരിച്ചു. അന്ന് രാത്രി ഞങ്ങൾ സുഖമായുറങ്ങി.

## നവംബർ 23

ഒരു തണുത്തുമരവിപ്പിക്കുന്ന കാററ് എന്നെ വിളിച്ചുണർത്തി. ഇപ്പോൾ ബോംബെ സംസ്ഥാനത്തിലൂടെയാണ് വണ്ടി ഓടിക്കൊണ്ടിരിക്കുന്നത്. രാവിലെ വണ്ടി വാർദ്ധയിലെത്തുമെന്ന് എനിക്കറിയാമായിരുന്നു.

വാർദ്ധയിലെത്തുവാൻ എൻെറ ഹൃദയം തിടുക്കപ്പെട്ടു. വാർദ്ധയൊന്ന് കാണുകയും, അവിടുത്തെ വായുവല്പം ശ്വസിക്കുകയും വേണം. നമ്മുടെ പ്രിയപ്പെട്ട രാഷ്ട്രപിതാവിൻെറ ജീവിതവുമായി വളരെയേറെ ബന്ധപ്പെട്ടതാണ് ആ പ്രദേശം. വാർദ്ധയിലെ അർദ്ധനഗ്നനായ ഫക്കീർ എന്ന പേരിലും ഗാന്ധിജി അറിയപ്പെട്ടിരുന്നുവല്ലോ., ഇന്ന് ഗാന്ധിയൻ ആദർശങ്ങൾ അവിടെ വളൎന്നു പ്രചരിച്ചുകൊണ്ടിരിക്കുകയാണ്. മഹാത്മജിയുടെ ത്യാഗോജ്ജ്വലമായ ജീവിതത്തെക്കുറിച്ചും ഞാനാലോചിച്ചുകൊണ്ടിരുന്നു. ഗാന്ധിജി ജീവിച്ചിരുന്നില്ലായിരുന്നുവെങ്കിൽ ഇന്ത്യയിന്നും സ്വതന്ത്രയാകുമായിരുന്നുവോ?

# വാർദ്ധ.

വാർദ്ധ അടുത്തടുത്തുവരികയാണ്. 'വാർദ്ധാമോഡ്' ലിലുള്ള കൊച്ചു വീടുകളും, മററുപുരകളും കണ്ടുതുടങ്ങി. ഗാന്ധിജിയെക്കുറിച്ചുള്ള ചിന്ത പൂർവ്വാധികമായി ഹൃദയത്തിലുയർന്നുപൊങ്ങി. ഗാന്ധിജിയുടെ മഹത്തായ വിപ്ലവം സാധിച്ചു. ശാന്തിയുടെ സന്ദേശം അദ്ദേഹം ലോകത്തിലെവിടേയും എത്തിച്ചു. സമാധാനമാർഗ്ഗത്തിലൂടെ അദ്ദേഹം സ്വാതന്ത്ര്യംനേടി. സർവ്വമതസഹിഷ്ണുത അദ്ദേഹത്തെ ലോകാരാദ്ധ്യനാക്കി. ഗാന്ധിയൻ ആദർശങ്ങൾ ലോകത്തിലുടനീളം ഇന്നു് വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. എൻെറ ചിന്ത കേരളത്തിലേക്കൊന്നു് പാറന്നുപോയി. ത്യാഗോജ്ജ്വലമായ ഒരു ജീവിതത്തിൻെറ അന്ത്യംകുറിക്കുന്ന വാർഷികമാണിന്നു്. പരേതനായ ജനാബ് അബ്ദുറഹിമാൻ സാഹേബിൻെറ ആദർശോജ്ജ്വലമായ ജീവിതത്തെക്കുറിച്ചു് ഞാനോർത്തുപോയി. ആ മഹാനായ നേതാവിൻെറ ചരമവാർഷികദിനത്തിൽ രാഷ്ട്രപിതാവിൻെറ ജിവിതത്തിൽ വലിയൊരുഭാഗം ചെലവഴിച്ച വാർദ്ധയിൽ എത്തുവാൻ സാധിച്ചതു് ഒരു മഹാഭാഗ്യമാണെന്നു് എനിക്കു് തോന്നി. 10 മണിക്കാണ് വണ്ടി വാർദ്ധയിലെത്തിയതു്. സ്തബ്ധചിത്തനായി ഞാൻ പിടഞ്ഞെഴുന്നേററു. വാർദ്ധയുടെ മണ്ണിൽ ചവിട്ടുവാനുള്ള വെമ്പലോടെ ഞാൻ പുറത്തുവന്നു.

ഇപ്പോഠം മലയാളക്കരയിൽനിന്നും വളരെ അകലെ തമിഴും തെലുങ്കും സംസാരിക്കുന്ന പ്രദേശങ്ങളെ പിന്നിട്ട് ഹിന്ദുസ്ഥാനി സംസാരിക്കുന്ന നാട്ടിൽ ഞങ്ങളെത്തിച്ചേൎന്നിരിക്കുന്നു.

'ഏയ് ഡൂദ്—ഏയ് ഗരംചായ്' എന്നിങ്ങനെയുള്ള ശബ്ദം സ്റ്റേഷനിൽ മുഴങ്ങുന്നുണ്ട്. ഞാൻ ആ സ്റ്റേഷൻ ആകെയൊന്ന് നോക്കി. വളരെ നീളമുള്ള ഒരു സ്റ്റേഷനാണ് വാൎദ്ധ. ആ സ്റ്റേഷൻെറ നീളത്തിനനുയോജ്യമായ വീതി അതിനില്ലെന്ന് എനിക്ക് തോന്നി. വാൎദ്ധയിൽനിന്ന് ഞങ്ങഠം ഓരോ ഗ്ലാസ് പാൽ വാങ്ങിക്കഴിച്ചു. ലളിതമായ ജീവിതത്തിൻെറ പ്രതീകമെന്നോണം പണച്ചെലവ് ചുരുങ്ങിയ മൺപാത്രങ്ങളിലാണ് ഞങ്ങഠംക്ക് പാൽ തന്നതു്. ആദ്യം ഞാൻ കരുതിയതു് വളരെ വേഗത്തിൽ പാൽ കുടിച്ച് പാത്രം തിരികെ നല്കേണമെന്നായിരുന്നു. പക്ഷെ ആ 'ഡൂദ് വാല' പാത്രം തിരിച്ചുനല്കേണ്ട ആവശ്യമില്ലെന്ന് എന്നെ മനസ്സിലാക്കി. പലരും പാൽ കുടിച്ചശേഷം പാത്രം വലിച്ചെറിയുന്നതാണ് ഞാൻ കണ്ടതു്.

വണ്ടി വീണ്ടും യാത്രയാരംഭിച്ചു. ഇരുഭാഗത്തും വലുതും ചെറുതുമായ കെട്ടിടങ്ങളും കൃഷിനിലങ്ങളും കാണാമായിരുന്നു. ഉത്തരേന്ത്യയുടെ പ്രതീതി ജനിച്ചുകഴിഞ്ഞിരിക്കുന്നു. കേരളക്കരയിലേതുപോലെ പരന്നുകിടക്കുന്ന ഗ്രാമങ്ങളല്ല ഇവിടെ കാണുന്നതു്. ഒരു ദിക്കിൽ ഒന്നിച്ചു കുറെ വീടുകഠം. പിന്നെ വളരെ സ്ഥ

ലം ഒഴിഞ്ഞുകിടക്കുകയാണ്. പുൽമൈതാനങ്ങളൊ കൃഷിനിലങ്ങളൊ ആണവ. ഇടയ്ക്കിടെ കാലികൾ മേഞ്ഞുനടക്കുന്നതു് കാണാം. പിന്നെ വീണ്ടും ജനവാസമുള്ള കുറെ വീടുകൾ. ഉത്തരേന്ത്യൻ ഗ്രാമങ്ങളുടെ സ്ഥിതിയാണതു്.

## നാഗപ്പൂർ.

മഞ്ഞനിറത്തിൽ പഴുത്തുതൂങ്ങി നിറഞ്ഞുനില്ക്കുന്ന മധുരനാരങ്ങച്ചെടികൾ നിറഞ്ഞു് കണ്ടുതുടങ്ങി. വണ്ടി നാഗപ്പൂർ അടുക്കുകയാണ്. മധുരനാരങ്ങക്കു് പ്രസിദ്ധിയാർജ്ജിച്ച സ്ഥലമാണ് നാഗപ്പൂർ. മധുരനാരങ്ങ അവിടെ വളരെ സഹായമാണ്. രണ്ടു്രണ്ടര രൂപ കൊടുത്താൽ ഒന്നാംതരം മധുരനാരങ്ങ നൂറെണ്ണം ലഭിക്കും. ഏററവും നല്ലയിനത്തിൽപെട്ട മധുരനാരങ്ങകളാണ് ഇവിടെ ലഭിക്കുന്നതു്.

ഒരുമണിക്കാണ് വണ്ടി നാഗപ്പൂരിലെത്തിയതു്. നല്ല വിശപ്പുണ്ടായിരുന്നു. ഞങ്ങളവിടെ ഇറങ്ങി. റയിൽവേസ്റ്റേഷനിൽത്തന്നെ നല്ലൊരു ഹോട്ടലുണ്ടു്. ഒന്നാംതരം ചോറും അവിടെ ലഭിക്കുമായിരുന്നു. ഞങ്ങൾ അവിടെനിന്നു് ഊണു് കഴിച്ചു.

നാഗപ്പൂർ പ്രതീക്ഷിച്ചത്ര മനോഹരമായി തോന്നിയില്ല. ഞങ്ങളുടെ സഹയാത്രികനായ ആ ഉദ്യോഗസ്ഥൻ പറഞ്ഞുതന്നു.

“സ്റ്റേഷനും പരിസരവും അത്ര വൃത്തിയുള്ള സ്ഥലമൊന്നുമല്ല. പരിഷ്കാരവും കുറെ കുറവാണ്. പക്ഷെ

ഇതുകൊണ്ടു് നാഗപ്പൂരിനെ സംബന്ധിച്ചു് ഒരു വിധി എഴുതിക്കൂടാ. നാഗപ്പൂർ നല്ല വൃത്തിയും തിരക്കമുള്ള സ്ഥലമാണ്. റയിൽവേസ്റ്റേഷനിൽനിന്നും കുറച്ചകലെയാണതു്."

## തുരങ്കങ്ങൾ.

വണ്ടി നാഗപ്പൂർ വിട്ടു. നല്ല വേഗതയിലാണ് യാത്ര. കനത്ത മതിലുകൾപോലെ മേഘത്തെ മുട്ടിയുരുമ്മിക്കൊണ്ടു് വിന്ധ്യാപർവ്വതം ഉയൎന്നുനില്ക്കുന്നതു് കാണാമായിരുന്നു. ആ പർവ്വതനിരയുടെ അവശിഷ്ടങ്ങൾ എങ്ങും പരന്നുകിടക്കുന്നുണ്ടു്. നിരവധി തുരങ്കങ്ങൾ കടന്നിട്ടാണ് ഈ മാൎഗ്ഗത്തിൽ വണ്ടിയുടെ യാത്ര. കട്ടിയുള്ള പർവ്വതം തുളച്ചുണ്ടാക്കിയിട്ടുള്ള ഗുഹാമാൎഗ്ഗങ്ങളാണ് ഈ തുരങ്കങ്ങൾ. ഈ മാൎഗ്ഗത്തിൽ വലുതും ചെറുതുമായ തുരങ്കങ്ങൾ നിരവധിയുണ്ടു്. തുരങ്കം കടക്കുമ്പോൾ കനത്ത കൂരിരുൾ വ്യാപിച്ചിരുന്നു. ചിലപ്പോൾ 2മിനിട്ടു് സമയം ഈ ഇരുട്ടു് നീണ്ടുനില്ക്കുന്നുണ്ടു്. ഇരുട്ടിൻെറ ദൈർഘ്യം നോക്കിയാണ് തുരങ്കത്തിൻെറ വലുപ്പം ഞാൻ മനസ്സിലാക്കിയിരുന്നതു്.

## കനത്ത കാടുകൾ.

മദ്ധ്യപ്രദേശിൽ കടന്നതോടെ കനത്ത കാടുകൾ ഇടയ്ക്കിടെ കാണുവാൻ തുടങ്ങി. ഇടതൂൎന്ന കാടുകളാണ് അധികവും. വന്യമൃഗങ്ങളുടെ സങ്കേതങ്ങൾ.

കനത്ത കാട്ടിലൂടെയുള്ള ആ യാത്ര ഭയം ജനിപ്പിക്കുന്നതായിരുന്നു. ഇരുളടഞ്ഞ ആ വൻകാടുകൾ കാഴ്ച

യിലും ഭയങ്കരങ്ങളാണ്. ഞാൻ പുറത്തേക്കു് നോക്കിയിരിക്കുകയാണ്. . ഒരു ചെന്നായ ഓടിപ്പോകുന്നതു് ഞാൻ കണ്ടു. ഇനിയും കാട്ടുമൃഗങ്ങളെ കണ്ടേയ്ക്കാമെന്ന പ്രതീക്ഷയാൽ ഞങ്ങൾ പുറത്തേക്കു് നോക്കിയിരുന്നു. അതു് വെറുതെയായില്ല. ഒരു സിംഹം നടന്നുവരുന്നു. ഒരു കോരിത്തരിപ്പുണ്ടായി. അതു ഒരു കുന്നിൻെറ മുകളിൽ തലയുയർത്തിപ്പിടിച്ചു് യാതൊരു സങ്കോചവുമില്ലാതെ, ഗൌരവഭാവത്തിൽ നില്ക്കുകയാണ്. തീവണ്ടി ചീറിപ്പായുന്നതു് ആ മൃഗരാജൻ ഗൌനിക്കുന്നേയില്ല. ഒരുപക്ഷെ, വണ്ടി അതിന്നൊരു സാധാരണ സംഭവം മാത്രമായിക്കഴിഞ്ഞിട്ടുള്ളതുകൊണ്ടായിരിക്കാം. അപ്പോൾ വണ്ടിയുടെ വേഗത എത്രയാണെന്നു് എനിക്കൂഹിക്കുവാൻതന്നെ സാധിച്ചിരുന്നില്ല. പെട്ടന്നു് ആ കാടിൻെറ സമീപത്തായി വണ്ടി നിന്നു.

അവിടെ യാതൊരു സ്റ്റേഷനുമുണ്ടായിരുന്നില്ല. വന്യമൃഗങ്ങളധിവസിക്കുന്ന ഘോരാരണ്യമാണ്ചുറവും. അവിടെ ഒരു 'സിഗ്നൽസ്റ്റേഷൻ' ഉണ്ടത്രെ! സിഗ്നൽ ലഭിച്ചില്ല. അതുകൊണ്ടാണ് വണ്ടി നിന്നതു്. റയിൽവേ ഉദ്യോഗസ്ഥന്മാർ വണ്ടിയിൽനിന്നിറങ്ങിപ്പോകുന്നതും, ഉടനെ തിരിച്ചുവരുന്നതും കണ്ടു. അപ്പോഴേക്കും സിഗ്നൽ ലഭിച്ചു. കൂടുതൽ വേഗത്തിൽ വണ്ടി ഓട്ടംതുടങ്ങി.

കനത്ത കാട്ടു് കുറഞ്ഞുകുറഞ്ഞുവന്നു. വൻമരങ്ങൾ പെറിയ സസ്യങ്ങളായി മാറി. ചെറിയ സസ്യങ്ങ


ളും വിജനതയിൽ ലയിച്ചുകൊണ്ടിരിക്കുകയാണ്. വണ്ടി ബോപ്പാലിൽ പ്രവേശിച്ചു. ബോപ്പാലിലെ വിജനമായ മരുഭൂമികളിലൂടെ വളരെ സമയം വണ്ടി ഓടി. ഇടയ്ക്കിടെ അപൂർവ്വമായേ മനുഷ്യരധിവസിക്കുന്ന ഗ്രാമങ്ങൾ കാണുവാൻ സാധിച്ചുള്ളു.

സമയം രാത്രിയായി. രാത്രി ഇററാർസിയിൽ നിന്നാണ് ഞങ്ങൾ ഭക്ഷണം കഴിച്ചതു്. ഇപ്പോൾ ഭക്ഷണം തീരെ മാറിയിരിക്കുന്നു. ചപ്പാത്തിയായിട്ടുണ്ടു്.

## ഝാൻസി.

അല്പം ക്ഷീണംതോന്നി. സുഖമായി കിടന്നുറങ്ങി. രാത്രി ഏതൊക്കെ സ്റ്റേഷൻ കടന്നുപോയെന്നറിഞ്ഞുകൂടാ. തണുപ്പ് വളരെയേറെ വദ്ധിച്ചിരിക്കുന്നു. സഹിച്ചുകൂടാ. കംബ്ലിവസ്ത്രങ്ങൾ കുറെയൊക്കെ ധരിച്ചു. രാത്രി സുഖമായി ഉറങ്ങി. പെട്ടന്നു് ഞാൻ ഞെട്ടിയുണന്നു. എനിക്കു് കൂടുതൽ ഉന്മേഷം തോന്നി. വണ്ടി നില്ക്കുകയാണ്. ഝാൻസിയാണ് സ്റ്റേഷൻ. മദിരാശിമുതൽ ഞങ്ങളോടൊപ്പമുണ്ടായിരുന്ന സഹയാത്രികർ അവിടെ ഇറങ്ങുകയാണ്. ഞങ്ങളെല്ലാവരും കൂടുതൽ ഉന്മേഷഭരിതരായിരുന്നു. പരാക്രമശാലിനിയായ ഭാരതത്തിൻെറ ആ വീരാംഗന ഝാൻസിറാണിയുടെ ശൗര്യപരാക്രമങ്ങളുടെ സ്മരണയാവാം ഞങ്ങൾക്കു് കൂടുതൽ ഉന്മേഷം നല്കിയതു്.


പുലന്നിട്ടില്ലെങ്കിലും വലിയ തിരക്കു് ആ സ്റ്റേഷനിലുണ്ടായിരുന്നു. ഞങ്ങളുടെ സഹയാത്രികർ ആ സ്റ്റേ



ലേഖകനും സുഹൃത്തുക്കളും:—

ഇരിക്കുന്നതിൽ ആദ്യത്തേതു് ലേഖകൻ

നില്ക്കുന്നവർ:— (ഇടത്തുനിന്നു്) 1. ശ്രീ. വീരേന്ദ്രകുമാർ സിംഗ് (B. S S. സോണൽ ഓർഗനൈസർ) 2. ചക്രധാരി അഗർവാൾ (ഓർഗനൈസിങ്ങ് സിക്രട്ടറി B. S. S.)



താജ്മഹൽ

ഷനിലിറങ്ങി. വളരെ വേദനയോടുകൂടിയാണ് ഞങ്ങൾ യാത്രപറഞ്ഞു പിരിഞ്ഞതു്. ഞങ്ങൾ ഓരോ ഗ്ലാസ്സ് പാൽ വാങ്ങിക്കുടിച്ചു.

## നവംബർ 24

വണ്ടിയിളകി; ഞങ്ങൾ ഝാൻസി വിടുകയാണ്. എന്തൊരുന്മേഷമാണപ്പോൾ അനുഭവപ്പെട്ടതു്. സ്വാതന്ത്ര്യത്തിനുവേണ്ടി സമരംചെയ്ത ആ വീരവനിത ഉറയൂരിയ വാളുമായി കുതിരപ്പുറത്തിരിക്കുന്ന ശൌര്യമുള്ളൊരു രൂപം എന്റെ കൺമുന്നിൽ തങ്ങിനിന്നു.

## താജ്മഹൽ.

അടുത്ത സ്റ്റേഷൻ ആഗ്രയാണ്. എനിക്ക് രോമാഞ്ചമുണ്ടായി. ആ ബാല്യകാലസ്മരണകൾ എന്നെ തട്ടിയുണർത്തി. മുഗിലകാലഘട്ടത്തിന്റെ ജീവചൈതന്യമായിരുന്ന ഷാജഹാന്റേയും, മംതസ്ബേഗത്തിന്റേയും സ്മരണ എന്റെ ചിന്തയിലുണർന്നു. ആ രണ്ടാത്മാക്കളും അനശ്വരതയിൽ ലയിച്ച് ഇന്നും ശാശ്വതരൂപംകൊണ്ടിരിക്കുകയാണ്. അതിന്റെ പ്രതീകമത്രെ താജ്മഹൽ!

താജ്മഹൽ ഒരു നോക്കുകാണുവാൻ എന്റെ ഹൃദയം പിടച്ചുകൊണ്ടിരുന്നു. ഷാജഹാൻ ചക്രവത്തിയും മംതസ്സുൽത്താനയും അന്ത്യവിശ്രമംകൊള്ളുന്ന ആ പാവനഹർമ്മ്യമൊന്നു് കാണുവാൻ എനിക്കു് തിടുക്കമെ

ണ്ടായി. പ്രഭാതം ആഗ്രയെ മാടിവിളിക്കുകയാണ്. വണ്ടിയുടെ വേഗതയ്ക്കും കുറവില്ല. വണ്ടി ആഗ്രയിലെത്തുവാൻ ഇനി അധികം സമയമില്ല. യമുനാനദിയുടെ പ്രതികരണങ്ങൾ കണ്ടുതുടങ്ങി. ഹൃദയത്തിൻെറ മിടിപ്പുകൾക്ക് ശക്തികൂടി, വണ്ടി ആഗ്രയിൽ നിന്നു.

താജ് കാണുവാനും, ദൽഹിയിലെത്തുവാനുമുള്ള തിടുക്കം പതിന്മടങ്ങായി വൎദ്ധിച്ചു. വണ്ടിയിളകി ഓട്ടം തുടങ്ങി. യമുനാനദിയുടെ തീരത്തേക്ക് ഞങ്ങൾ നോക്കിയിരുന്നു. ഒരു നിഴൽപോലെ വെണ്ണക്കല്ലുകൊണ്ടുള്ള ആ മനോഹരഹൎമ്മ്യം കാണായി! നിശ്ചേഷ്ടദൃഷ്ടികളോടെ ഞങ്ങൾ നോക്കിയിരുന്നു. അപ്പോഴും ചിന്തയിൽ തങ്ങിനില്ക്കുന്ന ഒരു സ്മരണമാത്രമായി അവശേഷിച്ചുകൊണ്ടു് താജ് ഞങ്ങളിൽനിന്നും അകന്നുപോയി.

## മധുര.

ഉത്തരപ്രദേശിലൂടെയാണ് വണ്ടിയിപ്പോൾ യാത്രചെയ്യുന്നതു്. മുഗിലകാലഘട്ടം ഭാരതത്തിനു് സംഭാവനചെയ്ത കലാബോധത്തിൻെറ പ്രതീകങ്ങൾ നാശമടയാത്ത അവശിഷ്ടങ്ങളിലൂടെ എങ്ങും നിഴൽവീശിയതായി കാണാമായിരുന്നു.

മധുരാസ്റ്റേഷനിൽ വണ്ടി നില്ക്കും. പ്രസിദ്ധ ശ്രീകൃഷ്ണൻെറ വൃന്ദാവനവും മററും അവിടെയാണ്. ധാരാളം സന്ദൎശകരേയും ഭക്തജനങ്ങളേയും ആകൎഷിച്ചുകൊണ്ടിരിക്കുന്ന ഒരു പുരാതനഹൈന്ദവപുണ്യസ്ഥലമാണതു്. വൃന്ദാവനവും ഒരു ക്ഷേത്രവുമുണ്ടവിടെ. ശ്രീകൃഷ്ണൻ

ഗോപികമാരുമായി വിനോദിച്ചിരുന്ന സ്ഥലവും അവിടെയുണ്ടു്. വണ്ടി മധുരസ്റ്റേഷനിൽ നിന്നു. അപ്പോഠം ധാരാളം ഭക്തജനങ്ങഠം അവിടെ ഇറങ്ങുകയുണ്ടായി.

വണ്ടി പഞ്ചാബിലേക്കു് കടന്നു. മനോജ്ഞമായ വെൺമാടങ്ങഠം നിരയായി നില്ക്കുന്നതു് കണ്ടുതുടങ്ങി. വണ്ടി തലസ്ഥാനനഗരിയിലേക്കു് ചീറി അടുക്കുകയാണു്. ഞങ്ങഠം ഇറങ്ങുവാൻ തയ്യാറായി. നയാദില്ലിസ്റ്റേഷനും പ്രതീക്ഷിച്ചു് വണ്ടിയുടെ വാതിലിന്നുമുന്നിൽ ഞങ്ങഠം നിരന്നുനില്പായി.

ഒരു പഴയ ലോകത്തിൽനിന്നു് പുതിയൊരു ലോകത്തിലേക്കു് പ്രവേശിച്ചതുപോലെ, മദിരാശിയിൽ നിന്നാരംഭിച്ച നിരന്തരവും അവിശ്രമവുമായ കുതിച്ചുപാച്ചലിന്നുശേഷം, ഗ്രാൻറ് ട്രങ്ക് എക്സ്പ്രസ്സ് ന്യൂദൽഹിയിലെ, തലസ്ഥാനനഗരിക്കനുയോജ്യമായ ആ മനോഹര സ്റ്റേഷനിൽ, പ്ലാററുഫോമിനോടു് പററിച്ചേന്നു നിന്നു.

ഞങ്ങളെ സ്വീകരിക്കുന്നതിനായി കുറെ വളണ്ടിയർമാർ അവിടെ കാത്തുനില്പുണ്ടായിരുന്നു. അവരുടെ സഹായത്തോടെ സാമാനങ്ങളൊക്കെ ഇറക്കിയശേഷം ഞങ്ങഠം വണ്ടിവിട്ടിറങ്ങി. അതോടെ ഗ്രാൻറ്ട്രങ്കിലെ യാത്രയും അവസാനിച്ചു. മൂന്നു് ദിവസമായി താമസിച്ചുവന്ന ആ വീടിനോടു് ഹൃദയവേദനയോടെ ഞങ്ങഠം യാത്ര പറഞ്ഞു. അപ്പോഠം സമയം 9 മണി ആയിരുന്നു.

അദ്ധ്യായം 4.

# തലസ്ഥാന നഗരിയിൽ

ഞങ്ങളിപ്പോൾ ഇന്ത്യയുടെ തലസ്ഥാനനഗരിയിൽ എത്തിയിരിക്കുന്നു. ഇന്ത്യയുടെ തലസ്ഥാനനഗരിക്കിണങ്ങിയതാണു് ആ സ്റ്റേഷൻ. ആധുനികപരിഷ്കാരത്തിന്നിണങ്ങിയമട്ടിൽത്തന്നെയാണു് അതു് പണികഴിച്ചിരിക്കുന്നതു്. ഇനിയും അതു് വലുതാക്കിക്കൊണ്ടിരിക്കുകയാണു്. ആ സ്റ്റേഷൻ ആകെയൊന്നു് നടന്നു് കാണാതിരിക്കുവാൻ ഞങ്ങൾക്കു് സാധിച്ചില്ല. ചില മിനുട്ടുകൾകൊണ്ടു് ആ സ്റ്റേഷൻ ആകെയൊന്നു് ഞങ്ങൾ കാണുകയുണ്ടായി. പിന്നീടു് വളരെ പ്രാവശ്യം ഞങ്ങൾ അവിടെ സന്ദർശിക്കുകയും, വളരെ സമയം സ്റ്റേഷനിൽ ചെലവഴിക്കുകയും ചെയ്തിട്ടുണ്ടു്.

## ന്യൂദൽഹിസ്റ്റേഷൻ.

മനോഹരമായ ആ പരിഷ്കരിച്ച സ്റ്റേഷനോടു് കിടപിടിക്കുവാൻ, ഇന്ത്യയിലെ മറേറതെങ്കിലും സ്റ്റേഷനുകൾക്കു് സാധിക്കുമെന്നു് തോന്നുന്നില്ല! ലോകത്തിലെത്തന്നേയും ഒരുയന്ന സ്ഥാനംനേടുവാൻ നമ്മുടെ തലസ്ഥാനനഗരിയിലെ സ്റ്റേഷന്നുകഴിയും.

സ്റ്റേഷനിൽ ഇറങ്ങിനടക്കുമ്പോൾ സൂക്ഷിച്ചില്ലെങ്കിൽ വീണുപോവാനെളുപ്പമാണു്. അത്രമിനുസമുണ്ടു്

ആ നിലത്തിന്നു്. താഴോട്ടുനോക്കിയാൽ ശരിക്കും നമ്മുടെ മുഖത്തിൻെറ പ്രതിബിംബം അവിടെ നിഴലിച്ചു കാണാം. ആ വൃത്തിയുള്ള നിലത്തു് ഇരിക്കുകയോ, കിടക്കുകയോചെയ്യാം. ആ സ്ഥലം അത്രവൃത്തിയുള്ളതാണ്. എപ്പോഴും നോക്കിയാലും ഒന്നുരണ്ടു് റയിൽവേജ്ജോലിക്കാർ നിലം ശീലകൊണ്ടു് തുടച്ചു വൃത്തിയാക്കിക്കൊണ്ടിരിക്കുന്നതുകാണാം. നിരവധി യാത്രക്കാർ നിലത്തു് കിടക്കുകയും, ഇരിക്കുകയുംചെയ്യുന്നുണ്ടു്.

സ്റ്റേഷനോടനുബന്ധിച്ചുതന്നെ മലമൂത്രവിസർജ്ജനത്തിനുള്ള സ്ഥലം തയ്യാർചെയ്തിട്ടുണ്ടു്. കണ്ണാടിപോലെ മിനുസമേറിയതും, വിചിത്രമായ ചിത്രപ്പണികളോടുകൂടിയതുമാണ് അതിൻെറ അകം. വലിയൊരു ഹാളാണ്. വാതായനസൌകര്യം ധാരാളമുണ്ടു്. ഇലക്ട്രിക്കുദീപങ്ങൾ നിരവധിയാണ്. ഒരു ഭാഗത്തു് മലമൂത്രവിസർജ്ജനത്തിന്നു് സൌകര്യമുള്ള ചെറിയ ചെറിയ മുറികൾ. കുറച്ചുകലെ യാത്രക്കാരുടെ സൌകര്യത്തിന്നുള്ള കുളിമുറികളാണ്. ഒരു ഭാഗത്തു് വലിയ മുഖക്കണ്ണാടികൾ ഭിത്തിയിൽ നിരത്തിസ്ഥാപിച്ചിരിക്കുന്നു. അതിനോടനുബന്ധിച്ചു് പൈപ്പുകളുമുണ്ടു്. മുഖം കഴുകുകയും, തലമുടി ചീകുകയുമെല്ലാം അവിടെ ചെയ്യാം. വസ്ത്രങ്ങൾ മാറുന്നതിന്നും പ്രത്യേക മുറികളുണ്ടു്. പുറവും പൂച്ചെടികൾ നട്ടുവളത്തിയിരിക്കുന്നു. അവ പൂത്തുനില്ക്കുന്നുമുണ്ടു്. മലമൂത്രവിസർജ്ജനത്തിന്നുള്ള സ്ഥലം വി

നോദത്തിനും, വിശ്രമത്തിന്നുമുള്ള ഒരു പൂന്തോട്ടത്തിന്റെ പ്രതീതിയാണ് ജനിപ്പിക്കുക!

സ്റ്റേഷനിൽത്തന്നെ റസ്റ്റോറൻറുകളുണ്ട്. താഴത്തുള്ള ഭോജനശാലയിൽ സാധനങ്ങൾക്കൊക്കെ വില വളരെ കുറവാണ്. സാധാരണക്കാരായ യാത്രക്കാരൊക്കെ അവിടെയാണ് കാപ്പിയൊ മററു ഭക്ഷണമോ കഴിക്കുക. കുറെ ഉയർന്നനിലയിലുള്ളവക്കെല്ലാം മുകളിലേക്കുപോകാം. ആധുനികപരിഷ്കാരത്തിന്നിണങ്ങിയ മട്ടിൽ സകലവിധ സൌകര്യങ്ങളുമുള്ള ഒരു പരിഷ്കരിച്ച ഹോട്ടൽ അവിടെ നടക്കുന്നുണ്ട്. എല്ലാററിനും വില വളരെ കൂടുതലാണ്.

യാത്രക്കാക്ക് താമസിക്കുന്നതിന്നു വേണ്ട സൌകര്യങ്ങൾ, ഒന്നും രണ്ടും ക്ലാസ്സ് യാത്രക്കാരുടെ വിശ്രമമുറികൾ, ഇവയെല്ലാം മുകളിലാണ്.

സ്റ്റേഷനിലെത്തിയാൽ യാതൊരുവിധത്തിലും നമുക്ക് വിഷമം നേരിടുകയില്ല. നമ്മുടെ സംശയങ്ങളൊക്കെ തീൎത്തുതരുന്നതിന്നായി ഒരുദ്യോഗസ്ഥൻ അവിടെ ഇരിക്കുന്നുണ്ട്. യാത്രക്കാരുടെ അന്വേഷണങ്ങൾക്കുത്തരം നല്കുകമാത്രമാണ് അയാളുടെ ജോലി. നാം കയറിച്ചെല്ലുമ്പോൾ ആദ്യം കാണുന്നതു് ഈ ഉദ്യോഗസ്ഥനെയാണ്. നമ്മുടെ സാമാനങ്ങളൊക്കെ സൂക്ഷിക്കുന്നതിന്നുള്ള സ്ഥലവും റയിൽവേസ്റേറഷനിൽത്തന്നെയുണ്ട്. ആ മനോഹരമായ സ്റേറഷൻ വീണ്ടും

സന്ദർശിക്കാമെന്ന പ്രതീക്ഷയോടെ ഞങ്ങൾ പുറത്തു കടന്നു.

ചുകന്ന തലപ്പാവുധരിച്ച പോർട്ടർമാർ ഒരു ഭാഗത്തു കൂടിയിരിക്കുന്നു. ടാക്സികാറുകളും ടോങ്കകളും * നിരന്നുനില്ക്കുകയാണ്. ഞങ്ങളുടെ കൂടെയുണ്ടായിരുന്ന വളണ്ടിയർമാർ രണ്ടുമൂന്നു ടോങ്കകൾ കൊണ്ടുവന്നു. ഞങ്ങളുടെ സാമാനങ്ങളൊക്കെ അതിൽ കയററി. ഞങ്ങളും കയറിയിരുന്നു. ബസ്സ്സ്റ്റേൻറിലേക്കു് ഞങ്ങൾ യാത്രയായി.

## ബസ്സസ്റ്റേൻറ്.

റയിൽവേ സ്റ്റേഷന്നു് തൊട്ടടുത്തുള്ള തെരുവ് വളരെ ചെറുതാണ്. ആ തെരുവു കണ്ടാൽ അതിന്നടുത്താണ് തലസ്ഥാനനഗിരിയിലെ റയിൽവേ സ്റ്റേഷനെന്നു് നാം സംശയിക്കുകതന്നെയില്ല. വൃത്തിയിലും വെട്ടപ്പിലും പരിഷ്കാരത്തിലുമെല്ലാം അവ തമ്മിൽ അത്ര വ്യത്യാസമുണ്ട്.

എല്ലാറോട്ടിലും വളരെ തിരക്കുപിടിച്ച ഗതാഗതമുണ്ട്. ഏററവുമധികം കാറുകളും സൈക്കിളുകളുമാണിവിടെ കാണുക. ടോങ്കകളും കുതിരവണ്ടികളും ആയിരക്കണക്കിന്നു് വേറെയും ചിലപ്പോൾ നൂറും നൂററമ്പതും സൈക്കിൾ ഒന്നിച്ചുപോകുന്നതുകാണാം.

* ഓട്ടോറിക്ഷപോലുള്ള ഒരു വാഹനമാണ് ടോങ്ക. നാലുപേക്കു് ഇതിൽ സഞ്ചരിക്കാം.

വലിയവലിയ കെട്ടിടങ്ങൾ; എല്ലാം വെൺമാടങ്ങൾ! പരിഷ്ക്കരിച്ച ജനത! ഇതെല്ലാം കണ്ടുകൊണ്ട് തിരക്കുപിടിച്ച റോട്ടിലൂടെ ഞങ്ങൾ ബസ്സ്സ്റ്റാൻറിലെത്തി. ആ പേരിന്നനുയോജ്യമായ വിധത്തിൽ ഒരു സ്റ്റേൻറ് അവിടെ ഉണ്ടായിരുന്നില്ല. നമ്മുടെ തലസ്ഥാനനഗരിയുടെ അന്തസ്സിനു് ഒരിക്കലും യോജിച്ചതല്ല ന്യൂദൽഹിയിലെ ബസ്സ്സ്റ്റാൻറ്. ബസ്സുകൾക്ക് വന്നുനില്ക്കുവാൻ വേണ്ടത്ര സൌകര്യവും അവിടെയില്ല. റോഡിൻെറ ഒഴിഞ്ഞ ഒരു ഓരത്തേക്ക് ബസ്സുകൾ നീക്കിനിറുത്തുകയെന്നല്ലാതെ ആ സ്ഥലത്തെക്കുറിച്ചൊന്നും പറഞ്ഞുകൂടാ. ബസ്സുകൾ വന്നുനില്ക്കുന്ന സ്ഥലം വളരെ വൃത്തികെട്ടുമിരിക്കുന്നു. ചളിപാറുന്ന പൊടിമണ്ണ് കിളന്നുകിടക്കുകയാണ്. ശീലകൊണ്ടുള്ള ഒന്നുരണ്ടു് പൊളിഞ്ഞ ടെൻറുകളാണ് ടിക്കററ്കൊടുക്കുന്ന സ്ഥലം. റെയിൽവെ സ്റ്റേഷൻ കണ്ട കണ്ണുകൊണ്ടു് ബസ്സ്സ്റ്റേൻറ് കണ്ടപ്പോൾ പരിഷ്ക്കാരത്തിൻെറ രണ്ടറങ്ങളാണ് അവയെന്നു് എനിക്കു് തോന്നി.

ന്യൂദൽഹിയിലെ ബസ്സ്സ്റ്റേൻറിനെ അപേക്ഷിച്ച് പഴയ ഡില്ലിയിലെ ബസ്സ്സ്റ്റേൻറ് പരിഷ്ക്കാരത്തിലും, സൌകര്യത്തിലും വളരെ മുന്നിലാണെന്നു് പിന്നീടെനിക്കു് മനസ്സിലായി. ഇതിന്നുള്ള പ്രധാന കാരണം ന്യൂദൽഹിയിൽ ബസ്സിനേക്കാളേറെ കാറുകളാണ് യാത്രക്കാർ ഉപയോഗിക്കുന്നതു് എന്നുള്ളതാണ്.

## കമലാ മാർക്കററ്.

ഞങ്ങൾക്കു് നല്ല വിശപ്പുണ്ടായിരുന്നു. വല്ലതും കഴിക്കേണമെന്നതു് നിർബ്ബന്ധ ആവശ്യമായി. ഹോ

ട്ടലോ, കാപ്പിക്കടകളോ ഞങ്ങളന്വേഷിച്ചു. ഒരു വള ണ്ടിയർ ഞങ്ങളെ കൊണ്ടുപോയി. കമലാമാക്കററിലേക്കാണ് ഞങ്ങൾ പോയതു്.

കമലാമാക്കററിൽ പ്രധാനമായി നടക്കുന്നതു് ട്രങ്ക് (ഇരുമ്പുപെട്ടി) വ്യവസായമാണ്. അതിന്നകത്തു തന്നെയാണ് പുതിയ ഇരുമ്പുപെട്ടികൾ നിർമ്മിക്കുന്നതു്. ട്രങ്കിന്നു് വളരെ സഹായമാണവിടെ. മററു പല വ്യവസായങ്ങളും അവിടെ നടക്കുന്നുണ്ട്. ഞങ്ങളൊരു കാപ്പിപ്പീടികയിൽ കയറി കാപ്പി കഴിച്ചു. ഉടനെത്തന്നെ തിരിച്ചുപോരികയും ചെയ്തു.

ബദർപൂരിലേക്കുള്ള ബസ്സിൽ കയറി ഞങ്ങൾ ഇരിപ്പായി. ബസ്സിൽ സ്ത്രീകൾക്ക് പ്രത്യേകിച്ച് സീററൊന്നുമില്ല. സ്ത്രീകളും പുരുഷന്മാരും ഇടകലർന്നാണ് ഇരിക്കുന്നതു്. ബസ്സ് ബദർപൂരിനെ ലക്ഷ്യമാക്കി യാത്രയാരംഭിച്ചു.

പിറെറ ദിവസമാണ് ഞങ്ങളുടെ പരിശീലനം ആരംഭിക്കുന്നതു്. ഭാരത്സേവകസമാജിൻെറ പ്രചാരകന്മാർക്കുള്ള പരിശീലനത്തിന്നുവേണ്ടിയാണ് ഞങ്ങൾ ദൽഹിയിലെത്തിയിരിക്കുന്നതു്. ബദർപൂരിൽ വെച്ചാണ് പരിശീലനംനടക്കുന്നതു്. ഡൽഹി സ്റ്റേററിൽപ്പെട്ട ഒരു സ്ഥലമാണ് ബദർപൂർ. ബസ്സിലിരുന്നപ്പോൾ ഉൾക്കണ്ഠനിറഞ്ഞ ഒരാശ്വാസമാണ് അനുഭവ

പ്പെട്ടതു്. തലസ്ഥാനനഗരിയിൽ എത്തിക്കഴിഞ്ഞു. ഏതെല്ലാംസ്ഥലങ്ങളാണു് ഇനി സന്ദർശിക്കുവാനുള്ളതു്. നമ്മുടെ പാർലിമെൻറ്മന്ദിരം, ചെങ്കോട്ട, രാജ്ഘട്ട്, ഇന്ത്യാഗേററ്, റേഡിയോ സ്റ്റേഷൻ, ബിർളാമന്ദിർ, ജന്ദർമന്ദർ, കുത്തബ്മീനാർ, ജൂമാമസ്ജിദ്, പുരാണകിലാ, രാഷ്ട്രപതിഭവൻ—അങ്ങിനെ ആ പട്ടിക നീണ്ടുകിടക്കുകയാണു്. രണ്ടുമാസത്തെ അവിടത്തെ വാസത്തിന്നിടയിൽ അവിടമെല്ലാം സന്ദർശിക്കുവാൻ സാധിക്കുമെന്നു് ഞാൻ വിശ്വസിച്ചു. ഹൃദയംനിറയെ ആനന്ദവും, പ്രതീക്ഷകളുമായി ബദർപ്പൂരിലെത്തി. അന്നുതന്നെ ക്യാമ്പിൽ പേർ റജിസ്ററർ ചെയ്യുകയും, പിറെറ ദിവസം തന്നെ പരിശീലനമാരംഭിക്കുകയും ചെയ്തു.

അദ്ധ്യായം 5.

# *ബദർപൂരിലെ പരിശീലനം.

ഭാരത് സേവക് സമാജിൻെറ പ്രസിദ്ധീകരണ വിഭാഗം 125 പ്രചാരകന്മാർക്ക് ബദർപൂർഗ്രാമത്തിൽ വെച്ചൊരു പരിശീലനം നല്കി. ഇന്ത്യയുടെ വിവിധ സ്റ്റേറ്റുകളിൽനിന്നുമായി വന്നവരായിരുന്നു ഈ പ്രചാരകർ. 1956 നവമ്പർ 25 മുതൽ 1957 ജനുവരി 24 വരെയുള്ള രണ്ടുമാസക്കാലമാണ് പരിശീലനമുണ്ടായത്. ഇപ്പോൾ കേരളംമുതൽ കാശ്മീർവരെയുള്ള ഇന്ത്യയുടെ വിവിധസ്റ്റേറ്റുകളിൽ, ഗ്രാമങ്ങൾതോറും സഞ്ചരിച്ച് പഞ്ചവത്സരപദ്ധതിയെക്കുറിച്ചും, ഭാരത് സേവക് സമാജിനെക്കുറിച്ചും ജനങ്ങൾക്ക് ബോധമുണ്ടാക്കി ഒരു ക്ഷേമരാഷ്ട്രത്തിലേക്കുള്ള പാത വെട്ടിത്തുറന്നുകൊണ്ടിരിക്കുകയാണ് ഈ പ്രചാരകന്മാർ.

## ഭാരത് സേവക് സമാജ്.

ഇന്ത്യയിലെ പൌരന്മാർക്ക് സാമൂഹ്യജീവിതത്തിനുവേണ്ട അവസരം സൃഷ്ടിച്ച് രാഷ്ട്രപുരോഗതിക്കും, സാമ്പത്തികോന്നതിക്കുംവേണ്ടി സഹകരിച്ചു പ്രവത്തിപ്പിക്കുവാനുള്ള ഒരു പൊതുപ്രവത്തന മണ്ഡലമാണ് ഭാരത് സേവക് സമാജ്. രാഷ്ട്രീയചിന്തകൾക്കും, വർഗ്ഗീയതകൾക്കും, കക്ഷിതാല്പര്യത്തിന്നും അതീതമായി വള

* ഈ ലേഖനം 'ഭാരത് സേവക്' മാസികയിൽ 1957 ഏപ്രിൽ ലക്കത്തിൽ പ്രസിദ്ധീകരിച്ചതാണ്.

ന്നുകൊണ്ടിരിക്കുന്ന ഒരു മഹത്തായ പ്രസ്ഥാനമാണിതു്. 1952_ലാണ് ഇതു് സ്ഥാപിതമായതു്. കക്ഷിരാഷ്ട്രീയത്തിന്നും, താല്പര്യത്തിന്നും ഉപരിയായി രാഷ്ട്രത്തിൻെറ അഭ്യുന്നതിക്കായിമാത്രം പ്രവർത്തിക്കുന്ന ഒരു സംഘടനയുടെ ആവശ്യകത ആദ്യം മനസ്സിലാക്കിയതു് മഹാത്മജിയായിരുന്നുവെങ്കിലും ആ മഹാത്മാവിന്നുശേഷം പ. നെഹറുവാണ് ഈ സംഘടനക്കു് രൂപം നല്കിയതു്. ആരംഭംമുതൽ പണ്ഡിററു് നെഹറുവാണ് അതിൻെറ പ്രസിഡണ്ടു്.

## പ്രചാരകന്മാർ.

ഗ്രാമങ്ങളുമായി ഏതെങ്കിലും വിധത്തിൽ ബന്ധപ്പെട്ടവരൊ, സാമൂഹ്യസേവനങ്ങളിൽ കുറച്ചെങ്കിലും പരിചയം സിദ്ധിച്ചവരൊ ആയിരുന്നു തിരഞ്ഞെടുക്കപ്പെട്ട പരിശീലകർ. ആയിരമായിരം പ്രശ്നങ്ങളുടെ നടുവിൽനിന്നാണ് ഓരോ പ്രചാരകനും എത്തിച്ചേർന്നിരിക്കുന്നതു്. ഭാരതീയസംസ്കാരത്തിൻെറ വിവിധ വശങ്ങളുൾക്കൊള്ളുന്നവരായിരുന്നു ഇവർ. വിവിധ സംസ്കാരങ്ങളും ഒത്തുചേർന്നപ്പോൾ ഇന്ത്യൻസംസ്കാരത്തിൻെറ ഒരേകദേശരൂപം ഗ്രഹിക്കുവാൻ ഞങ്ങൾക്കു് കഴിഞ്ഞു. വിവിധഭാഷകൾ ഒന്നിച്ചവിടെ മുഴങ്ങിയപ്പോൾ ഇന്ത്യയുടെ സ്വരം അവിടെ മാറെറാലിക്കൊള്ളുന്നുണ്ടായിരുന്നു. വ്യത്യസ്ത അഭിപ്രായങ്ങളും ആവശ്യങ്ങളും ഉയന്നുയന്നു് യഥാർത്ഥ ഇന്ത്യയുടെ ആവശ്യങ്ങളും അഭിപ്രായങ്ങളും എന്തെന്നറിയുവാൻ അവിടെ അവസരംലഭിച്ചു.

അങ്ങനെ ഒരേ നോട്ടത്തിൽ ഇന്ത്യയെയാകെ കാണുവാനും, ഒരേ സ്വരത്തിൽ ഇന്ത്യയുടെ ശബ്ദം കേൾക്കുവാനും ഇന്ത്യൻ സംസ്കാരത്തോടും, ഇന്ത്യൻ പരിഷ്കാരത്തോടും ഇണങ്ങിച്ചേരുവാനും ഭാഗ്യം സിദ്ധിച്ചവരാണീ പ്രചാരകന്മാർ. അങ്ങനെ വലിയൊരിന്ത്യക്കുവേണ്ടി ചെറിയൊരിന്ത്യയുടെ രൂപംകൊടുത്തതു് ബദർപ്പൂർ ഗ്രാമത്തിൽവെച്ചായിരുന്നു.

## ബദർപൂർ ഗ്രാമം.

ഡൽഹി—മധുരാ റോഡ് ഈ ഗ്രാമത്തിന്റെ നടുവിലൂടെയാണ് കടന്നുപോകുന്നതു്. മറെറാരു റോഡ് കുത്തബു്മീനാറുമായി ഈ ഗ്രാമത്തെ ബന്ധിക്കുന്നു. ചരിത്രരേഖകളുൾക്കൊള്ളുന്ന ഒട്ടേറെ താളുകളുണ്ടവിടെ മറിച്ചുനോക്കുവാൻ. മുഹമ്മദ് തുഗ്ലക്കിന്റെ വൻകോട്ട പൈശാചികമായ ഒരു ബീഭത്സരൂപത്തോടെ അവിടെ തകർന്നുകിടക്കുന്നുണ്ടു്. എവിടെ നോക്കിയാലും തകർന്ന കോട്ടകളും അമർന്ന കൊത്തളങ്ങളുമേ ഇവിടെ കാണ്മാനുള്ളു. കുറെ കൊച്ചുവീടുകൾ ഒന്നിച്ചുകാണാം. ചാണകപ്പുറവകൾപോലെയുള്ള ഈ കൊച്ചുവീടുകൾക്കിടയിൽ തല ഉയർത്തി നില്ക്കുന്ന വെണ്മാടങ്ങൾ കുറെ കച്ചവടപ്പീടികകൾ, വൃത്തികെട്ട കുറെ ചാണകംവാരുന്ന പെണ്ണുങ്ങൾ, രസായി പുതച്ച വണ്ടിക്കാർ, തണുത്തുവിറക്കുന്ന ഒരുകൂട്ടം മനുഷ്യർ—അതൊരു ഗ്രാമമായി. പിന്നെ കാണാം ഒരു മൈതാനം. കുറെ കൃഷിനിലം. ഇങ്ങിനെ ഇടവിട്ടിടവിട്ടുകൊണ്ടാണ് ഉത്തരേന്ത്യയി

ലെ ഗ്രാമങ്ങൾ നിലകൊള്ളുന്നതു്. മേൽപ്പറഞ്ഞ ബദർപൂർഗ്രാമം കൂട്ടത്തിൽ തലയെടുപ്പുള്ളൊരു ഗ്രാമമായി മാറിയിട്ടുണ്ടു്. അവിടെ കുറെയേറെ സാമൂഹ്യ പ്രവർത്തകന്മാർ വളർന്നിരിക്കുന്നു. പരസ്പരം സഹായിക്കുവാനും, സഹകരിച്ച് ജീവിക്കുവാനുമുള്ള ഒരു ബോധം ആ ഗ്രാമവാസികളിൽ വളർന്നുവന്നിട്ടുണ്ടു്. ഭാരത് സേവക് സമാജിന്റെ കുറച്ച് കാലത്തെ പ്രവർത്തനമാണത്രെ ആ ഗ്രാമത്തിൽ വിപ്ലവാത്മകമായ ഒരു മാററം വരുത്തിയതു്. ബദർപൂർ ഗ്രാമത്തിലെ ഏതൊരു കൊച്ചുകുട്ടിക്കുപോലും ഭാരത് സേവക് സമാജ് എന്താണെന്നു് മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ടു്. ആ ഗ്രാമത്തിലെ ജനങ്ങളുടെ പ്രതീക്ഷകളുടെ പ്രതീകമായിരിക്കുകയാണ് ഭാരത് സേവക് സമാജ്. അതുകൊണ്ടു തന്നെയായിരിക്കാം ഭാരത് സേവക് സമാജിന്റെ പ്രസിദ്ധീകരണവിഭാഗം പരിശീലനക്യാമ്പ് നടത്തുവാൻ ഈ ഗ്രാമംതന്നെ തിരഞ്ഞെടുത്തതു്.

## നവംബർ 24

ഒരു ദിവസം മുമ്പതന്നെ ഞങ്ങളൊക്കെ എത്തിച്ചേർന്നിരിക്കുകയാണു്. പരസ്പരം പരിചയമില്ലാത്ത ജനങ്ങൾ ഒരു ദിക്കിൽ വന്നുകൂടാൻ തുടങ്ങി. ഞങ്ങളൊക്കെ കമ്പളിവസ്ത്രം ധരിച്ചിട്ടുണ്ടു്. തണുപ്പ് സഹിക്കാനാവുന്നില്ല. മരവിച്ച കാററ് വീശിത്തുടങ്ങി. വെയിലിന്നു് ചൂടില്ല. ആകാശം മൂടിക്കെട്ടിയ മൂകതയുമായി മരവിച്ച് കിടക്കുകയാണ്. പുതുമകൾ പലതും

കണ്ടുകൊണ്ട് അകംനിറഞ്ഞ ആഹ്ലാദത്തോടെ ഞങ്ങൾ ബദർപൂർ ഗ്രാമത്തിലെത്തി. അവിടുത്തെ സ്ത്രീകളും, പുരുഷന്മാരും, കുട്ടികളുമെല്ലാം കൌതുകപൂർവ്വം ഞങ്ങളെ നോക്കിനില്ക്കുകയാണ്. അവർക്കൊന്നും ഇംഗ്ലീഷ് അറിയുകയില്ല. ഹിന്ദിയാണ് മാതൃഭാഷ. ഇംഗ്ലീഷു കൊണ്ടവിടെ പ്രയോജനമില്ലെന്ന് എനിയ്ക്കു് മനസ്സിലായി. വശമില്ലാത്ത ഹിന്ദി ഒരുവിധം ഞങ്ങൾ പറഞ്ഞൊപ്പിച്ചു. അവർക്കതു് മനസ്സിലായി. അവർ ഞങ്ങളെ ക്യാമ്പിലെത്തിച്ചു. ഞങ്ങൾ ചുററുമൊന്നു് നോക്കി. ശീലകൊണ്ടുള്ള കുറെ കൂടാരങ്ങൾ ഞങ്ങളേയും കാത്തുകൊണ്ടവിടെ നിശ്ചലമായി നിരന്നുനില്ക്കുകയാണ്. ചൂടിക്കട്ടിൽ ഞങ്ങൾക്ക് കിടക്കുവാൻ കിട്ടി. ഞങ്ങൾ പരസ്പരം മിഴിച്ചുനോക്കി. അപരിചിതമുഖങ്ങൾ. പരസ്പരം അടുത്തറിയുവാനുള്ള ആസക്തി ആ കണ്ണുകളിൽ തിളങ്ങിക്കാണാമായിരുന്നു.

## ആദ്യത്തെ രാത്രി.

കൂടാരത്തിൽ കട്ടിലുകൾ നിരന്നു. കിടക്കകൾ നിവന്നു. അങ്ങുമിങ്ങും ശരറാന്തലുകൾ ജ്വലിച്ചു. നീണ്ട മൂകത. ആരും പരസ്പരം അറിയുന്നില്ല. പലരും പല സ്റ്റേറവുകളിൽനിന്നുമായി വന്നവരാണ്. വിവിധ ഭാഷകളാണ് അവർ സംസാരിക്കുന്നതു്.

പരസ്പരം അറിയപ്പെടാത്തവർ; അന്യോന്യം അറിഞ്ഞുകൂടാത്ത ഭാഷ; ആർക്കും പരിചയമില്ലാത്ത നാട്ട്.

ഇരുണ്ട രാത്രി; വേണ്ടത്ര വെളിച്ചമില്ല; തണുത്തു മരവിച്ച കാററ്—എന്തൊരു വിഷമംപിടിച്ചതാണ് ആ നിമിഷങ്ങൾ! ഉറക്കംവരുന്നില്ല. പലരും പരസ്പരം നോക്കുന്നു; പുഞ്ചിരിക്കുന്നു. നിമിഷങ്ങൾ കുറെകഴിഞ്ഞപ്പോൾ പരസ്പരം നാട്ടും വീട്ടും ചോദിച്ചറിയുവാനും ഞങ്ങൾക്ക് ധൈര്യമുണ്ടായി.

## മനുഷ്യപ്പുറവുകൾ.

ഒരു കൂട്ടമണി മുഴങ്ങി. ഞങ്ങൾ ഞെട്ടിയുണൎന്നു. സമയം 5 മണി. എഴുന്നേററിരുന്നുകൂടാ. ഞങ്ങളൊക്കെ തണുത്തു് മരവിച്ചിരിക്കയാണ്. പ്രാൎത്ഥനക്കുള്ള സമയമായി. പോകാതിരുന്നുകൂടാ. മണി കൂടെക്കൂടെ മുഴങ്ങുകയാണ്. മങ്ങിയ വെളിച്ചമേയുള്ളൂ. ഞങ്ങളൊക്കെ പിടഞ്ഞെഴുന്നേററു. പ്രാൎത്ഥനാഹാളിലേക്ക് ഞങ്ങൾ നടന്നു. വലിയ വലിയ കമ്പിളികളും രസായി* യും പുതച്ച ഞങ്ങളെല്ലാം തണുത്തു വിറച്ചുകൊണ്ടു് പ്രാൎത്ഥനാഹാളിൽ കുനിഞ്ഞിരിപ്പായി. മൂടിപ്പുതച്ചുകൊണ്ടുള്ള ആ പുറവുകൾക്കുള്ളിൽ മനുഷ്യപലനങ്ങളാണെങ്ങും.

വിവിധ മതസ്ഥരായ ജനങ്ങളാണ് അവിടെ തിങ്ങിനിറഞ്ഞിരിക്കുന്നതു്. ആരേയോ പ്രതീക്ഷിച്ചെന്നോണമുള്ള ആ ഇരിപ്പു് അധികസമയം വേണ്ടിവരിക

* പഞ്ഞിനിറച്ച വളരെ കട്ടികുറഞ്ഞ, പുതക്കുവാനുപയോഗിക്കുന്ന ഒരു തരം കിടക്കയാണ് രസായി.

യില്ല. ആചാര്യജി പ്രവേശിക്കുകയായി. ഭാരത്സേവക് സമാജിന്റെ പ്രസിദ്ധീകരണവിഭാഗം സെക്രട്ടറി ശ്രീരാം നാരായൺ ചൌധരിയാണ് ആശ്രമാധികാരി. അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിലാണ് തിരഞ്ഞെടുക്കപ്പെട്ട ആ സർവ്വമതപ്രാർത്ഥന നടക്കുക. പ്രാർത്ഥനാനന്തരം അദ്ദേഹത്തിന്റെ ദീർഘമായ പ്രവചനമുണ്ടായിരിക്കും. ജാതീയചിന്തകളെല്ലാം വിട്ടുമാറി, മനുഷ്യൻ ഒന്നാണെന്ന ബോധം ഹൃദയത്തിലുറപ്പിച്ചുകൊണ്ടാണ് അനന്തരപരിപാടികൾ ആരംഭിക്കുന്നതു്.

## പരിപാടികളിലേക്ക് ഒരെത്തിനോട്ടം

രാവിലെ 5 മണിക്കാണ് പരിപാടികൾ ആരംഭിക്കുക. വാദ്യഘോഷങ്ങളുമായി ഒരു കൂട്ടം പ്രചാരകന്മാർ പ്രഭാതഗീതം ഉച്ചത്തിലാലപിച്ചുകൊണ്ടു് ഗ്രാമങ്ങളിൽ ചുററിനടന്നു് ഗ്രാമീണരെ ഉണർത്തുന്നു. അവർ തിരിച്ചെത്തുന്നതു് പ്രാർത്ഥനാഹാളിലേക്കാണ്. ദീർഘനേരത്തെ പ്രാർത്ഥന കഴിഞ്ഞാൽ പതാകവന്ദനമായി. അതിന്നുശേഷം കുറച്ചുസമയം കായികപരിശീലനമുണ്ടാകും. ആറര മണിക്ക് പ്രഭാതാഹാരമാണ്. അതു കഴിഞ്ഞാൽ ക്യാമ്പ് കമാൻഡാൻറ് ക്യാമ്പർമാരുടെ താമസസ്ഥലം പരിശോധിക്കുകയായി. ദിവസവും രണ്ടു മണിക്കൂർ ശ്രമദാനമുണ്ട്. രോഗികളെയെല്ലാം മാററിനിർത്തി ബാക്കിയെല്ലാവരും ശ്രമദാനത്തിൽ പങ്കു

കൊള്ളണമെന്നതു് നിർബ്ബന്ധമായിരുന്നു. ശ്രമദാനം കഴിഞ്ഞുവന്നാൽ കുളിയും, അതിനുശേഷം ഏതെങ്കിലും ഭാഷ പഠിക്കുന്നതിന്നുള്ള ക്ലാസ്സുകളുമാണ്. 12-30ന്ന് ഉച്ചഭക്ഷണം ലഭിക്കും. പിന്നെ കുറച്ച് നേരം വിശ്രമിക്കുന്നതിന്നുള്ള സമയമാണ്. 3മണിക്ക് പ്രസംഗക്ലാസ്സുകളൊ, ചർച്ചാക്ലാസ്സുകളൊ ആരംഭിക്കുന്നു. നിത്യവും രണ്ടോ, മൂന്നോ പ്രസംഗങ്ങളുണ്ടായിരിക്കും. ഇടയ്ക്കിടെ റെഡ്ക്രോസിനെ സംബന്ധിച്ചും, പഞ്ചവത്സരപദ്ധതിയെ സംബന്ധിച്ചുമുള്ള ക്ലാസ്സുകളും ലഭിച്ചിരുന്നു. 5മണിമുതൽ 6മണിവരെ കായികവിനോദങ്ങളിലോ, യോഗാസനക്ലാസ്സിലോ പങ്കെടുക്കുകയോ, ഗ്രാമത്തിലേക്ക് പോവുകയോ ചെയ്യാം. 6മണിക്ക് പതാക താഴ്ത്തിയശേഷം വീണ്ടും പ്രാർത്ഥനയുണ്ട്. പ്രാർത്ഥനാസമയത്താണ് സാധാരണയായി ഹാജരെടുക്കാറ്. അതുകൊണ്ടു് പ്രാർത്ഥനയിൽ പങ്കെടുക്കാൻ ആരും അമാന്തിക്കാറില്ല. പ്രാർത്ഥനാനന്തരം കുറച്ച് സമയം വായനക്കുള്ളതാണ്. ഏഴര മണിക്ക് രാത്രിഭക്ഷണം. അതു കഴിഞ്ഞാൽ നിത്യവും കലാപരിപാടികളുണ്ടായിരിക്കും. ഒമ്പതര മണിക്ക് പരിപാടികളൊക്കെ അവസാനിക്കുകയും, എല്ലാവരും താന്താങ്ങളുടെ മുറികളിലെത്തി പിറ്റെ ദിവസത്തേക്കുള്ള ഡയറികൾ എഴുതുകയും ചെയ്യുന്നു. കൃത്യം 10മണിക്ക് എല്ലാവരും വിളക്കണെച്ച് കിടക്കേണമെന്നതു് നിർബ്ബന്ധമായിരുന്നു. പക്ഷെ, അപ്പോഴും ഉറങ്ങാത്തവരായി കുറെ പേരെ കാണാം. രാത്രിയിൽ കാവൽഡ്യൂട്ടിയുള്ള ക്യാമ്പർമാ

രായിരുന്നു അവർ. ഈ ചുമതല ഒന്നുരണ്ടു് തവണ യെങ്കിലും ഏറ്റെടുത്തിട്ടില്ലാത്തവർ ആരും തന്നെ കേമ്പിലുണ്ടായിരിക്കയില്ല.

## ക്യാമ്പ് ഡ്യൂട്ടി.

ഒരാശ്രമത്തിന്റെ മാതൃകയിലുള്ള ജീവിതമായിരുന്നു ഞങ്ങൾ നയിക്കേണ്ടിയിരുന്നതു്. ആ ആശ്രമത്തിലെ അന്തേവാസികളായിരുന്നു ഞങ്ങളെല്ലാം. വളരെ അച്ചടക്കത്തോടും, സഹനശീലത്തോടും കൂടിയാണ് ഞങ്ങൾ ജീവിച്ചതു്. വിവിധസ്റ്റേററുകളിൽനിന്നു വന്നവരായിരുന്നു ഞങ്ങളെങ്കിലും, യാതൊരു വിധത്തിലുള്ള പ്രാദേശിക മനോഭാവങ്ങളും ഞങ്ങളെ തീണ്ടിയിരുന്നില്ല. ഞങ്ങൾക്കുവേണ്ട ജോലികളൊക്കെ ഞങ്ങൾ തന്നെ നിർവ്വഹിച്ചു. ബാക്കി സമയം മററുള്ളവരെ സഹായിക്കുന്നതിനുവേണ്ടി ഉപയോഗപ്പെടുത്തുകയും ചെയ്തു. ക്യാമ്പ് പരിസരങ്ങൾ വൃത്തിയാക്കുക, ഭക്ഷണം പാകംചെയ്യുക, വെള്ളം കോരുക തുടങ്ങിയ എല്ലാ ചുമതലകളും ഞങ്ങൾതന്നെ നിർവ്വഹിച്ചു. ഓരോ ദിവസത്തേയും പ്രവൃത്തിചെയ്യുവാൻ ഓരോ സംഘം ആളുകളെ തിരഞ്ഞെടുക്കുകയായിരുന്നു പതിവ്. തിരഞ്ഞെടുക്കപ്പെട്ട സംഘമായിരിക്കും അവക്കു് നിശ്ചയിക്കപ്പെട്ട ജോലികളെല്ലാം നിർവ്വഹിക്കുക. ഇതിന്റെയെല്ലാം മേൽനോട്ടം വഹിക്കുന്നതു് ഓരോ ദിവസവും പ്രത്യേകമായി തിരഞ്ഞെടുക്കപ്പെടുന്ന ദൈനികാധികാരിയാണ്.

## ഒരു വിഹഗവീക്ഷണം.

നവമ്പർ 25-ാംനു- ബദർപൂർ ഗ്രാമത്തിലെ പുരുഷന്മാരെല്ലാം ഞങ്ങളുടെ ക്യാമ്പ് ഹാളിൽ തിങ്ങിനിറഞ്ഞു. കേന്ദ്രപ്ലാനിംഗ് മന്ത്രിയും, ഭാരത് സേവക സമാജിൻെറ ചെയർമാനുമായ ശ്രീ. ഗുൽസാരിലാൽ നന്ദ ആ നിറഞ്ഞ സദസ്സിൽവെച്ച് പരിശീലന ക്യാമ്പ് ഔപചാരികമായി ഉൽഘാടനംചെയ്തു. ഇന്ത്യയിലെ പ്രമുഖരായ പലരുടേയും ക്ലാസ്സുകൾ തുടൎന്നുള്ള ദിവസങ്ങളിലായി നടന്നു. ഇവരുടെ കൂട്ടത്തിൽ ശ്രീമതി രാജകുമാരി അമൃതകൌർ, ഡോ: കൈലാസ് നാഥ് കട്ജു, മാസ്റ്റർ താരാസിംഗ്, ഡോ: കേസ്കർ, ജഗത് നാരായൺലാൽ, ഗുരുദയാൽ സിംഗ്ഢില്ലൻ, ഗോകുൽദാസ്ഭട്ട്, ജി. രാമചന്ദ്രൻ എന്നിവരുൾപ്പെടുന്നു. വിദേശികളായ സന്ദൎശകരും, നിരവധി ഉദ്യോഗസ്ഥന്മാരും ക്യാമ്പ് സന്ദൎശിക്കുകയുണ്ടായി. അഖിലേന്ത്യാറേഡിയോ ക്യാമ്പ് പരിപാടികൾ റെക്കോഡ് ചെയ്തു. നിരവധി പത്രപ്രതിനിധികൾ ക്യാമ്പ് സന്ദൎശിച്ച് പരിപാടികൾ വീക്ഷിക്കയുണ്ടായി. പരിപാടികളിലെല്ലാം നാട്ടുകാരും ധാരാളമായി സഹകരിച്ചിരുന്നു. ജനുവരി 24-ാംനു- ക്യാമ്പ് അവസാനിച്ചു. അവസാനച്ചടങ്ങിൽ പങ്കെടുത്തതും, വിജയികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണംചെയ്തതും കേന്ദ്ര ആരോഗ്യമന്ത്രി ശ്രീമതി രാജകുമാരി അമൃതകൌർ ആയിരുന്നു.

അവസാന ദിവസം ബദർപ്പൂർ ഗ്രാമവാസികൾ ഞങ്ങൾക്കൊരു യാത്രയയപ്പ് സല്ക്കാരം നല്കി. അസാ

ധാരണമായ ആഘോഷപരിപാടികളാണ് ആ ഗ്രാമവാസികഠം ഏൎപ്പെടുത്തിയിരുന്നതു്. ഗ്രാമത്തിലെ സ്ത്രീകഠം പാട്ടുപാടിയും, യുവാക്കഠം വിവിധകലാപരിപാടികഠം പ്രദൎശിപ്പിച്ചും, വാദ്യമേളങ്ങളോടെ ഞങ്ങളേയും കൊണ്ട് ഗ്രാമത്തിൽ മുഴുവനും ചുററിനടന്നു. വിഭവസമൃദ്ധമായ ഒരു സദ്യയിലാണ് ആ പരിപാടികഠം അവസാനിച്ചതു്. കണ്ണുനീരോടുകൂടിയാണ് ആ ഗ്രാമത്തിലെ ജനങ്ങളോടെല്ലാം ഞങ്ങഠം യാത്രപറഞ്ഞതു്.

ഈ രണ്ടുമാസത്തിന്നിടയ്ക്കു് പല സ്ഥലങ്ങളും ഞങ്ങഠം സന്ദൎശിക്കുകയുണ്ടായി. ഇന്ത്യാ പാർളിമെൻറ് ഞങ്ങഠം സന്ദൎശിച്ചു. അവിടെ വെച്ച് സ്പീക്കർ ശ്രീ. അനന്തശയനം അയ്യങ്കാരേയും ഡെപ്യൂട്ടി സ്പീക്കറേയും കണ്ടു് സംസാരിക്കുവാനും ഞങ്ങഠംക്കവസരം ലഭിച്ചു. പ്രധാനമന്ത്രിയുടെ വസതിയും, രാഷ്ട്രപതിഭവനും സന്ദൎശിച്ച് പണ്ഡിററ് നെഹറുവിനേയും, ഡോ: രാജേന്ദ്രപ്രസാദിനേയും കാണുകയും, അവരുടെ ഉപദേശവും അനുഗ്രഹവും സ്വീകരിക്കുകയുംചെയ്തു. ഇങ്ങനെ നിരവധി ഭാഗ്യപരിലാളനകളേററുകൊണ്ടാണ് രണ്ടുമാസത്തെ പരിശീലനം ഞങ്ങഠം പൂൎത്തിയാക്കിയതു്.

വിനയം, അച്ചടക്കം, കൃത്യബോധം എന്നീ മാനുഷികഗുണങ്ങളെ മുറുകെപ്പിടിച്ചുകൊണ്ടു് ത്യാഗസന്നദ്ധതയോടെ രാഷ്ട്രത്തിൻെറ സന്ദേശവുമായി ഗ്രാമങ്ങഠംതോറും ചുററിനടന്ന് ഒരു ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കുവാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ഈ പ്രചാരകന്മാരുമായി സഹകരിക്കുന്നതും, അവരെ സഹായിക്കുന്നതും ഒരു ഉത്തമരാജ്യസേവനമായിരിക്കും.

അദ്ധ്യായം 6.

# ബദർപൂർ.

ഒരു ചരിത്രകാരന്നു് ഗവേഷണം നടത്തുവാൻ പററിയ സ്ഥലങ്ങൾ ദൽഹിയിൽ അപൂവ്വമല്ല. ഏതൊരു പ്രദേശത്തിന്നും അതിൻെറതായ ഒരു കഥയും, സ്മരണകളിൽ തങ്ങിനില്ക്കുന്ന പൂവ്വകാലചരിത്രവും നമ്മോട്ട് പറയുവാനുണ്ടാകും. മൺമറഞ്ഞുകിടക്കുന്ന ചരിത്രത്തിൻെറ സ്മാരകമായി, നശിക്കാതെ നില്ക്കുന്ന ചില നെടുംതൂണുകൾ എവിടേയും കാണാം. അത്തരത്തിലുള്ള ഒരു പ്രദേശമാണ് ബദർപൂർ.

ഇപ്പോൾ ദൽഹി സ്റ്റേററിനോടാണ് ഈ സ്ഥലം ചേർന്നിരിക്കുന്നതു്. തലസ്ഥാനനഗരിയിൽ നിന്നും 10 നാഴികമാത്രമേ ദൂരമുള്ളു. പഞ്ചാബ് സംസ്ഥാനമാണ് തൊട്ടുകിടക്കുന്നതു്. ബദർപൂരിനെ തൊട്ടുകിടക്കുന്ന മറെറാരു ഗ്രാമമാണ് മെഹറലി. ആലി, തുഗ്ലക്കബൊദ് എന്നീ ഗ്രാമങ്ങളും ഈ ഗ്രാമത്തെ തൊട്ടുകിടക്കുന്നു.

## ഐതിഹ്യം.

ബദർപൂർ ഒരു ഗ്രാമമാണ്. പണ്ട് ബദറുദ്ദീൻ എന്നു് പേരായ ഒരു സുൽത്താൻ ഇവിടെ രാജ്യഭാരം ചെയ്തിരുന്നുവത്രെ! അതിൻെറ സ്മാരകമായി നിരവധി

കോട്ടകളും, അവശിഷ്ടങ്ങളും ഇന്നും ഈ ഗ്രാമത്തിൽ അവിടവിടെയായി അവശേഷിച്ചു കാണാം. നശിച്ചു പോയ ഒരു വലിയ കോട്ടയുടെ നാശമടയാത്ത പല ഭാഗങ്ങളും ചരിത്രരേഖകളായി ഇന്നും നിലനില്ക്കുന്നു. അതിനോടു് ബന്ധമുള്ള പല കെട്ടിടങ്ങളും ഇന്നു് അഭയാൎത്ഥികളുടെ പാർപ്പിടങ്ങളായി മാറിയിട്ടുണ്ടു്. വാഹനഗതാഗതമുള്ള ഒരു റോഡു് ഈ ഗ്രാമത്തിലെ പ്രധാന തെരുവിലൂടെ ആ തകൎന്ന കോട്ടയുടെ വലിയൊരു ഗേററു് കടന്നുകൊണ്ടു് മധുരാ റോഡിനോടു് ചേരുന്നുണ്ടു്. ചരിത്രകാരൻെറ സൌകൎയ്യത്തിന്നും, പൊതുജനങ്ങളുടെ അറിവിന്നുമായി അത്തരം കെട്ടിടങ്ങളുടെ ഭിത്തികളിൽ ചില ബോർഡുകൾ എഴുതിവെച്ചിരിക്കുന്നതു് കാണാം. ബദർപൂരിനെ സംബന്ധിച്ചു് കൂടുതൽ മനസ്സിലാക്കുവാൻ അത്തരത്തിലുള്ള ചില ബോർഡുകളാണ് എന്നെ പ്രധാനമായി സഹായിച്ചതു്.

ഈ കോട്ടകളെ വല്ല വിധത്തിലും കേടുവരുത്തുവാനോ, നശിപ്പിക്കുവാനോ ശ്രമിക്കുന്നവർ ശിക്ഷാർഹരാകുന്നുവെന്നു് അവിടെ എഴുതിവെച്ചിട്ടുണ്ടു്.

അവിടെ ഒരു ചെറിയ തെരുവുണ്ടു്. ആ തെരുവ് വളരെ വൃത്തികെട്ടതായിട്ടാണ് ഞാൻ കണ്ടതു്. വൈക്കോൽപ്പൊടിയും, ചാണകവും കൂടിച്ചേൎന്നു് കിടക്കുകയാണ്. ഭാരത് സേവകസമാജിൻെറ ആഭിമുഖ്യത്തിൽ പലതവണ ഈ തെരുവുകൾ ഞങ്ങൾ വൃത്തിയാക്കുകയുണ്ടായി.

വൃത്തിയും, വെടിപ്പും ജനങ്ങൾക്കു് വളരെ കുറവാണു്. കന്നുകാലികൾ ധാരാളമുണ്ടു്. പാൽവ്യവസായമാണു് പുരുഷന്മാരുടെ മുഖ്യ തൊഴിൽ. സ്ത്രീകൾ ചാണകം ശേഖരിക്കുകയും, വരടിയുണ്ടാക്കുകയും ചെയ്യുന്നു. സാധുക്കളായ ഗ്രാമീണർ അധികവും കത്തിക്കുവാനുപയോഗിക്കുന്നതു് ചാണകവരടിയാണു്. ഇതു് ധാരാളമായി ഉണ്ടാക്കി സൂക്ഷിച്ചുവരുന്നുണ്ടു്.

## കവർച്ചക്കാർ.

ബദർപൂർ പഴയകാലത്തു് കൊള്ളക്കാരുടെ സങ്കേതമായിരുന്നുവത്രെ! ഉത്തരേന്ത്യയെ വിറപ്പിച്ചിരുന്ന ഏററവും വലിയ കൊള്ളക്കാർ താവളമടിച്ചിരുന്നതു് ബദർപൂരിലാണെന്നു് പറയപ്പെടുന്നു. കാലാന്തരത്തിൽ അവർക്കെല്ലാം ബദർപൂരിൽ നിന്നും ഒഴിഞ്ഞുപോകേണ്ടതായിവന്നു. ഇന്നും അധികം അകലെയല്ലാത്ത പ്രദേശങ്ങളിൽ ഭയങ്കര കൊള്ളക്കാർ നിവസിച്ചുവരുന്നുണ്ടു്. ഇതിന്നു് ദൃഷ്ടാന്തമായി ഒരു ചെറിയ സംഭവം ഞാനിവിടെ രേഖപ്പെടുത്തുവാനുദ്ദേശിക്കുന്നു.

1956 ഡിസംബർ 30-ാംനു- ഞങ്ങളുടെ പരിശീലന ക്യാമ്പിനോടനുബന്ധിച്ച ഒരു സംഭവമുണ്ടായി. *രത്തൻസിംഗ് ഞങ്ങളുടെ കൂട്ടത്തിൽപെട്ട ഒരു പരിശീലകനായിരുന്നു. അദ്ദേഹത്തിൻെറ ഓമനസന്തതി

* 'ഭാരത്സേവക്' എന്ന ഇംഗ്ലീഷ് മാസികയിൽ 1957 ഫെബ്രുവരി ലക്കത്തിൽ ഈ സംഭവം വിവരിച്ചിട്ടുണ്ടു്.

സുഖമില്ലാതെ കിടപ്പിലായി. വിവരമറിഞ്ഞ രത്തൻസിംഗ് ലീവെടുത്തു വീട്ടിൽപോയി. ബദർപൂരിൽനിന്നും അധികം അകലെയായിരുന്നില്ല അദ്ദേഹത്തിൻെറ വീട്ട്. തിരിച്ചുവരുമ്പോഠം രാത്രിയായിരുന്നു. രത്തൻസിംഗ് തനിച്ചേ ഉള്ളു. മാർഗ്ഗമദ്ധ്യേ കുററിക്കാട്ടുകളും പാറക്കെട്ടുകളുമുണ്ട്. തകൎന്ന കോട്ടകളും ഓവുചാലുകളുമുണ്ട്. പെട്ടെന്ന് നാലുപേർ രത്തൻസിംഗിൻെറ മുന്നിൽ ചാടിവീണു. അവർ ആയുധധാരികളായിരുന്നു. മുഖംമൂടി ധരിച്ചിരുന്നു. അവർ രത്തൻസിംഗിനെ ആകെ പരിശോധിച്ചു. വസ്ത്രങ്ങഠം കൂടിയും അഴിച്ചെടുത്തു. രത്തൻസിംഗ് ഭയന്ന് വിറച്ചു. മരണസമയം ആസന്നമായെന്ന് മനസ്സിലുറച്ചു. താൻ ഭാരത് സേവക് സമാജിൻെറ ഒരു പ്രചാരകനാണെന്നും, ബദർപൂരിൽ പരിശീലനം കഴിച്ചുകൊണ്ടിരിക്കുകയാണെന്നും, സുഖമില്ലാതെ കിടക്കുന്ന തൻെറ ഓമനശിശുവിനെ കാണാൻപോയി തിരിച്ചുവരികയാണെന്നും ശിലയുമലിയുന്ന വിധത്തിൽ രത്തൻസിംഗ് വിലപിച്ചു. എന്തുകൊണ്ടോ ആ കൊള്ളക്കാർ രത്തൻസിംഗിനെ ഉപദ്രവിച്ചില്ല. ആ കൊള്ളക്കാർ നാലുപേരുംകൂടി എന്തോ ആലോചിച്ചു. പിന്നെ രത്തൻസിംഗിനെ തിരിച്ചുവിളിച്ച് കവച്ചുചെയ്യപ്പെട്ട സാധനങ്ങളൊക്കെ തിരിച്ചേല്പിച്ചു ജീവനിൽ കൊതിയോടെ രത്തൻസിംഗ് രക്ഷ

പ്പെട്ടു. പിന്നീട് ഈ സംഭവം ഉത്തരേന്ത്യയിലെ പ്രധാന പത്രങ്ങളിലെല്ലാം ഉണ്ടായിരുന്നു.

ഇന്നും ബദർപൂരിനെ ചുററിക്കിടക്കുന്ന പ്രദേശങ്ങളിൽ ഭയങ്കരന്മാരായ കവർച്ചക്കാരുണ്ടെന്നതിന് ഉത്തമദൃഷ്ടാന്തമത്രെ ഇതു്.

ഇവിടത്തെ പ്രധാന കൃഷി ഗോതമ്പാണ്. കരിമ്പു് സമൃദ്ധിയായി വളരുന്നുണ്ടു്. പലവിധത്തിലുള്ള പച്ചക്കറികളും ധാരാളമുണ്ടു്. വലിയ വൃക്ഷങ്ങൾ വിരളമായേ കാണുന്നുള്ളു. ഉയർന്നുനില്ക്കുന്ന വൃക്ഷങ്ങളിൽ അധികവും വേപ്പുമരങ്ങളാണ്.

പാക്കിസ്ഥാനിൽനിന്നു് കുടിയേറിപ്പാർത്തവരായ അഭയാർത്ഥികളാണ് ജനസംഖ്യയിൽ വലിയൊരുഭാഗം. ഗവമ്മേണ്ടിൽനിന്നും ലഭിച്ച സഹായധനംകൊണ്ടു് ഇവർ പലവിധത്തിലുള്ള വ്യാപാരങ്ങളിലും ഏർപ്പെട്ടിരിക്കുകയാണ്. രണ്ടുമാസത്തെ പരിചയംകൊണ്ടു് വളരെ സത്യസന്ധരും, മര്യാദക്കാരുമാണ് ഇവരെന്നു് എനിക്കു് മനസ്സിലാക്കുവാൻ സാധിച്ചു.

നല്ല സൌന്ദര്യമുള്ള സ്ത്രീകളും, പുരുഷന്മാരും ഇവിടെയുണ്ടു്. അവർ വേണ്ടത്ര വൃത്തിയിൽ നടക്കാത്തതുകൊണ്ടു് ആ സൌന്ദര്യം. അതിൻെറ സുന്ദരരൂപത്തിൽ പ്രത്യക്ഷപ്പെടുന്നില്ല. കുറച്ചു വിദ്യാഭ്യാസം ലഭിച്ചിട്ടു

ള്ളവരെ ഈ ഗ്രാമവാസികൾക്കു് വളരെ ബഹുമതിയാണ്. ഇപ്പോൾ വിദ്യാഭ്യാസകാര്യത്തിൽ അവർ വളരെ ശ്രദ്ധിച്ചുവരുന്നുണ്ടു്. രണ്ടു് വിദ്യാലയങ്ങൾ ഈ ഗ്രാമത്തിലുണ്ടു്.

സ്ത്രീകൾ തല മറച്ചുകൊണ്ടാണ് നടക്കുക. ഒരു തരം ഞെറിയുള്ള പാവാടയാണ് അവർ ധരിക്കുന്നതു്. അവിവാഹിതകളായ പെൺകുട്ടികളാണെങ്കിൽ മുഖം മറച്ചേ നടക്കുകയുള്ളു. കാലിൽ ചിലമ്പും കയ്യിൽ വളരെയേറെ വെള്ളിവളകളും ഇവരുടെ പ്രധാന ആഭരണങ്ങളാണ്. സ്ത്രീകൾ ഒന്നിച്ചു നടക്കുകയാണെങ്കിൽ ചിലമ്പുകളുടെ ഒന്നിച്ചുള്ള ശബ്ദം ഭയങ്കരമായിരിക്കും. മൂക്കു്തുളച്ചു് ആഭരണം പാത്തുന്നതിലും ഇവർ സമത്ഥകളാണ്. കൂട്ടമായി സഞ്ചരിക്കുമ്പോൾ ഇവർ ഉച്ചത്തിൽ പാട്ടുപാടിയാണ് നടക്കുക. ഇതെല്ലാം സാധുക്കളും, വിദ്യാഭ്യാസമില്ലാത്തവരും, അപരിഷ്കൃതകളുമായ ഗ്രാമീണകന്യകകളുടെ കാര്യമാണ്. പരിഷ്കാരവും, വിദ്യാഭ്യാസവും സിദ്ധിച്ച പെൺകിടാങ്ങൾ ഇവരുടെ കൂട്ടത്തിലുമുണ്ടു്. പൈജാമയും, കുത്തയും, മൽമല്വ (ചുമലിൽ മടക്കി പിന്നിലേക്കിടുന്ന ഷോൾ) മാണ് ഇവർ ധരിക്കുന്നതു്. ഈ വസ്ത്രധാരണരീതി ഇവരുടെ സൌന്ദര്യത്തിന്നൊരലങ്കാരമാണ്.

ദൽഹിയിൽനിന്നുള്ള പരിഷ്കാരം ഈ ഗ്രാമത്തിലേക്കും വ്യാപിക്കുവാൻ തുടങ്ങിയിരിക്കുന്നു. നമ്മുടെ

തലസ്ഥാനനഗരിയുടെ വലുപ്പം വദ്ധിപ്പിക്കുമ്പോൾ, ബദർപൂരിനേയും അതു് ബാധിക്കാതിരിക്കുകയില്ല. ഇവിടെ ഒരു റയിൽവേസ്റ്റേഷനുണ്ടു്. തുഗ്ലക്ക്ബാദ്സ്റ്റേഷൻ എന്നാണ് ഇതിന്നുപേർ.

ഡെൽഹി—മധുരാ റോഡിൻെറ വീതി ഇരട്ടിപ്പിച്ചു കൊണ്ടിരിക്കുകയാണ്. വലിയവലിയ കെട്ടിടങ്ങൾ ഉയന്നുകൊണ്ടിരിക്കുന്നുണ്ടു്. ഒരു നല്ല ഭാവിയുടെ പ്രതീക്ഷ ഈ ഗ്രാമത്തിൽ വളന്നുകൊണ്ടിരിക്കുകയാണ്. ആസന്നമായ ഭാവിയിൽ ഈ കൊച്ചുഗ്രാമം നമ്മുടെ തലസ്ഥാനനഗരിയുടെ ഒരംശമായിത്തീരുമെന്നതിൽ സംശയമില്ല.

അദ്ധ്യായം 7.

# വീണ്ടും ദില്ലിയിൽ.

1956 ഡിസമ്പർ 2.

ഇന്നു് ഞായറാഴ്ചയാണു്. കഴിഞ്ഞ മൂന്നു ദിവസങ്ങളിലായി ഞങ്ങൾക്കു് തുടരെത്തുടരെ ക്ലാസ്സുകൾ ലഭിച്ചിരുന്നു. അമേരിക്കക്കാരനായ ഡാക്ടർ ഫ്രാൻസീസ് ഷോ[1], ബൽജീയംകാരിയായ കൌണ്ടസ്സ് ഹേംററീൻ[2] എന്നിവർ ക്യാമ്പു് സന്ദർശിക്കുകയുണ്ടായി. ഇന്നു് ക്യാമ്പിൽ പൊതുഒഴിവായി പ്രഖ്യാപിച്ചിട്ടുണ്ടു്. ഒഴിവുകിട്ടുന്ന ഓരോ നിമിഷവും പട്ടണത്തിൽ കഴിച്ചുകൂട്ടുവാനാണു് ഞങ്ങൾ തീരുമാനിച്ചതു്. അന്നു് വീണ്ടും തലസ്ഥാനനഗരിയിലെത്തുന്നതോർത്തപ്പോൾ ഞങ്ങൾക്കു് കൂടുതൽ ആഹ്ലാദംതോന്നി.

നല്ല തണുപ്പുള്ള ദിവസമാണു്. എന്നിട്ടും തണുത്ത വെള്ളത്തിൽ ഞങ്ങൾ കുളിച്ചു. മരവിപ്പിക്കുന്ന ഈറൻകാററു് ആഞ്ഞടിച്ചിരുന്നു. സൂര്യനു് അത്ര

[1] ഡാക്ടർ ഫ്രാൻസീസ് ഷോ അമേരിക്കയിലെ ഒരു പ്രൊഫസറാണു്. അദ്ദേഹം വിദ്യാഭ്യാസം നേടിയതു് ഇംഗ്ലണ്ടിലായിരുന്നു. ഇപ്പോൾ ഇന്ത്യയെക്കുറിച്ചു് പഠിക്കുവാനും, സ്ഥിതിഗതികൾ മനസ്സിലാക്കുവാനും ഇവിടെ വന്നിരിക്കുകയാണു്.

[2] കൌണ്ടസ്സ് ഹേംററീൻ 'The World Catholic womens and girls association' ന്റെ പ്രസിഡണ്ടാണു്.

യൊന്നും പ്രകാശമില്ല. വെയിലിന്നു് ചൂടുമില്ല. ഞങ്ങൾ കമ്പിളിവസ്ത്രം ധരിച്ചു. അതിന്നു്മീതെ പേൻറും, സ്ലേക്ക് ഷർട്ടും. പരിഷ്കരിച്ച പട്ടണത്തിലേക്കു് പരിഷ്കരിച്ച വേഷത്തിൽത്തന്നെ പോകേണമെന്നു് ഞങ്ങൾക്കു് നിർബ്ബന്ധമുണ്ടായിരുന്നു. തലസ്ഥാനനഗരിയിലേക്കനുയോജ്യമായ വസ്ത്രങ്ങൾ ധരിച്ചുകൊണ്ടു് തന്നെയാണു് ഞങ്ങൾ പുറപ്പെട്ടതു്.

## സൌത്ത് ഇന്ത്യൻ ഹോട്ടൽ.

ഡൽഹിയിൽ വന്നതിന്നുശേഷം ലഭിച്ച ഭക്ഷണം ഭക്ഷിണേന്ത്യക്കാക്കു് രുചിപ്രദമായിക്കഴിഞ്ഞിട്ടില്ല. ഉത്തരേന്ത്യൻ ഭക്ഷണവുമായി ഞങ്ങൾ ഇണങ്ങിച്ചേരുവാൻ തുടങ്ങിയിട്ടേ ഉള്ളു. ചപ്പാത്തിയാണു് പ്രധാന ഭക്ഷണം. അതിനോടൊപ്പം ഡാൾ, സബ്ജി, ദഹി (തയിരു്), മിർച്ചി (മുളകു്), നമകു് (ഉപ്പു്) എന്നിവയും ലഭിക്കും. ഡാൾ എന്നു് പറയുന്നതു് ഒരു ചാറോടുകൂടിയ കറിയാണു്. 'ഡാൾ' എന്ന പദത്തിന്നു് ചാറു് എന്നേ അത്ഥമുള്ളു. ഇതിൽ മുക്കിയോ, തിരുമ്മിച്ചേത്തോ ആണു് ചപ്പാത്തി കഴിക്കുക. പിന്നെ സബ്ജിയാണു്. ഉരുളൻകിഴങ്ങു്, വഴുതന, പയർവഗ്ഗം എന്നിവയൊക്കെ കൂട്ടിച്ചേത്തു് പാകപ്പെടുത്തുന്നതാണിതു്. ചപ്പാത്തി തൈർ കൂട്ടിത്തിരുമ്മിക്കഴിക്കുന്നതാണു് എനിക്കേറ്റവും രുചിപ്രദമായിത്തോന്നിയതു്. ആദ്യമൊന്നും ഈ ഭക്ഷണസമ്പ്രദായത്തിൽ ഞങ്ങൾ സംതൃപ്ത

രായില്ല. അരിഭക്ഷണം കുറച്ചെങ്കിലും കഴിച്ചേ തീരു വെന്നു് നിർബ്ബന്ധമായി. ഈ കാര്യം ക്യാമ്പു് അധി കൃതന്മാരെ അറിയിച്ചപ്പോൾ പിറെറ ദിവസം മുതൽ ചപ്പാത്തിയുടെ കൂടെ കുറെ ചോറും (ചാവൽ) ഞങ്ങൾ ക്കു് തരാമെന്നവർ ഏററു. പക്ഷെ, ഈ ചോറും ഞ ങ്ങൾക്കു് തൃപ്തിയായില്ല പച്ചരിയുടെ വെന്തളിഞ്ഞ ചോറായിരുന്നു. ഞങ്ങളുടെ സഹകരണത്തോടെ വേവു് കുറച്ചു ചോറും ഞങ്ങൾക്കു് ലഭിച്ചുതുടങ്ങി. എന്നിട്ടും കേരളക്കരയിലെ സദ്യയുടെ മണം ഞങ്ങൾക്കനുഭവ പ്പെട്ടില്ല.

ദൽഹിയിൽ മലയാളികൾ നടത്തുന്ന ഒരു ഹോട്ട ൽ ഉണ്ടെന്നും, അവിടെ ഞങ്ങൾക്കു് പററിയ ഭക്ഷണം ലഭിക്കുമെന്നും അറിയാൻ സാധിച്ചു. അന്നത്തെ ദൽ ഹിയാത്രയുടെ പ്രധാന ഉദ്ദേശം 'സൌത്തു് ഇന്ത്യൻ ഹോട്ടലിൽ'പോയി വിഭവസമൃദ്ധമായ ഒരു ഊണു് കഴി ക്കുക എന്നതായിരുന്നു. ദക്ഷിണേന്ത്യൻ ഹോട്ടൽ കണ്ടു പിടിക്കാൻ ഞങ്ങൾ വളരെ ബുദ്ധിമുട്ടി. പലക്കും അതെവിടെയാണെന്നു് അറിവുണ്ടായിരുന്നില്ല.

ദൽഹിയിൽ ചെന്നാൽ നാം വഴിയറിയാതെ വി ഷമിച്ചു് വല്ലവരോടും ചോദിച്ചാൽ പലക്കും നമ്മെ സഹായിക്കുവാൻ സാധിച്ചില്ലെന്നു് വരും. വാസ്തവ ത്തിൽ അവരെ നമുക്കു് കുററപ്പെടുത്തിക്കൂടാ. ദൽഹി യിലെ തെരുവുകളിൽ നാം കണ്ടുമുട്ടുന്ന ആ വമ്പിച്ച ജനാവലിയിൽ ആ നാട്ടുകാരും, ആ നാട്ടുമായി ബന്ധ

പ്പെട്ടവരും വിരളമായിരിക്കും. വിദേശികളായ സഞ്ചാരികളൊ, ഔദ്യോഗിക ആവശ്യങ്ങൾക്കായി ദൽഹിയിലെത്തിയിരിക്കുന്നവരോ ആയിരിക്കും അവരിൽ അധികം പേരും.

കുറെയെല്ലാം വിഷമിച്ചെങ്കിലും 'സൌത്ത് ഇന്ത്യാ ഹോട്ടൽ' ഞങ്ങൾ കണ്ടെത്തി. നല്ല വൃത്തിയും തിരക്കുമുള്ള ഒരു ഹോട്ടലാണത്. ആ ഹോട്ടലുടമസ്ഥനോട്ട് ഞങ്ങൾ മലയാളത്തിൽ സംസാരിച്ചു ഞങ്ങളുടെ ഭക്ഷണത്തിന്നു് കുറെ മിനുട്ടുകൾ ഞങ്ങൾ കാത്തിരിക്കേണ്ടതായിവന്നു. എങ്കിലും, സാമ്പാർ, രസം തുടങ്ങിയ കേരളീയവിഭവങ്ങളോടുകൂടിത്തന്നെ ഞങ്ങൾക്കു് ഊണ് ലഭിച്ചു. ഞങ്ങൾ സംതൃപ്തരായി.

## ജന്ദർമന്ദർ.

ഭക്ഷണാനന്തരം ഞങ്ങൾ തിരിച്ചതു് ജന്ദർമന്ദർ സന്ദർശിക്കുവാനാണ്. അകലെനിന്നു് കണ്ടപ്പോൾ തന്നെ അതൊരു മനോഹരകാഴ്ചയായിത്തോന്നി. ഇതൊരു നക്ഷത്രബംഗ്ലാവാണ്. മഹാരാജാജയ്സിങ്ങാണ് ഈ ജ്യോതിർമണ്ഡലദർശനാലയം(നക്ഷത്രബംഗ്ലാവ്) പണികഴിച്ചതു്. ജ്യോതിർഗ്ഗോള നിരീക്ഷണത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന അമിതമായ ആസക്തിയായിരുന്നിരിക്കണം ഇതിൻെറ നിർമ്മാണത്തിന്നു് പ്രേരകമായതു്. ആ ദർശനാലയത്തിൻെറ രൂപം വളരെ സുന്ദരമാണ്. ജന്ദർമന്ദറിന്നു സമീപം വളരെ ഉയരത്തിൽ

നിരവധി പടികളായി കെട്ടി ഉയൎത്തിയിട്ടുണ്ട്. ആ നിരീക്ഷണ്ബംഗ്ലാവുമായി ബന്ധപ്പെട്ടതായിരിക്കാം അ ത്. ഞങ്ങറം അതിൻെറ മുകളിലൊന്നുകയറി. ആദ്യം കുറെ വിഷമം തോന്നിയെങ്കിലും അതിൻെറ മുകളിലെ ത്തിയപ്പോളുണ്ടായ ആനന്ദം പറഞ്ഞറിയിക്കുക പ്രയാ സമാണ്. അതിൻെറ ഉന്നത ശൃംഗത്തിൽനിന്ന് ദൽ ഹി പട്ടണം ആകെയൊന്ന് ഞാൻ നോക്കിക്കണ്ടു. ഇ ന്ത്യാ ഗയിററും, ജുമാമസ്ജിദും അതിൻെറ മുകളിൽനി ന്നാൽ വ്യക്തമായി തിരിച്ചറിയുവാൻ സാധിക്കുമായി രുന്നു.

ഞങ്ങറം താഴെയിറങ്ങി ജന്ദർമന്ദറിൻെറ എല്ലാ ഭാഗവും നടന്നുകണ്ടു. അനുദിനം അങ്ങോട്ടാകൎഷിക്ക പ്പെട്ടുകൊണ്ടിരിക്കുന്ന നിരവധി സന്ദൎശകന്മാരെ അ പ്പോറം അവിടെ കാണാമായിരുന്നു. നിഴലുകളിൽ നി രവധിപേർ വട്ടംവളഞ്ഞിരിക്കുന്നുണ്ട്. അവർ സരസ മായ നൎമ്മസല്ലാപങ്ങളിൽ ഏൎപ്പെട്ടിരിക്കുകയാണ്. കി ളികൊഞ്ചലുകറംപോലെയുള്ള പൊട്ടിച്ചിരികറം വളകി ലുക്കംപോലെ മുഴങ്ങിക്കേറംക്കാം. നിരവധി യുവതീ യുവാക്കറം അവിടെ ചുററിനടക്കുന്നുണ്ട്. ചരിത്രാന്വേ ഷികളും, സന്ദൎശകരുമായ സഞ്ചാരികറംക്കുപുറമെ നൎമ്മ സല്ലാപങ്ങറംക്കും വിനോദത്തിനുംവേണ്ടി എത്തിച്ചേ രുന്നവരും സന്ദൎശകരുടെ കൂട്ടത്തിൽ വിരളമല്ല. വിദേ ശസന്ദൎശകരായ നിരവധി സ്ത്രീകളേയും, പുരുഷന്മാരേ

യും ഞങ്ങളവിടെ കണ്ടു. അവർ ഫോട്ടൊ എടുക്കുക യും നോട്ടുകുറിക്കുകയും ചെയ്യുന്നുണ്ട്.

ജന്ദർമന്ദറിൻെറ മുൻവശത്തുള്ള റോഡിന്നു് ജന്ദർമന്ദർ റോഡ് എന്നാണ് പേർ. അഖിലേന്ത്യാ കോൺഗ്രസ്സ് ഓഫീസ് ഈ റോട്ടിലാണ്. ആകാശം മുട്ടിനില്ക്കുന്ന ആ വലിയ കെട്ടിടം ഞങ്ങളൊരിക്കൽ സന്ദർശിച്ചു. തലസ്ഥാനനഗരിയിലെ സെക്രട്ടേരിയേററിലുള്ള തിരക്കും ബദ്ധപ്പാടും അവിടെ കാണാമായിരുന്നു. കുറച്ചുസമയം ആ റോഡിന്നുസമീപം നില്ക്കുകയാണെങ്കിൽ ഇന്ത്യയുടെ ഏതെങ്കിലും ഒരു നേതാവ് അതിലെ കടന്നുപോകുന്നതു് കാണാം. അഞ്ചുമിനിട്ടുസമയം തികച്ച് ഞങ്ങളവിടെ നിന്നിട്ടില്ല, ശ്രീ. യു. എൻ. ധേബാറും മൊറാർജിദേശായിയും അതിലെ കടന്നുപോയി.

## കണ്ണാട്ട്പ്ലെസ്.

ദൽഹി മുഴുവനും ഞങ്ങൾ ചുററിനടന്നു. കണ്ണാട്ട് ലൈൻ ദൽഹി പട്ടണത്തിലെ ഏററവും പ്രധാനപ്പെട്ട തെരുവാണ്. അന്തസ്സിലും ആഭിജാത്യത്തിലും മററു തെരുവുകളുടെ മുന്നിലാണ്. നല്ല തിരക്കുമുണ്ട്. ആ തെരുവിലൂടെയും ഞങ്ങൾ നടന്നുപോയി. അലയടിക്കുന്ന സമുദ്രത്തിലെ തരംഗങ്ങൾപോലെയായിരുന്നു ഓരോ തിരുവിലും വാഹനങ്ങൾ സഞ്ചരിച്ചിരുന്നതു്. മന്ദമായും അതിവേഗത്തിലും ആ വാഹനനദി കുതിച്ചൊ

ഴുകുന്ന കാഴ്ച അവിസ്മരണീയമാണ്. പഴക്കം ചെന്ന ഒരൊററ വാഹനം പോലും ആ തെരുവിൽ എവിടെ നോക്കിയാലും കാണുകയില്ല. എല്ലാം പുതിയ മോഡലുകൾ. ആധുനികപരിഷ്കാരത്തിന്നു് ഇണങ്ങിച്ചേർന്നവ. റോഡ് മുറിച്ചുകടക്കുവാൻ വളരെ സമയം ചിലപ്പോൾ കാത്തുനില്ക്കേണ്ടതായി വരും.

## കണ്ണാട്ട് സർക്കസ്സ്.

പിന്നെ ഞങ്ങൾ സന്ദർശിച്ചതു് കണ്ണാട്ട് സർക്കസ്സാണ്. അവിടെയാണ് ഭാരത് സേവക സമാജിൻെറ സെൻട്രൽ ഓഫീസ്സ്. പ്രസ്തുത ഓഫീസ്സും ഞങ്ങൾ സന്ദർശിക്കുകയുണ്ടായി.

കണ്ണാട്ട് സർക്കസ്സിൻെറ മനോജ്ഞത പരിപൂർണ്ണമാകുന്നതു് സന്ധ്യാസമയത്താണ്. വിവിധവർണ്ണോജ്ജ്വലമായ വൈദ്യുതദീപങ്ങൾ ഒന്നോടെ ജ്വലിക്കുമ്പോൾ കണ്ണാട്ട് സർക്കസ്സിൻെറ ഭംഗിയും ന്യൂദൽഹിയുടെ അന്തസ്സും ഒന്നു് വേറെത്തന്നെയാണ്. ആ തെരുവ് വൃത്താകാരത്തിലാണെന്നു് അപ്പോൾ നമുക്ക് മനസ്സിലാക്കാം.

ദൽഹി പട്ടണത്തിലെ തിരക്കേറിയ ഈ തെരുവുകൾക്കിടയിലെല്ലാം പൊതുജനങ്ങൾക്ക് വിശ്രമിക്കുന്നതിന്നുള്ള പാർക്കുകളും, കുട്ടികൾക്കായുള്ള കളിസ്ഥലങ്ങളും നിരവധി കാണാം.

## രാമലീലാ ഗ്രൌണ്ട്.

ഞങ്ങറം ക്യാമ്പിലേക്ക് തിരിച്ചുവരുവാനുള്ള ഒരുക്കമായി. സമയം 4 മണി കഴിഞ്ഞിരുന്നു. അപ്പോഴാണ് രാമലീലാഗ്രൌണ്ടിൽ പൊതുയോഗമുണ്ടെന്നും, തിബത്തു്പ്രധാനമന്ത്രിയുംമററും പ്രസംഗിക്കുന്നുണ്ടെന്നും ഞങ്ങളറിഞ്ഞതു്. ഏതായാലും ആ പരിപാടിയിലും കൂടി പങ്കുകൊള്ളേണമെന്നും, ലാമയെ ഒന്നു കാണേണമെന്നും ഞങ്ങറം തീരുമാനിച്ചു. അതിന്നു് രണ്ടു് ദിവസംമുമ്പാണ് റഷ്യൻപ്രധാനമന്ത്രി ബുറംഗാനിനും, ക്രൂഷ്ച്ചേവും രാമലീലാഗ്രൌണ്ടിൽ പ്രസംഗിച്ചതു്. ഞങ്ങറം നേരെ രാമലീലാഗ്രൌണ്ടിലേക്ക് പോയി. ജനത്തിരക്കുകൊണ്ടു് അപകടങ്ങറം സംഭവിക്കാതിരിക്കുന്നതിന്നായി നല്ല നിയന്ത്രണങ്ങറം ഏപ്പെട്ടുത്തിയിരുന്നു. ഞങ്ങറം വളരെ മുന്നിൽത്തന്നെ സ്ഥലം പിടിച്ചു. 'ചാച്ചാ നെഹറു'വിന്നു് ജൈവിളിക്കുന്ന കൊച്ചുകുട്ടികളായിരുന്നു മുന്നിൽ ഇരുന്നിരുന്നതു്. അവരുടെയെല്ലാം കയ്യിൽ കൊടിയുണ്ടു്. ഈ കൊടി ഒന്നായി ആകാശത്തിലിളക്കിക്കൊണ്ടാണ് വിദേശപ്രതിനിധികളെ സ്വാഗതംചെയ്യുക.

ജനക്കൂട്ടം രാമലീലാഗ്രൌണ്ട് കവിഞ്ഞൊഴുകി. ലാമയുടെ ആഗമനത്തിന്നുമുമ്പുതന്നെ ചലച്ചിത്രവിഭാഗം ജനക്കൂട്ടത്തിന്നുനേരെ ക്യാമറചൂണ്ടുവാൻ തുടങ്ങിയി

രുന്നു. കുറച്ചുകഴിഞ്ഞപ്പോൾ പ: നെഹറുവിൻേറയും ഡാ: കൈലാസ്നാഥ്കാട്ജുവിൻേറയും കൂടെ ലാമ പ്രസംഗമണ്ഡപത്തിലെത്തി. പതിനായിരക്കണക്കിൽ കൊടികൾ ആകാശത്തിലിളകിക്കൊണ്ടു് ആ വിദേശ പ്രതിനിധികൾക്കു് സ്വാഗതമരുളി. പെട്ടെന്നു് വൈദ്യുതദീപങ്ങൾ ഒന്നോടെ ജ്വലിച്ചു. രാമലീലാഗ്രൌണ്ടു് വർണ്ണശബളിതമായി. ഗ്രൌണ്ടിനുചുററും നില്ക്കുന്ന വന്മരങ്ങൾ ഇലക്ട്രിക് ബൾബുകളാകുന്ന നക്ഷത്രപ്പൂക്കളാൽ പൂത്തുകഴിഞ്ഞു. പണ്ഡിററ് നെഹറുവിൻെറ പ്രസംഗം കഴിഞ്ഞ ഉടനെ ഞങ്ങൾ ക്യാമ്പിലേക്കു് തിരിച്ചു. സമയം വൈകിയിരുന്നു.

അദ്ധ്യായം 8

# പാർളിമെൻറിൽ.

ഡിസമ്പർ 4.

ഞങ്ങളിന്നു് ഇന്ത്യാ പാർളിമെൻറ് സന്ദർശിക്കുവാൻ പോകയാണ്. ഇന്ത്യയുടെ ഭരണതന്ത്രം തിരിഞ്ഞുകൊണ്ടിരിക്കുന്ന വൃത്താകാരത്തിലുള്ള ആ വൻകെട്ടിടം ഞങ്ങളിന്നു് സന്ദർശിക്കും. എൻെറ ആഹ്ലാദത്തിനു് അതിരുണ്ടായിരുന്നില്ല.

ദൽഹിയിൽ വളരെ തിരക്കുപിടിച്ച സമയമാണ്. പാർളിമെൻറ് നടക്കുന്നുണ്ട്. പോരെങ്കിൽ, പതിനായിരക്കണക്കിൽ സന്ദർശകരെ ആകർഷിച്ചുകൊണ്ടിരിക്കുന്ന 'ദി വേൾഡ് ബുദ്ധിസ്റ്റ്, സയൻറിഫിക് ആൻറ് കൾച്ചറൽ എക്സിബിഷ'നും നടന്നുവരികയാണ്.

ദൽഹിയിലെത്തുവാൻ എൻെറ ഹൃദയം വെമ്പൽ കൊള്ളുകയാണ്. അന്നു് രണ്ടു് പ്രധാന പ്രസംഗങ്ങളുണ്ടായിരുന്നു. ലോകയൂത്തു്കോൺഗ്രസ്സിൻെറ ജനറൽ സെക്രട്ടരി ഫ്രെങ്ക്ഫേരയുടേയും, ബീഹാർ ഡെപ്യൂട്ടി സ്പീക്കർ ശ്രീ. ജഗത്‌നാരായൺലാലിൻേറയും പ്രസംഗങ്ങളായിരുന്നു അവ. അതൊന്നും എനിക്കു് ശ്രദ്ധിക്കുവാനേ സാധിച്ചില്ല. എൻെറ ഹൃദയത്തിൽ അവക്കൊന്നും അപ്പോൾ സ്ഥാനമുണ്ടായിരുന്നില്ല. ക്ലാസ്സുകളൊക്കെ കഴിഞ്ഞു. ഉച്ചഭക്ഷണവും കഴിഞ്ഞു. ദൽഹിയിലേക്കു് പോകുന്നതിന്നു് ഞങ്ങൾ തയ്യാറായിനിന്നു.

ഏതാണ്ട് മൂന്നു് മണിക്കു് പാർളിമെൻറിനെ ലക്ഷ്യമാക്കി ഞങ്ങൾ പുറപ്പെട്ടു. യാത്രയിൽ ഇന്ത്യാ ഗേററ് കാണുകയുണ്ടായി.

## ഇന്ത്യാഗേററ്.

നാലുഭാഗത്തേക്കും കവാടങ്ങളുള്ള ഒരു വലിയ ഗോപുരമാണ് ഇന്ത്യാഗേററ്. അതിന്നു് ചുറവും ഭംഗിയുള്ള ചെടികൾ കാണാം. മാർദ്ദവമുള്ള പുല്ല് നിലത്തു് പച്ചപ്പരവതാനി വിരിച്ചിട്ടുണ്ട്. ഒരു സന്ദർശകനെ ആകർഷിക്കുവാൻ കഴിവുള്ളതാണ് ഈ ഗേററ്. അനുദിനം നിരവധി സന്ദർശകരെ അതാകർഷിച്ചുകൊണ്ടിരിക്കുന്നു. അവിടെ സായാഹ്നവിശ്രമത്തിന്നെത്തുന്ന സന്ദർശകന്മാരും കുറവല്ല. ഇന്ത്യാഗേററിന്നു് ചുറവും കൈകോർത്തു്പിടിച്ച് ചുററിനടക്കുന്ന യുവതികളേയും, യുവാക്കളേയും കാണാമായിരുന്നു. 1921_ലാണത്രെ കണ്ണാട്ട്പ്രഭു ഈ ഗോപുരം പണിയിച്ചതു്. 1914ലെ ഒന്നാംലോകമഹായുദ്ധത്തിൽ ആത്മാർപ്പണംചെയ്ത പട്ടാളക്കാരുടെ സ്മരണക്കായിട്ടാണ് അദ്ദേഹം ഈ ഗേററ് പണിയിച്ചതു്.

## പാർളിമെൻറ് ഹൌസ്.


പാർളിമെൻറ് ഹൌസിന്നു് സമീപം ഞങ്ങളെത്തുമ്പോൾ സമയം മൂന്നരമണി കഴിഞ്ഞുകാണും. ഞങ്ങൾ ഒന്നിച്ച് ഒരൊററ വരിയായി ഗേററിന്നു് സമീ

പത്തേക്കു് നീങ്ങി. പെട്ടെന്നു് കുന്തവും ചൂണ്ടിക്കൊണ്ടുള്ള നിരവധി കാവൽക്കാർ ഗേററിനു് സമീപം അണിനിരന്നുകൊണ്ടു് അകത്തേക്കുള്ള ഞങ്ങളുടെ മാർഗ്ഗം തടഞ്ഞു. രേഖാമൂലമായ അനുവാദം കാണിച്ചല്ലാതെ അവർ ഞങ്ങളെ അകത്തുകടത്തിവിടുമായിരുന്നില്ല. രേഖാമൂലമായ അനുവാദം ഞങ്ങളുടെ കൈവശം ഉണ്ടായിരുന്നുമില്ല കുറെ സമയം ഞങ്ങൾ പുറത്തുനില്ക്കേണ്ടി വന്നു. എനിക്കു് വളരെ നിരാശതോന്നി. കുറച്ചുസമയത്തിന്നുശേഷം ഞങ്ങൾക്കു് ഗേററ് കടക്കുവാൻ അനുവാദം കിട്ടി. ഉത്സാഹഭരിതരായ ഞങ്ങൾ മുന്നോട്ടു നീങ്ങി. മനോഹരമായ പാർളിമെൻറ് കെട്ടിടത്തിന്നുമുന്നിൽ അകത്തുകടക്കുവാനുള്ള ആകാംക്ഷയോടെ അക്ഷമരായി ഞങ്ങൾ കാത്തുനിന്നു. അകത്തുകടക്കുവാൻ ഇനിയും ഞങ്ങൾക്കു് അനുവാദം ആവശ്യമായിരുന്നു.

അന്നത്തെ പാർളിമെൻറ്യോഗം നിത്തിവെക്കേണ്ട സമയമായിരിക്കുന്നു. യോഗനടപടികൾ കഴിഞ്ഞതിന്നു്ശേഷമാണു് അവിടെ എത്തുന്നതെങ്കിൽ നൈരാശ്യജനകമായിരിക്കും അതു്. പ്രവേശനം ലഭിക്കുവാൻ കുറച്ചുസമയം കാത്തുനില്ക്കേണ്ടതായി വന്നു. ഈ സമയത്തു് പാർളിമെൻറ് ഹൌസിൻെറ പുറത്തു് ഞാനൊന്നു് ചുററിനടന്നു. കെട്ടിടത്തിൻെറ താഴെയുള്ള നിലം കോൺഗ്രീററിട്ടതാണു്. നൂറുകണക്കിന്നു് കാറുകൾ അവിടെ നിരന്നുനില്ക്കുന്നുണ്ടു്. പാർളിമെൻറ് മെമ്പർമാരുടേയും, മിനിസ്റ്റർമാരുടേയും കാറുകളായിരു




കേമ്പിൽ — ഹിന്ദി ക്ലാസ്സ്.



ജന്ദർമന്ദിർ.



ഇന്ത്യാ പാർലിമെൻററ് ഹൌസ്.



റേഡിയോ നിലയം — ഡൽഹി.

ന്നു അവ. നിരവധി മിലിട്ടറിഉദ്യോഗസ്ഥന്മാർ എ ങ്ങും നിറഞ്ഞുനില്ക്കുന്നുണ്ടു്. യഥേഷ്ടം എങ്ങും സഞ്ച രിക്കുവാൻ സാധിക്കുമായിരുന്നില്ല.

കെട്ടിടത്തിൻെറ ഭംഗിനോക്കി വളരെ സമയം ഞാൻ നിന്നുപോയി. വൃത്താകാരത്തിലുള്ള ആ കെട്ടി ടത്തിന്നു അരനാഴികയോളം ചുററളവുണ്ടു്. അഞ്ചു കൊ ല്ലംകൊണ്ടാണ് അതിൻെറ പണി പൂർത്തിയാക്കിയിരി ക്കുന്നതു്. കലാപരമായ കഴിവുകൾ ആ കെട്ടിടത്തി ൻെറ നിർമ്മിതിയിൽ സമത്ഥമാംവണ്ണം സുലഭമായി ഉപ യോഗപ്പെടുത്തിയിട്ടുണ്ടു്. അതിൻെറചുററും നല്ല ഭംഗി യുള്ള തോട്ടങ്ങളുണ്ടു്; പൂത്തുനില്ക്കുന്ന ചെടികളുണ്ടു്. അതെല്ലാം ആ കെട്ടിടത്തിൻെറ മനോഹാരിതയ്ക്കു് മാററുകൂട്ടുന്നവയാണ്. ഇന്ത്യയുടെ തലസ്ഥാനനഗരിക്കു് തികച്ചും അഭിമാനംനല്കുന്നതാണ് അന്തസ്സും, ആഭിജാ ത്യവുമുള്ള ആ കെട്ടിടം. ഇന്ത്യയുടെ പണംകൊണ്ടു്, ഇന്ത്യയിലെ ശില്പികൾ ആ കെട്ടിടം പണിതുയർത്തു മ്പോൾ, ഒരുപക്ഷെ, ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടുപോ കേണ്ടിവരുമെന്നു് ഓർത്തിരിക്കുകയില്ല. ഒരു മുത്തുമാല യുടെ നടുവിൽ ഒരു രത്നം പതിച്ചിരിക്കുന്നതുപോലെ യാണ് ഡൽഹിനഗരത്തിൻെറ ഹൃദയത്തിൽ ഇന്ത്യാ പാർളിമെൻറ്കെട്ടിടം നിലകൊള്ളുന്നതു്.

ഞങ്ങൾക്കു് പാർലിമെൻറിൽ പ്രവേശിക്കുവാൻ അനുവാദം ലഭിച്ചു. ആഹ്ലാദഭരിതരായാണ് ഇന്ത്യാ

പാർളിമെൻറ് ഹൌസിൽ ഞങ്ങറം പ്രവേശിച്ചതു്. സന്ദർശകഗാലറികളിലേക്കു് ഞങ്ങറം നീങ്ങി. ഓരോ വാരയും ഇടവിട്ടു് വലിയ ഉദ്യോഗസ്ഥന്മാർ നിന്നിരുന്നു. ഇടയ്ക്കിടെ സൂക്ഷ്മദൃഷ്ടികളാൽ അവർ ഞങ്ങളെ പരിശോധിക്കുന്നുണ്ടായിരുന്നു. ഞങ്ങറം മുകളിലേക്കു് കയറി. വൃത്താകാരത്തിലുള്ള കെട്ടിടത്തിൻെറ അകത്തും വൃത്തത്തിൽത്തന്നെ ഞങ്ങറം സഞ്ചരിച്ചുകൊണ്ടിരുന്നു. എൻെറ കയ്യിൽ ഒരു പുസ്തകമുണ്ടായിരുന്നു. വഴിയിൽ ഒരുദ്യോഗസ്ഥൻ അതു് വാങ്ങിവെച്ചു. ഞങ്ങറം സന്ദർശകഗാലറികളിൽ ഇരുന്നു. സഭാനടപടികറം വീക്ഷിക്കുവാൻ താഴോട്ടുനോക്കിയിരിക്കണം. ഞങ്ങറം നോക്കിയിരുന്നു. അപ്പോറം ഡെപ്യൂട്ടിസ്പീക്കറാണ് യോഗനടപടികറം നിയന്ത്രിച്ചിരുന്നതു്. മെമ്പർമാരുടെ സീററുകറം വളരെ ഒഴിഞ്ഞുകിടക്കുന്നുണ്ടു്. അന്നത്തെ യോഗം കഴിയാറായിരിക്കുന്നു. 15 മിനുട്ടു് സമയം പാർളിമെൻറ് നടപടികറം വീക്ഷിച്ചുകൊണ്ടു് ഞങ്ങളവിടെ കഴിച്ചുകൂട്ടി. സമയം പോയതറിഞ്ഞില്ല. അത്രയേറെ ആഹ്ളാദഭരിതമായിരുന്നു ആ നിമിഷങ്ങറം. ഇന്ത്യയുടെ പാർളിമെൻറ് യോഗത്തിൽ സംബന്ധിക്കുവാൻകഴിഞ്ഞ ആനന്ദം ഹൃദയത്തിൽ തിങ്ങിനിറഞ്ഞിരുന്നു. ഞങ്ങറം തിരിച്ചുപോരുവാനുള്ള ഒരുക്കമായി. വഴിയിൽ വാങ്ങിവെച്ചിരുന്ന എൻെറ പുസ്തകം തിരിച്ചുകിട്ടി.

'ഡെപ്യൂട്ടിസ്പീക്കർ നിങ്ങളോടു് സംസാരിക്കുവാനാശിക്കുന്നു.'

വളരെ ആനന്ദത്തോടുകൂടിയാണു് ഞങ്ങളാവാക്കുകൾ കേട്ടതു്. പാർലിമെൻറ് മന്ദിരത്തിന്റെ മുകളിൽ നടക്കുവാനുള്ള ആ വഴിയിൽ ഞങ്ങളെ ഒരു നിരയായി നിർത്തി. കുറച്ചുകഴിഞ്ഞപ്പോൾ ഡെപ്യൂട്ടിസ്പീക്കർ അതിലെ നടന്നുവന്നു. അദ്ദേഹം ഞങ്ങളോടു് സംസാരിച്ചുകൊണ്ടു് അതിലെ കടന്നുപോയി. നല്ല പൌരന്മാരാകുവാനുള്ള ഒരാഹ്വാനമായിരുന്നു അദ്ദേഹത്തിന്റെ ഉപദേശത്തിൽ നിഴലിച്ചിരുന്നതു്.

## സ്പീക്കർ.

'നിങ്ങൾക്കു് സ്പീക്കർ കൂടിക്കാഴ്ച അനുവദിച്ചിരിക്കുന്നു.'

ഞങ്ങൾക്കുണ്ടായ ആനന്ദം പറഞ്ഞറിയിക്കുക പ്രയാസമാണു്. സ്പീക്കറുടെ മുറിയിലേക്കു് ഞങ്ങൾ കടന്നുചെന്നു. ഇന്ത്യയിലെ എല്ലാ സ്റ്റേററിൽനിന്നുമുള്ള പ്രതിനിധികൾ ഞങ്ങളുടെ കൂട്ടത്തിലുണ്ടായിരുന്നു. ഓരോ സംസ്ഥാനത്തിലേയും പ്രതിനിധികളെ വേറെവേറെ വിളിച്ചുകൊണ്ടാണു് സ്പീക്കർ അഭിമുഖസംഭാഷണം നടത്തുന്നതെന്നു് ഞങ്ങൾക്കു് മനസ്സിലായി. ഒരു മിനുട്ടു് സമയമാണു് ഓരോ പ്രദേശത്തിനും അനുവദിച്ചിരിക്കുന്നതെന്നു് ഏതാണ്ടെനിക്കു് ഊഹിക്കുവാൻ കഴിഞ്ഞു. അടുത്ത നിമിഷത്തിൽ കൈവരുവാൻ പോകുന്ന പരമഭാഗ്യത്തെക്കുറിച്ചോർത്തപ്പോൾ എനിക്കു് രോമാഞ്ചമുണ്ടായി. ഇന്ത്യയുടെ സ്പീക്കറെന്ന നിലക്കു്,

ഇന്ത്യാപാർളിമെൻറ് ഹൌസിലെ സ്പീക്കറുടെ മുറിയിൽ വെച്ചാണ് ഈ സംഭാഷണമെന്നതായിരുന്നു കൂടുതൽ ആഹ്ലാദഹേതു. ഞങ്ങൾ കേരളത്തിൽനിന്നുള്ളവർ ഞങ്ങളുടെ ഊഴവും പ്രതീക്ഷിച്ച് നില്ക്കുകയാണ്. അപ്പോൾ ഞങ്ങൾ മലബാറിൽനിന്ന് മൂന്നു പേരും, തിരുക്കൊച്ചിയിൽനിന്ന് അഞ്ചു പേരുമാണ് കേരള പ്രതിനിധികളായി ഉണ്ടായിരുന്നത്. ഞങ്ങൾ കരുതിയിരുന്നതുപോലെ ഞങ്ങളെ ഒന്നിച്ചല്ല വിളിച്ചത്. മലബാർ പ്രതിനിധികളെ വേറെയാണ് വിളിച്ചത്. അതുകൊണ്ട് കൂടുതൽ സൌകര്യത്തോടെ ബഹുമാന്യനായ നമ്മുടെ സ്പീക്കർ ശ്രീ. അനന്തശയനം അയ്യങ്കാരുമായി അഭിമുഖസംഭാഷണം നടത്തുവാൻ ഞങ്ങൾക്ക് സാധിച്ചു. വളരെ സന്തോഷഭാവത്തിലാണ് ആ കൂടിക്കാഴ്ച നടന്നത്. മലബാറിനെ സംബന്ധിച്ചെല്ലാം അദ്ദേഹം ഞങ്ങളോട് ചോദിച്ചു. വളരെ വിലയേറിയ ഉപദേശം അദ്ദേഹം ഞങ്ങൾക്ക് നല്കി. മൂന്ന് മിനുട്ടിലധികം സ്പീക്കർ ഞങ്ങളുമായി സംസാരിച്ചു.

പാർളിമെൻറിൻെറ എല്ലാ ഭാഗവും നടന്നുകാണുവാൻ ഞങ്ങൾക്കവസരം ലഭിച്ചു. എല്ലാ ഭാഗവും ഞങ്ങൾ നോക്കിക്കണ്ടു. ഹൃദയംനിറഞ്ഞ കൃതാർത്ഥതയോടെയാണ് ഞങ്ങൾ തിരിച്ചുപോന്നത്. പുറത്തെത്തിയപ്പോൾ മനോഹരമായ ആ കെട്ടിടത്തിനുനേരെ ഞാൻ വീണ്ടുമൊന്ന് തിരിഞ്ഞുനോക്കി. ലോകരാഷ്ട്രങ്ങളും മുന്നിൽ സാഭിമാനം തല ഉയർത്തിക്കൊണ്ടാണ് അന്ന

സ്സം, ആഭിജാത്യവുമല്ലാ ആ പരിഷ്ക്കരിച്ച കെട്ടിടം നിലക്കൊള്ളുന്നതെന്നു് തോന്നി.

## റേഡിയോനിലയം.

നമ്മുടെ പാർളിമെൻറ് കെട്ടിടത്തിന്നു് സമീപത്താണ് അഖിലേന്ത്യാ റേഡിയോനിലയവും നിലകൊള്ളുന്നതു്. പാർളിമെൻറ് ഹൌസുപോലെത്തന്നെ ഇതും വൃത്താകാരത്തിലുള്ള ഒരു കെട്ടിടമാണ്. നിരവധി സന്ദർശകരെ ആകർഷിച്ചുകൊണ്ടിരിക്കുന്നതാണ് ഈ മനോഹരമായ കെട്ടിടവും. വൃത്താകൃതിയിലുള്ള ഈ കെട്ടിടത്തിൻെറ മുകൾഭാഗം കണ്ടാൽ ഒരു വെൺകൊറക്കുട ഉയർത്തിപ്പിടിച്ചിരിക്കുകയാണെന്നേ തോന്നൂ. ഇന്ത്യയിലെ മാത്രമല്ല, ഏഷ്യയിലെത്തന്നേയും ഏററവും വലിയ റേഡിയോ നിലയമാണ് ഇതെന്നതിൽ തികച്ചും നമുക്കഭിമാനം കൊള്ളാം. ഇന്ത്യയുടെ അന്തസ്സ് നിലനിർത്തുവാൻ യോഗ്യതയുള്ളതാണ് അഖിലേന്ത്യാ റേഡിയോസ്റ്റേഷൻ.

## പ്രദർശനം.

ഞങ്ങൾ പിന്നീട് യാത്രതിരിച്ചതു് പ്രദർശനം കാണുവാനാണ്. 'ബുദ്ധിസ്റ്റ്, സയൻറിഫിക ആൻറ് കൾച്ചറൽ എക്സിബിഷ്യൻ' ഡൽഹിയിൽ നടക്കുന്നുണ്ട്. പ്രദർശനസ്ഥലത്തെ ലക്ഷ്യമാക്കിക്കൊണ്ടു് ഞങ്ങൾ യാത്രതുടന്നു. ഏതാണ്ടു് ആറുമണിയോടു കൂടി ഞങ്ങളെല്ലാം പ്രദർശനസ്ഥലത്തെത്തി.

ആരേയും ഞെട്ടിപ്പിക്കുന്ന തരത്തിലുള്ള ഒരു കാഴ്ചയാണ് പുറത്തുകണ്ടതു്. പതിനായിരക്കണക്കിൽ കാറുകൾ നിറഞ്ഞുനില്ക്കുന്നതു് ഇന്ത്യയുടെ അന്തസ്സിന്നിണങ്ങിയ ഒരു മനോഹരദൃശ്യമായിരുന്നു.

ഒരു ദിവസം മുഴുവനും ചുററിനടന്നാൽ ആ പ്രദർശനം കണ്ടുകഴിയുമായിരുന്നില്ല. പ്രധാന സ്ഥലങ്ങൾ മാത്രമേ ഞങ്ങൾ സന്ദർശിച്ചുള്ളു. പ്രദർശനഹാളിൽ ഞങ്ങൾ നടത്തിയതു് ഒരു മിന്നൽപര്യ്യടനമായിരുന്നു. കൂടുതലായി ഒന്നും മനസ്സിലാക്കുവാൻ സാധിച്ചില്ല. എന്നെ കൂടുതൽ ആകർഷിച്ചതു് ജീവചൈതന്യം തുളുമ്പുന്ന ചില കലാസൃഷ്ടികളായിരുന്നു. നിരവധി ചിത്രങ്ങൾ അവിടെ പ്രദർശനത്തിന്നു് വെച്ചിട്ടുണ്ടു്. വളരെ സമയം അതെല്ലാം നോക്കി മനസ്സിലാക്കുവാൻ ഞങ്ങൾ ഉപയോഗിച്ചു. ഇന്ത്യയിലെ വൻകിടപദ്ധതികളുടെ ചെറിയ രൂപങ്ങൾ അവിടെ പ്രദർശിപ്പിച്ചിരുന്നു. അതെല്ലാം ഞങ്ങൾ നോക്കിമനസ്സിലാക്കി.

നല്ല വിശപ്പുണ്ടായിരുന്നതിനാൽ ഞങ്ങൾ കാപ്പി കഴിക്കുവാൻ ഒരു ക്ലബ്ബിൽ കയറി. വളരെ സമയം കാത്തിരുന്നതിന്നുശേഷമാണ് കാപ്പി ലഭിച്ചതുതന്നെ. അവസാനം ബില്ലുവന്നപ്പോൾ ഞങ്ങൾ ഞെട്ടിപ്പോയി. എക്സിബിഷൻെറ ചെലവെല്ലാം അവർ ഈടാക്കുകയാണെന്നു് തോന്നി. ഒരക്ഷരവും പറയാതെ പൈസ കൊടുത്തു് ഞങ്ങൾ തിരിച്ചുപോന്നു.

ഞങ്ങൾ പ്രദർശനശാല വിടുമ്പോൾ സമയം വളരെ വൈകിയിരുന്നു. അസഹനീയമാംവണ്ണം തണുപ്പ് വർദ്ധിച്ചിട്ടുണ്ട്. വേണ്ടത്ര കംബളിവസ്ത്രങ്ങൾ കരുതിയിരുന്നുമില്ല. വേഗം ക്യാമ്പിലെത്തി രസായികളുള്ളിൽ കടന്നുകൂടുവാൻ ഞങ്ങളാശിച്ചു.

10മണിക്ക് മുമ്പായി ഞങ്ങൾ ക്യാമ്പിലെത്തി. അന്ന് ഒരു ഗ്ലാസ്സ് പാൽ മാത്രമേ അത്താഴമായി ലഭിച്ചുള്ളു. അന്നത്തെ പരിപാടിയുടെ സുന്ദരസ്വപ്നം കണ്ടുറങ്ങുവാനായി രസായികളുള്ളിൽ ഞങ്ങൾ കടന്നുകൂടി. ഉറങ്ങിയതറിഞ്ഞില്ല.

തണുത്ത ഒരു പ്രഭാതം വിളിച്ചുണർത്തി. രാജസ്ഥാൻ മുഖ്യമന്ത്രി ശ്രീ. ഗോകൽദാസ് ഭട്ട് അന്ന് ക്യാമ്പിൽ വന്ന് ക്ലാസ്സ്മേറ്റുകളുകയും ഞങ്ങളൊന്നിച്ച് ഭക്ഷണം കഴിക്കുകയുമുണ്ടായി.

അദ്ധ്യായം 9.

# കുത്തബ്മീനാർ.

താജ്മഹൽ ഒരു വിദൂരദൃശ്യം കണ്ടപ്പോൾ കൊച്ചു നാളിലെ ഒരു സ്വപ്നം സഫലമായതായി എനിക്ക് തോന്നി. ഭാവനയിലുയർന്ന സ്വപ്നം യാഥാർത്ഥ്യമായി രൂപംകൊണ്ടു. അങ്ങനെ ലോകത്തിലെ ഒരത്ഭുതം എനിക്ക് ദർശനമരുളി. വീണ്ടുമിതാ ലോകത്തിലെ മററൊരത്ഭുതംകൂടി കാണുവാൻ പോകുന്നു.

ഡിസംബർ 9.

ഞാനിന്ന് കുത്തബ്മീനാർ കാണുവാൻ പോകയാണ്. ആ പിഞ്ചുനാളിലെ വളർന്നുകൊണ്ടിരിക്കുന്ന ആഗ്രഹം ഇന്നു് പരിപൂർണ്ണമാകുന്ന സുദിനമാണ്.

## തുഗ്ളക്കബാദ്.

തുഗ്ലക്കബാദിനെ ലക്ഷ്യമാക്കി ഞങ്ങൾ യാത്രപുറപ്പെട്ടു. ബദർപൂരിനെ തൊട്ടുകിടക്കുന്ന ഒരു ഗ്രാമമാണ് തുഗ്ലക്കബാദ്. ചരിത്രാന്വേഷികൾക്ക് തിരഞ്ഞുനോക്കുവാൻപററിയ നിരവധി അവശിഷ്ടങ്ങൾ ഇവിടെയുണ്ടു്. മുഹമ്മദ് തുഗ്ലക്കിന്റെ കോട്ട പൈശാചികഭീഭത്സതയോടെ തകർന്നടിഞ്ഞു് കിടക്കുന്നതു് ഭയാനകമായ ഒരു കാഴ്ചയാണ്. മുഹമ്മദ്തുഗ്ലക്കിന്റെ കുപ്രസിദ്ധമായ തലസ്ഥാനമാററം ഇടസ്ഥലത്തേക്കാണുണ്ടായതു്. മൂന്നുനാല് നാഴിക നീളത്തിൽ അതിന്റെ അവശിഷ്ട

ങ്ങൾ കാണാനുണ്ട്. പൂർവ്വകാലചരിത്രത്തിന്റെ സ്മരണയുമായി ഗവേഷകന്മാരേയും, ചരിത്രാന്വേഷികളേയും പ്രതീക്ഷിച്ചുകൊണ്ടു് ഇന്ത്യാചരിത്രത്തിലെ അറിയപ്പെടുന്ന ഒരു സുൽത്താന്റെ ഭാവനയിലുയൎന്ന സ്വപ്നം മണ്ണടിഞ്ഞുകിടക്കുകയാണ്! നിരവധി വാനരന്മാർ മാത്രമാണ് ഇന്നവിടെ കാണുന്ന ജീവജാലങ്ങൾ. ആ കോട്ടയ്ക്കകത്തു് അവ പെററുപെരുകുന്നുമുണ്ടു്. ദൽഹി-മധുരാ റോട്ടിൽനിന്നു് കുത്തബ്മീനാറിലേക്കു് പോകുന്ന റോഡിന്റെ ചാരത്താണ് ഈ കോട്ട തകൎന്നുകിടക്കുന്നതു്. ഒന്നുരണ്ടു് വിദേശസന്ദൎശകർ അവിടെനിന്നു ഫോട്ടോ എടുക്കുകയും, നോട്ടുകുറിക്കുകയും ചെയ്തിരുന്നു. ആ കോട്ട നശിച്ചുകിടക്കുകയാണെങ്കിലും മുഹമ്മദുതുഗ്ലക്കിന്റെ നാമം ഇന്നും അവിടെ നിലനില്ക്കുകയാണ്. ആ ഗ്രാമത്തിന്റെ പേരാണ് തുഗ്ലക്കബാദ്.

നാം ദൽഹി മുഴുവനും സൂക്ഷ്മമായൊരന്വേഷണം നടത്തിയാൽ മുഗിലസാമ്രാജ്യത്തിന്റെ ഐശ്വൎയ്യപൂൎണ്ണമായ കാലഘട്ടം നാശമടയാത്ത നിരവധി സ്മാരകങ്ങളിൽ ജീവചൈതന്യംകൊള്ളുന്നതായി കാണുവാൻ സാധിക്കും. മുഗിലകാലഘട്ടം ഇന്ത്യക്കു് പല സംഭാവനകളും നല്കിയിട്ടുണ്ടു്. ലോകത്തിലെ രണ്ടു് മഹാത്ഭുതങ്ങൾ ഇന്ത്യക്കു് സംഭാവനചെയ്തതു് മുഗിലസുൽത്താന്മാരാണ്. അതത്രെ ഷാജഹാൻചക്രവൎത്തി പണിയിച്ച താജ്മഹലും, കുത്തബുദ്ദീൻ പണിയിച്ച കുത്തബ് മീനാറും.

മുഗിലസുൽത്താന്മാരിൽ മതസഹിഷ്ണുതയുള്ളവരും, ഇതരമതവിദ്വേഷികളുമുണ്ടായിരുന്നു. പക്ഷെ അവരെല്ലാം ഭാരതത്തെ സ്നേഹിച്ചിരുന്നവരാണ്. തങ്ങളുടെ ഐശ്വര്യം ഭാരതത്തിൽ നിലനിന്നുകാണുവാനേ അവർ ആഗ്രഹിച്ചുള്ളു. അതിൻെറ പരിണിതഫലമത്രെ ഇന്ത്യയിലെ നിരവധി കലാസൌഭാഗ്യമാൎന്ന പുരാതന കെട്ടിടങ്ങൾ.

തുഗ്ലക്കബാദിൽനിന്നും കുറച്ചുദൂരം ചെന്നപ്പോൾ കുത്തബ്മീനാർ കണ്ടുതുടങ്ങി. പക്ഷെ വൃക്ഷനിരകളുടെ വിടവുകളിലൂടെയാകയാൽ ഇടയ്ക്കിടെ മറഞ്ഞും, ഇടയ്ക്കിടെ തെളിഞ്ഞുംകൊണ്ടാണ് കാണപ്പെട്ടതു്. ബസ്സുനിന്നപ്പോൾ ആഹ്ലാദഭരിതരായി ഞങ്ങൾ താഴെയിറങ്ങി. ആകാശത്തിൽ തൂങ്ങിക്കിടക്കുന്ന മേഘങ്ങളെ തുളച്ചുകൊണ്ട് അത്യുന്നതമായി നില്ക്കുകയാണ്. സ്തബ്ധചിത്തനായാണ് കുത്തബ്മീനാറിനുനേരെ ഞാൻ നടന്നു ചെന്നതു്.

ഒരു പുതിയലോകത്തിൽ എത്തിയിരിക്കുകയാണ് ഞങ്ങൾ. തകൎന്നതും, തകരാത്തതുമായ നിരവധി ചരിത്രസത്യങ്ങൾ അവിടെ കാണാമായിരുന്നു.

## ലോഹസ്തൂപം.

നൂററാണ്ടുകളിലൂടെ അതിജീവിച്ചുപോന്ന ഒരു ഇരുമ്പുതൂൺ അവിടെ നില്ക്കുന്നുണ്ടു്. സംവത്സരങ്ങൾ പഴക്കമുള്ളതാണത്രെ ആ ലോഹസ്തൂപം. അതിന്നൊരിക്കലും തുരുമ്പുകയറുകയില്ല. ഒരിക്കലും തുരുമ്പുപററാ

തെ കാററും, വെയിലും, മഞ്ഞും, മഴയുമെല്ലാമേററ് പൂൎവ്വരൂപത്തിൽ നിലകൊള്ളുന്ന ഈ അത്ഭുതസ്തൂപം കുത്തബ്മീനാറിൻെറ നിഴലിൽനിന്നു് ശാസ്ത്രലോകത്തെ പരിഹസിച്ചുചിരിക്കുകയാണ്. വിസ്മയജനകമായ ഇതിൻെറ സത്യം കണ്ടെത്തുവാൻ, ശാസ്ത്രകാരന്മാൎക്ക് ഇന്നും സാധിച്ചിട്ടില്ല. അത്ഭുതങ്ങളുടെ ആ ലോകത്തിൽനിന്നു് ആ ലോഹസ്തൂപവും, കുത്തബ്മീനാറും, അതിനോടു് ചേൎന്നുകിടക്കുന്ന മററനവധി ചരിത്രയാഥാൎത്ഥ്യങ്ങളും ഞാൻ മാറിമാറിനോക്കി.

ചരിത്രാന്വേഷകൻെറ സഹായത്തിന്നു വേണ്ടി നിരവധി രേഖകൾ അവിടവിടെയായി എഴുതിവെച്ചിട്ടുണ്ട്. ഒരു വഴികാട്ടിയുടെ സഹായമില്ലെങ്കിൽ പോലും ഇതു് സന്ദൎശകൎക്ക് വളരെയേറെ സഹായകരമാണ്. ആവശ്യമായ നിരവധി ചരിത്രരേഖകൾ ആ ചരിത്രശകലങ്ങളിൽനിന്നും ശേഖരിക്കുവാൻ എനിക്കു് സാധിച്ചു. പ്രധാന കാൎയ്യങ്ങളെക്കുറിച്ച് ഞാൻ നോട്ടു് കുറിക്കുന്നുണ്ടായിരുന്നു.

## മീനാർ.

നൂറുകണക്കിന്നു് കാറുകൾ മീനാറിന്നു് ചുററും നിറഞ്ഞുനില്ക്കുന്നുണ്ട്. ആയിരക്കണക്കിന്നു് സന്ദൎശകർ അവിടെ ചുററിനടക്കുകയാണ്. നിരവധി കാറുകൾ വരികയും പോവുകയും ചെയ്യുന്നു. കേമറകളുടെ ഒരു ബഹളമാണവിടെ. ഫ്ലേഷ് കേമറകൾ ഇടയ്ക്കിടെ മിന്നിക്കൊണ്ടിരിക്കുന്നുണ്ട്. ലോകത്തിലെ ആ

മഹാത്ഭുതത്തിന്നുനേരെ ഞാൻ നിർന്നിമേഷനായി നോക്കി. അതിന്റെ ഉന്നതിയിലേക്കുയൎന്നുപോകുന്ന അഞ്ചു നിരകളിലായി മനുഷ്യർ നിറഞ്ഞുനില്ക്കുന്നുണ്ടായിരുന്നു. ആദ്യം അതു് മനുഷ്യരാണോ എന്നു് ഞാൻ ശങ്കിച്ചുപോയി. കുത്തബ്മീനാറിനോടനുബന്ധിച്ചു എന്തെങ്കിലും കൊത്തുപണികളാണെന്നേ തോന്നുകയുള്ളൂ. പിന്നീടതു് മനുഷ്യരാണെന്നു് ബോദ്ധ്യമായപ്പോൾ അവിടെയെത്തുവാൻ എന്റെ ഹൃദയം തിടുക്കപ്പെട്ടു.

ആ ഉന്നതസ്തൂപത്തിന്റെ ശിരസ്സിൽ കയറുന്നവൎക്കു് വിശ്രമിക്കുവാനുള്ള താവളങ്ങളും ബുദ്ധിമാനായ ആ സുൽത്താൻ പണിചെയ്യിച്ചിട്ടുണ്ടു്. വഴിയിൽ വിശ്രമിക്കുവാനൊരിടവുമില്ലാത്ത വിധത്തിൽ വെറും ഒരു സ്തൂപമായി അതു് പണിചെയ്യുകയാണു് ചെയ്തിരുന്നതെങ്കിൽ ആ മഹാത്ഭുതത്തിന്റെ നിറുകയിലെത്തുവാൻ മനുഷ്യനു് സാധിക്കുകയോ, മീനാറിൽ മനുഷ്യസ്സഞ്ചാരം തന്നെ ഏല്ക്കുകയോ ചെയ്യുമായിരുന്നില്ല. ഞങ്ങൾ അതിന്റെ ഉന്നതശീൎഷത്തിൽ കയറുവാൻ തന്നെ തീരുമാനിച്ചു.

പ്രവേശനദ്വാരത്തിന്നടുത്തുതന്നെ 'സംഘംസംഘമായല്ലാതെ ഇതിന്റെ മുകളിൽ ആൎക്കും കയറുവാൻ പാടുള്ളതല്ല' എന്നു് എഴുതിവെച്ചിട്ടുണ്ടു്. അവിടെ നില്ക്കുന്ന ഒരു കാവൽക്കാരനോടു് ഞാനിതിന്റെ കാരണം ചോദിച്ചുമനസ്സിലാക്കി. 'വഴിയിൽവെച്ചു് വല്ല അപകടങ്ങളും സംഭവിച്ചാൽ സഹായം ലഭിക്കുന്നതിന്നുവേ

ണ്ടിയാണത്രെ ഇങ്ങനെ ഒരു നിബന്ധനവെച്ചിരിക്കുന്നതു്.

ഞങ്ങൾ കുത്തബു് മീനാറിൻെറ മുകളിലേക്കുള്ള കയററം ആരംഭിച്ചു. 238 അടി അതിന്നുയരമുണ്ടു്. 379 പടികൾ കയറിയിട്ടുവേണം അതിൻെറ മുകളിലെത്തുവാൻ. അതിന്നിപ്പോൾ 5 തട്ടുകളാണുള്ളതു്. അഞ്ചാമത്തെതട്ടിൽ നാം എത്തിക്കഴിഞ്ഞാൽ കുത്തബു് മീനാറിൻെറ മുകളിൽ നാം എത്തിക്കഴിഞ്ഞു. ഇടുങ്ങിയ മാർഗ്ഗത്തിലൂടെയാണ് ഞങ്ങളിപ്പോൾ കയറിക്കൊണ്ടിരിക്കുന്നതു്. ഒരു ഭാഗത്തുടെ മുകളിലേക്കുള്ളവർ ഒരൊററവരിയായി കയറിക്കൊണ്ടിരിക്കുന്നു. മറെറാരുവരി താഴോട്ടിറങ്ങുന്നുമുണ്ടു്. ഇടയ്ക്കിടെ വെളിച്ചവും, വായുവും ലഭിക്കുന്നതിന്നുള്ള വാതായനങ്ങളുണ്ടു്. നമുക്കവിടെ അല്പസമയം വിശ്രമിക്കുകയോ ദീർഘമായൊന്നു് നിശ്വസിക്കുകയോചെയ്യാം. കുറെ ദൂരം നാം കയറിക്കഴിഞ്ഞാൽ ആദ്യത്തെ തട്ടിൽ നാം എത്തുകയായി. പുറത്തേക്കൊരു വാതിൽ കാണാം. അതു് കടന്നാൽ വട്ടത്തിലുള്ളൊരു വരാന്തയാണ്. അതാണ് ആദ്യത്തെ വിശ്രമത്താവളം. വേണമെങ്കിൽ നമുക്കവിടെ അല്പസമയം ചുററിനടക്കാം. വല്ലവരുമായി വേണമെങ്കിൽ പരിചയപ്പെടാം. പുകവലിക്കാർക്കു് ഒരു സിഗരററും കൊളുത്താം. അല്പസമയം വിശ്രമിച്ച ശേഷം വീണ്ടും യാത്രതുടരാം. ഞാൻ താഴോട്ടൊന്നു നോക്കി. അവിടെ നില്ക്കുന്ന കാറുകൾക്കൊക്കെ ഇപ്പോൾ അതിൻെറ പകുതിയോളമേ വലുപ്പമുള്ളു. വലിയ

മനുഷ്യരൊക്കെ ചെറിയ കുട്ടികളായി മാറിയിരിക്കുന്നു. ഞാൻ തലഉയർത്തി മുകളിലേക്കൊന്നു നോക്കി. അടിയിൽനിന്നാരംഭിച്ച കലാകാരൻെറ കൈവിരുത് മുകളിലോളമുണ്ടെന്നു് എനിക്കു് മനസ്സിലായി. മുകളിലോട്ടു് പോകുംതോറും അതിൻെറ വണ്ണം ചുരുങ്ങിവരുന്നുണ്ടു്. ഞങ്ങൾ വീണ്ടും അകത്തുകടന്നു. രണ്ടാമത്തെ തട്ടിലേക്കുള്ള പ്രയാണമാരംഭിച്ചു.

താഴോട്ടിറങ്ങുന്നവർക്കു് ആഹ്ലാദമാണ്. മുകളിലേക്കു് കയറുന്നവർക്കു് ഉൽക്കണ്ഠയും.

അന്നു് ഞായറാഴ്ചയാണ്. കുത്തബ്മീനാറിൽ നല്ല തിരക്കുണ്ടു്. മററുദിവസങ്ങളെ അപേക്ഷിച്ച് ഞായറാഴ്ചയാണത്രെ കുത്തബ്മീനാറിൽ ഏററവുമേറെ സന്ദർശകന്മാർ വന്നുകൊണ്ടിരിക്കുന്നതു്. സന്ദർശകന്മാരുടെകൂട്ടത്തിൽ സ്ത്രീകളുടെ എണ്ണവും കുറവല്ല. ഇറങ്ങുകയും കയറുകയും ചെയ്യുന്നവർ പരസ്പരം കൂട്ടിയുരുമ്മിയിട്ടാണ് യാത്രചെയ്യുന്നതു്. വഴി അത്രയും ഇടുങ്ങിയതാണ്. ചിലപ്പോൾ നമ്മുടെ കൈപിടിച്ചുകൊണ്ടു് ആരെങ്കിലും നടക്കുന്നുണ്ടാകും. ഒരു സ്ത്രീയൊ, അല്ലെങ്കിൽ പ്രായാധിക്യമുള്ള ആരെങ്കിലുമോ ആയിരിക്കും അതു്. പക്ഷെ അതൊന്നും അപ്പോൾ ആരും ശ്രദ്ധിക്കുകയില്ല. ചിലപ്പോൾ വഴിയിൽ അല്പം തിങ്ങൽ അനുഭവപ്പെട്ടും. അല്പസമയത്തേക്കു് വഴി അടഞ്ഞുപോകും. ഒരു കട്ടയായി കുറേസ്മയം നില്ക്കേണ്ടിവരും. ഞങ്ങൾ രണ്ടാമത്തെ തട്ടിലെത്തുന്നതിനുമുമ്പ് ഇത്തരത്തിലുള്ള

ഒരു തിരക്കുണ്ടായി. ശ്വാസംകിട്ടാൻ വിഷമംതോന്നുന്ന തരത്തിലുള്ള തിക്കായിരുന്നു. എനിയ്ക്കു് വളരെ ക്ഷീണംതോന്നി. രണ്ടാമത്തെ തട്ടിലെത്തിയപ്പോഠം കുറച്ചുസമയം ഞങ്ങളവിടെ വിശ്രമിച്ചു.

ഞങ്ങഠം മൂന്നാമത്തെ തട്ടിലേക്കുള്ള യാത്രയാരംഭിച്ചു. കുത്തബ്മീനാറിന്റെ വണ്ണം ചുരുങ്ങിച്ചുരുങ്ങിവരുന്നതുപോലെ മേലോട്ടുകയറുവാനുള്ള മാർഗ്ഗത്തിന്റെ വീതിയും ചുരുങ്ങിവരുന്നുണ്ടു്. ഞങ്ങഠം ഉത്സാഹഭരിതരായിത്തന്നെ മുകളിലേക്കു് കയറിക്കൊണ്ടിരുന്നു. മൂന്നാമത്തെ തട്ടിലെത്തി. മേഘത്തിന്റെ ശകലങ്ങഠം പോലെ ഒരു മൂടൽ വായുമണ്ഡപത്തിൽ വ്യാപിച്ചുകിടക്കുന്നതുപോലെ തോന്നി. വട്ടത്തിലുള്ള അതിന്റെ വരാന്തയിലൊന്നു് ചുററിനടന്നു. ചുററും പിടിച്ചുനടക്കുവാൻ അരയോളമുയരത്തിൽ അഴികളുണ്ടു്. അല്പം പരിഭ്രമംതോന്നി. താഴോട്ടൊന്നു് നോക്കി. ആ കാറുകഠംക്കെല്ലാം ഇപ്പോഠം ഒരാമയുടെ വലുപ്പമേയുള്ളു. മനുഷ്യർക്കെല്ലാം ഒരു മുഴം നീളമുണ്ടു്. ഡില്ലിപട്ടണം മുഴവനും കാണാമായിരുന്നു. എന്തൊരു മനോഹാരിതയാണ് ആ കാഴ്ചയ്ക്കു്! മൂന്നാമത്തെ തട്ടിൽനിന്നു് ഞാൻ മുകളിലേക്കൊന്നു് നോക്കി. കുത്തബ്മീനാറിന്നു് ഇനിയും നല്ല ഉയരമുണ്ടു്. പകുതിയോളം ഉയരം ഇനിയുമുണ്ടെന്നു് എനിക്കു് തോന്നി. ഇപ്പോഠം മീനാറിന്റെ ഒരു പ്രത്യേകത ഞങ്ങഠംക്കു് കാണുവാൻ സാധിച്ചു. മൂന്നാമത്തെ തട്ടുമുതൽ മേലോട്ടു് പണിതുയർത്തിയിരിക്കു

ന്നതു് മാർബിൾകല്ലുകൊണ്ടാണു്. ഞാനൊന്നു തൊട്ടു നോക്കി. എന്തൊരു മൃദുലതയാണു്; എന്തൊരു മനോജ്ഞതയാണു്. വീണ്ടും മുകളിൽ കയറുവാൻ കൂടുതൽ ഉത്സാഹം തോന്നി. നാലാമത്തെ തട്ടിലേക്കുള്ള യാത്ര ആരംഭിച്ചു.

വഴി കൂടുതൽ ഇടുങ്ങിയിരിക്കുന്നു. പരസ്പരം കൂട്ടിയുരുമ്മിക്കൊണ്ടാണു് യാത്ര ചെയ്യുന്നതു്. വളരെ ഇടുങ്ങിയ യാത്രയായതുകൊണ്ടു് ശ്വാസംകിട്ടുവാൻതന്നെ ചിലപ്പോൾ വിഷമം നേരിട്ടു. അങ്ങനെ നാലാമത്തെ തട്ടിലുമെത്തി. ഇനിയത്തെ തട്ടിലെത്തുന്നതോടെ ഞങ്ങളുടെ യാത്ര അവസാനിക്കുകയാണു്.

ആ മേഘലോകത്തേക്കുള്ള ഞങ്ങളുടെ യാത്ര അവസാനിക്കാറായിരിക്കുന്നു. കുത്തബ്മീനാറിന്റെ നിറുകയിൽ ഞങ്ങളിനു കയറുവാൻ പോകുന്നു. വീണ്ടും ഞങ്ങൾ അകത്തുകടന്നു. വഴി കൂടുതൽ ശുഷ്കിച്ചിരിക്കുന്നു. ഇനിയുള്ള മാർഗ്ഗം കൂടുതൽ ദുർഘടം പിടിച്ചതാണു്. രണ്ടാൾക്കു് ഒന്നിച്ചു് സഞ്ചരിക്കുവാനുള്ള വീതി ഇനിയുള്ള മാർഗ്ഗത്തിനില്ല. താഴോട്ടിറങ്ങുന്നവർ ഇറങ്ങിക്കഴിയുന്നതുവരെ ഞങ്ങൾ അവിടെ കാത്തുനില്ക്കേണ്ടതായി വന്നു. മുകളിൽനിന്നു് ഇറക്കം അവസാനിച്ചപ്പോൾ ഞങ്ങൾ അവസാനഘട്ടത്തിലേക്കു് കയറുവാൻ തുടങ്ങി. ഞങ്ങളുടെ യാത്ര അവസാനിച്ചു. കുത്തബ്മീനാറിന്റെ മുകളിൽ ഞങ്ങളെത്തി. മാലാഖമാരുടെ ആ അത്ഭുതലോകത്തെ ഞാൻ ആകെയൊന്നു് നോക്കി

കണ്ടു. ഹേ! എന്തൊരത്ഭുതലോകത്തിലാണ് ഞങ്ങളിപ്പോഠം നിലക്കൊള്ളുന്നതു്?

മേഘമാണ് തലക്കുമീതെ തൂങ്ങിക്കിടക്കുന്നതു്! ആ മേഘലോകത്തിൻെറ മുകളിൽ നിന്നുകൊണ്ടു് ഭൂമിയുടെ ഭംഗി ഞാൻ നോക്കിക്കണ്ടു. ഒരു വെള്ളിരേഖപോലെ യമുനാനദി കുറച്ചകലെ ഒഴുകിക്കൊണ്ടിരിക്കുന്നതു് അവ്യക്തമായിക്കാണാം. നമ്മുടെ തലസ്ഥാനനഗരി ചുററും പരന്നുകിടക്കുന്നു. താഴത്തു് നില്ക്കുന്ന കാറുകഠക്കൊക്കെ ഇപ്പോഠം ഒരു വണ്ടിനോളമേ വലിപ്പമുള്ളു. മനുഷ്യരെക്കണ്ടാൽ ചെറിയ പാവകഠം നടന്നുനടന്നുപോവുകയാണെന്നേ തോന്നൂ.

ആകാശത്തിൽ ഉയൎന്നുനില്ക്കുന്ന ഈ അത്ഭുതസ്തൂപം പണിയിക്കുവാൻ കുത്തബുദ്ദീനെ പ്രേരിപ്പിച്ചതു് എന്തായിരിക്കാം? ഞാനാലോചിച്ചുനോക്കി. ഒരുപക്ഷെ, ഏഴ് ആകാശവും അതിനുമീതെ ഒരു സ്വൎഗ്ഗവും എന്ന വിശ്വാസം മനസ്സിൽവെച്ചുകൊണ്ടു് ഏഴുതട്ടുകളുള്ള ഒരു മഹാസ്തൂപം പണിചെയ്യിച്ചു് ഏഴാമത്തെ തട്ടിൽ ഒരു സ്വൎഗ്ഗലോകം പണിയേണമെന്നു് ആ സുൽത്താൻ ആഗ്രഹിച്ചിരിക്കാം. അദ്ദേഹത്തിൻെറ ചിന്താഗതികഠം ലിഖിതപ്പെടുത്തിവെച്ചിട്ടില്ലാത്തതിനാൽ നമുക്കൂഹിക്കുവാനേ തരമുള്ളു. മനുഷ്യശക്തിക്കു് അജയ്യമായി ലോകത്തിലെന്തുണ്ടു്? ത്യാഗിവൎയ്യന്മാരായ മഹാന്മാരെ ദൈവം അനുഗ്രഹിക്കാതിരിക്കുമോ?

ഞങ്ങളുടെ കയ്യിൽ കേമറയുണ്ടായിരുന്നു. മീനാറിൻെറ മുകളിൽനിന്നു് ഒരു പടമെടുക്കേണമെന്നു് ഞങ്ങളാശിച്ചു. ഞങ്ങഠം മൂന്നു് പേരുണ്ടു്. ഞങ്ങഠംക്കു് ഒന്നിച്ചിരുന്നുവേണം പടമെടുക്കുവാൻ. ആരുടെയെങ്കിലും സഹായം ആവശ്യമായിരുന്നു.

"നമുക്കാരോടെങ്കിലും പറയാം."

"എന്താ ഫോട്ടോവെടുക്കാനാണോ?"

മലയാളത്തിലുള്ള ആ ശബ്ദം ഞങ്ങളെ അത്ഭുതപ്പെടുത്തി. മലയാളികഠം എവിടേയുമുണ്ടെന്നു് പറയുന്നതു് എത്ര പരമാൎത്ഥമാണു്? ഇപ്പോഠം ആകാശത്തിൻെറ ഉന്നതിയിലെത്തിയപ്പോഠം അവിടേയുമുണ്ടു് മലയാളികഠം. അദ്ദേഹം കേമറ വാങ്ങി സ്നേപ്പ്ചെയ്തു. ആ മലയാളി ഒരു പട്ടാളക്കാരനാണു്. മലയാളിയായ മററൊരു സ്നേഹിതനും ഒന്നിച്ചുണ്ടു്. ഞങ്ങഠം പരസ്പരം പരിചയപ്പെട്ടു. അങ്ങനെ കുത്തബ്മീനാറിൻെറ മുകളിൽവെച്ചു് മലയാളികളായ ചില സുഹൃത്തുക്കളുമായി പരിചിതരായതിനുശേഷം ഞങ്ങഠം താഴോട്ടിറങ്ങുവാൻ തുടങ്ങി. മേലോട്ടു് കയറുന്നവർ കയറിക്കഴിയുന്നതുവരെ ഞങ്ങഠം കാത്തുനില്ക്കേണ്ടതായിവന്നു. ആ സമയംകൊണ്ടു് ആ പട്ടാളക്കാരനിൽനിന്നും അവർ മുൻകൂട്ടി മനസ്സിലാക്കിവെച്ചിരുന്ന ഒരു പരമാൎത്ഥം എനിക്കു് മനസ്സിലാക്കുവാൻ സാധിച്ചു. കുത്തബ്മീനാറിനു് അതിൻെറ ഉന്നതശീൎഷത്തിൽ അന്തസ്സുള്ള ഒരു മകുടമുണ്ടായിരുന്നു. 1803ൽ ഭയാനകമായ ഒരു ഭൂമികുലുക്കമുണ്ടാവുകയും, ശക്തിയേറിയ ആ കുലുക്കത്തിൽ

മകുടം തകൎന്നുവീഴുകയും ചെയ്തു. പകരം ഒരു മകുടം പണിതുനോക്കിയെങ്കിലും അതിപ്പോൾ കുറച്ചകലെ വെച്ചിരിക്കയാണു്.

"താഴെയിറങ്ങിയാൽ ആ മകുടം നമുക്കു കാണാം" ആ പട്ടാളക്കാരൻ പറഞ്ഞു. മുകളിലേക്കുള്ളവർ കയറിക്കഴിഞ്ഞപ്പോൾ ഞങ്ങൾ താഴോട്ടിറങ്ങുവാൻതുടങ്ങി. ഇടയ്ക്കിടെ വിശ്രമിച്ചും, തമാശകൾ പറഞ്ഞു് രസിച്ചും, ആഹ്ലാദഭരിതരായാണു് ഞങ്ങൾ താഴത്തെത്തിയതു്. ലോകത്തിലെ അത്ഭുതങ്ങളിലൊന്നായ കുത്തബ്മീനാറിൻെറ മുകളിൽ കയറി എന്ന അഭിമാനത്തോടെ ആ അത്ഭുതസ്തൂപത്തിന്നു് ചുററും ഞങ്ങളൊന്നു് ചുററി നടന്നു. അതിൻെറ ഭിത്തിയിൽ പേർഷ്യൻലിപിയിൽ ചില ഖുർആൻ വാക്യങ്ങൾ എഴുതിവെച്ചിട്ടുണ്ടു്.

ഈ അത്ഭുതകരമായ സ്തൂപം (ഗോപുരം) പണി ചെയ്യിച്ചതു് കുത്തബുദ്ദീൻഐബെക്കു് എന്ന സുൽത്താനായിരുന്നു. അദ്ദേഹത്തിൻെറ സ്മാരകമായാണു് ഈ ഗോപുരത്തിന്നു് കുത്തബ്മീനാർ എന്നു് നാമകരണം ചെയ്തിരിക്കുന്നതു്.

## ഷംസുദ്ദീൻ അൽത്തമിഷിൻെറ മക്ബറ.

കുറച്ചകലെയായി ഏകദേശം ഒരു പള്ളിയുടെ ആകൃതിയിൽ ഒരു പഴയ കെട്ടിടം തകൎച്ചയൊന്നും കൂടാതെ നില്ക്കുന്നുണ്ടു്. ഒരു ആംഗ്ലേയവനിത അവിടെ

നിന്നു് ഫോട്ടോവെടുക്കുകയും, നോട്ടുകുറിക്കുകയും ചെയ്തിരുന്നു. ഞങ്ങൾ അങ്ങോട്ടുചെന്നു. ഭിത്തിയിൽ ഇംഗ്ലീഷിലും ഹിന്ദിയിലും എഴുതിവെച്ചിട്ടുണ്ടു്. അതു് ഷംസുദ്ദീൻ അൽത്തമിഷിന്റെ ശവകുടീരമാണു്.

അദ്ദേഹത്തെക്കുറിച്ചു് എനിക്കു് അധികമൊന്നും മനസ്സിലാക്കുവാൻ സാധിച്ചിരുന്നില്ല. കുത്തബ്മീനാറിന്റെ അടുത്തു് ആ ശവകുടീരം പണികഴിച്ചിരിക്കുന്നതിന്റെ ഔചിത്യമെന്തെന്നു് ഞാനാലോചിച്ചു. ഷംസുദ്ദീൻ അൽത്തമിഷ് കുത്തബുദ്ദീന്റെ ജാമാതാവായ ഒരു സുൽത്താനായിരുന്നു. അന്നു് കുത്തബ്മീനാറിന്റെ പണി പൂർത്തീകരിച്ചിരുന്നില്ല. അതു് പൂർത്തിയാക്കുന്നതിന്നുമുമ്പുതന്നെ കുത്തബുദ്ദീൻ ചരമഗതിപ്രാപിച്ചു. അപൂർണ്ണമായ മീനാറിന്റെ പണി പൂർത്തീകരിച്ചതു് ഷംസുദ്ദീൻ അൽത്തമിഷാണത്രെ! എനിക്കു് ദീർഘമായൊന്നു് നിശ്വസിക്കാതിരിക്കുവാൻ കഴിഞ്ഞില്ല. ഞാൻ കുത്തബ്മീനാറിന്റെ നേരെ ഒന്നു് തല ഉയർത്തി നോക്കി. ഒരു പുതിയ ചിന്ത എന്റെ ഹൃദയത്തിൽ പൊങ്ങിവന്നു. കുത്തബ്മീനാറിന്റെ ആദ്യത്തെ മൂന്നു് തട്ടുകൾ ചെങ്കൽനിറത്തിൽ ഉറപ്പും മിനുസവുമുള്ള ഒരു തരം കല്ലുകൊണ്ടാണു് നിർമ്മിച്ചിരിക്കുന്നതു്. മുകളിലത്തെ രണ്ടു് തട്ടുകൾ മാർബിൾകൊണ്ടും. ഒരു പക്ഷെ, കുത്തബുദ്ദീൻ പണിയിച്ചതു് ആദ്യത്തെ മൂന്നു് തട്ടുകളായിരിക്കാം. അതിന്നു് പൂർണ്ണരൂപം നല്കുവാനാഗ്രഹിച്ച ഷംസുദ്ദീൻ, അൽത്തമിഷ് പൂർത്തീകരിച്ച ഭാഗമായിരിക്കാം മാർബിൾകൊണ്ടു് പണിചെയ്തിരിക്കുന്ന

ത്തു്. ആ ശവകുടീരത്തിന്നും, കുത്തബ്മീനാറിന്നുമിടയിലായി നിരവധി കരിങ്കൽശകലങ്ങൾ പൊങ്ങിനില്പുണ്ടു്. ഞങ്ങൾ കുറച്ചുസമയം അതിന്മേൽ കയറിയിരുന്നു.

മീനാറിന്റെ പടിഞ്ഞാറുഭാഗത്തായി ഒരു പള്ളിയുണ്ടു്. അതിന്റെ ഏറെ ഭാഗങ്ങളും തകൎന്നുകിടക്കുകയാണു്. നൂററാണ്ടുകൾ പഴക്കംചെന്ന ഈ പള്ളിയുടെ നാമം 'ഖുവ്വത്തുൽമസ്ജിദ്' എന്നാണു്. കുത്തബുദ്ദീൻ തന്നെയാണു് ഇതു് പണിയിച്ചതു്. ഒരു കാലത്തു് ദൽഹിസുൽത്താന്മാരുടെ ജൂമാമസ്ജിദായിരുന്നുവത്രെ ഈ പുരാതന ദേവാലയം. ഈ പള്ളിയുടെ അങ്കണത്തിലാണു് സുപ്രസിദ്ധമായ ഇരുമ്പുതൂൺ നില്ക്കുന്നതു്. മീനാറിന്റെ ചുററും മനോഹരമായ പൂന്തോട്ടം വളൎന്നുനില്ക്കുന്നുണ്ടു്. മാർദ്ദവമുള്ള പച്ചപ്പുല്ലു് നിലത്തു് പരവതാനി വിരിച്ചിരിക്കുന്നു. അതുണങ്ങിപ്പോകാതിരിക്കുവാൻ ഇടയ്ക്കിടെ കുഴൽവെള്ളംകൊണ്ടു് നനച്ചുകൊണ്ടിരിക്കുന്നുണ്ടു്.

## പൃത്ഥ്വീരാജ് ക്ഷേത്രം.

ചുററും വന്മരങ്ങളും പച്ചത്തുപ്പുകളും തിങ്ങിക്കിടപ്പുണ്ടു്. അതിന്നടുത്തായി പൃത്ഥ്വീരാജിന്റെ ഒരു ക്ഷേത്രം കാണാം. ധാരാളം സന്ദൎശകരേയും, ഭക്തജനങ്ങളേയും അതാകൎഷിച്ചുകൊണ്ടിരിക്കുന്നു. കുത്തബ്മീനാർ സന്ദൎശിക്കുവാനെത്തുന്നവർ ക്ഷേത്രം സന്ദൎശിക്കാതെ മടങ്ങാറില്ല. ആ ക്ഷേത്രത്തെസംബന്ധിച്ചു് എനിക്കു് മനസ്സിലാക്കുവാൻ സാധിച്ച ഒരു പരമാൎത്ഥം, പൃത്ഥ്വീ

രാജിന്റെ സ്മരണയുമായി നില്ക്കുന്ന വെറും ഒരു ചരിത്രസ്മാരകം മാത്രമായവശേഷിക്കാതെ അതിന്നും നില നിന്നുപോന്നിട്ടുണ്ട് എന്നുള്ളതാണ്. ശാന്തിയും കർമ്മങ്ങളും ഇന്നും മുടങ്ങാതെ അവിടെ നടന്നുവരുന്നുണ്ട്. നിരവധി ഭക്തജനങ്ങൾ ഭജനത്തിന്നും, വഴിപാടുകൾക്കുമായി അവിടെ വന്നുകൊണ്ടിരിക്കുന്നുമുണ്ട്. പരാക്രമശാലിയായിരുന്ന ആ രജപുത്രരാജാവിന്റെ സ്മരണയുമായി ആ ക്ഷേത്രം ഇന്നും നിലകൊള്ളുന്നു. ഇങ്ങിനെ കുത്തബ്മീനാറിന്നുചുറ്റും മുഗിലന്മാരുടേയും, രജപുത്രന്മാരുടേയും സ്മരണകൾ പരസ്പരം കൈകോർത്തുപിടിച്ച നിലയിലാണ് കാണപ്പെടുന്നത്.

ഞങ്ങൾ വീണ്ടും കുത്തബ്മീനാറിന്റെ സമീപമെത്തി. സമയം 5മണിയായിട്ടുണ്ട്. പ്രവേശനദ്വാരത്തിന്ന് സമീപം ഒരു കാവൽക്കാരൻ നില്ക്കുന്നു. ഇപ്പോൾ മുകളിലേക്കുള്ള പ്രവേശനം നിഷേധിച്ചുകഴിഞ്ഞിരിക്കുന്നു. മുകളിലുള്ളവർ താഴോട്ടിറങ്ങിക്കഴിയുന്നതും കാത്താണ് അയാൾ നില്ക്കുന്നത്. 5മണി കഴിഞ്ഞാൽ പിന്നെ കുത്തബ്മീനാറിന്റെ മുകളിൽ കയറുവാൻ ആരേയും അനുവദിക്കുകയില്ല. എല്ലാവരും ഇറങ്ങിക്കഴിഞ്ഞാൽ പ്രവേശനദ്വാരം പൂട്ടുന്നു. പിറ്റെ ദിവസമെ പിന്നെ തുറക്കുകയുള്ളു.

കുത്തബ്മീനാറിന്റെ നിർമ്മിതിയെ സംബന്ധിച്ച് അടിസ്ഥാനരഹിതമായ ചില വ്യാജപ്രസ്താവനകൾ ഇന്ത്യാചരിത്രത്തിൽ ചിലേടങ്ങളിൽ കടന്നുകൂടിയിട്ടുണ്ട്. പൃഥ്വീരാജ് നിർമ്മിച്ചതാണ് കുത്തബ്മീ

നാറെന്നു് സ്ഥാപിക്കുവാൻ പല ചരിത്രകാരന്മാരും മിനക്കെട്ടിട്ടുള്ളതായും തോന്നുന്നു. അബദ്ധജടിലമായ ഈ ഐതിഹ്യത്തെ സമ്മതിച്ചുകൊടുക്കുവാൻ കുത്തബ് മീനാർ സന്ദർശിച്ചവർക്കാർക്കുംതന്നെ സാദ്ധ്യമല്ല. വി. ഖുർആൻ മുഴുവനും മീനാറിന്റെ ഭിത്തിയിൽ കൊത്തി വെച്ചിട്ടുള്ളതു് കാണാം. ഈ യാഥാർത്ഥ്യം ചരിത്രത്തിൽ കടന്നുകൂടിയിട്ടുള്ള അവാസ്തവങ്ങൾക്കു് ദൃക്‌സാക്ഷിത്വം വഹിക്കുന്നുണ്ടു്.

മീനാറിന്റെ നിർമ്മിതിയെ സംബന്ധിച്ച് ചരിത്രകാരന്മാർ മറെറാരു വിധത്തിലും അഭിപ്രായപ്പെട്ടുകാണുന്നു. മീനാറിന്റെ ആദ്യത്തെ തട്ടിന്റെ പ്രവൃത്തി മുഴുമിപ്പിക്കുവാനേ കുത്തബുദ്ദീൻഐബക്കിന്നു് സാധിച്ചുള്ളു. കുതിരസവാരിയിൽ വിദഗ്ദ്ധനായിരുന്ന അദ്ദേഹം ഒരു ദിവസം വിനോദസവാരിക്കിടയിൽ കുതിരപ്പുറത്തുനിന്നു് വീണു് മരിക്കുകയാണുണ്ടായതു്. അദ്ദേഹത്തിനു ശേഷം അദ്ദേഹത്തിന്റെ മാതുലനായിരുന്ന ഷംസുദ്ദീൻ അൽത്തമിഷ്മീനാറിന്റെ പണി തുടൎന്നു. ആ മഹാ സൌധത്തിന്റെ പണി പൂൎത്തിയാക്കുവാൻ അദ്ദേഹത്തിന്നും സാധിച്ചില്ല. അൽത്തമിഷിന്റെ പുത്രൻ റുക്കനുദ്ദീൻ ഫൈറോസ് എന്ന യുവസുൽത്താൻ വെണ്ണക്കല്ലുകൊണ്ടു് പണിതു് മീനാർ പൂൎത്തീകരിച്ചു. ഈ അഭിപ്രായവും ശരിയായിരിക്കാൻ വഴിയുണ്ടു്. പക്ഷെ, ഞാൻ മുകളിൽ പ്രസ്താവിച്ചപോലെ കുത്തബുദ്ദീനുശേഷം ഐബക്ക് ഇതിന്റെ പണി പൂൎത്തിയാക്കിയതായിവിശ്വസിക്കയാണ് എളുപ്പം. ഒരുകാര്യം തീൎച്ചയാ

ണ്. ലോകത്തിലെ ആ അത്ഭുതത്തിൻെറ പ്രവൃത്തി തുടങ്ങിവെച്ച കുത്തബുദ്ദീൻഐബക്കിൻെറ സ്മാരകമായി ആ സ്തൂപം ആകാശത്തിലുയൎന്നുനില്ക്കുകയാണ്.

## മകുടം.

ഞങ്ങൾ കുത്തബ്മീനാറിന്നു ചാൎത്താൻ പണിയിച്ച ആ മകുടം കാണാൻ പോയി. ചെങ്കൽനിറത്തിൽ മിനുസവും ഭംഗിയുമുള്ളതായിരുന്നു ആ മകുടം. അതു കണ്ടപ്പോൾ ചലച്ചിത്രങ്ങളിലുംമററും കാണാറുള്ള അപ്സരസ്സുകളുടെ വസ്ത്രംപോലെയാണ് എനിക്കുതോന്നിയതു്. കുത്തബ്മീനാറിന്നു ആ മകുടം ചാൎത്തിയിരുന്നുവെങ്കിൽ മേഘങ്ങളുടെ നടുവിൽ ഒരപ്സരസ്സ് ചിറകു വിരുത്തി നില്ക്കുന്നതായി തോന്നുമായിരുന്നുവോ എന്തോ?

# അലൈമീനാർ.

കുറച്ചകലെ ഒരു മഹാ പരിശ്രമത്തിൻെറ തുടക്കം മാത്രം കാണുന്നുണ്ടു്. കുത്തബുമീനാറിനെ ഉയരത്തിലും, ഭംഗിയിലും അതിശയിക്കുന്ന മറെറാരു മീനാർ പണിയിച്ച് ലോകത്തിൽ പേരും, പെരുമയും വളൎത്തുവാൻ അലാവുദ്ദീൻഖിൽജിക്കു മോഹമുണ്ടായി. അതു് വെറം വ്യാമോഹം മാത്രമായിരുന്നു. അതു് പൂൎത്തിയാകുന്നതിനെന്നല്ല, ഭൂമിതാനത്തിൽനിന്നു് അത്രയൊന്നും ഉയൎത്തുവാൻതന്നെ അദ്ദേഹത്തിന്നു് സാധിച്ചില്ല. ഉരുകിയൊലിച്ച കല്ലൂരിക്കട്ടപോലെ ആ പരിശ്രമത്തിൻെറ തുടക്കം നിലനിന്നുവരുന്നുണ്ടു്. തുരുമ്പ് കയറിയതു

പോലെയുള്ള ഭംഗിയില്ലാത്ത ഒരു വിശേഷമാണതു്. കുത്തബ്മീനാറിനെ വെല്ലുന്നവിധത്തിൽ പണിചെയ്യു വാനാശിച്ച 'അലൈമീനാറി'ൻെറ തുടങ്ങിവെച്ച രൂപമായിരുന്നു അതു്. എങ്കിലും, നൂററാണ്ടുകൾ പഴക്കമുള്ള ആ അടിത്തറ 'അലൈമിനാർ' എന്ന പേരിൽ ഇന്നും അവിടെ കാണാം.

കുത്തബ്മീനാറിൻെറ മുൻവശത്തുള്ള റോട്ടിൽ പല വ്യാപാരങ്ങളും നടക്കുന്നുണ്ടു്. വലിയ കച്ചവട പ്പീടികകളൊന്നുമില്ല. പ്രധാന വ്യവസായങ്ങളൊക്കെ നടക്കുന്നതു് റോഡിൻെറ രണ്ടോരത്തുമാണ്. വളരെയേറെ ഫോട്ടോഗ്രാഫർമാർ അവിടെയുണ്ടു്. ഏററവുമേറെ വില്പനക്ക് വെച്ചിരുന്നതു് ഫോട്ടോവെടുക്കുവാനുള്ള ഫിലിമുകളായിരുന്നു.

ആനന്ദവും, ആഹ്ലാദവും നിറഞ്ഞ ഹൃദയത്തോടെ ഒരു മഹത്കാര്യം സാധിച്ച കൃതാൎത്ഥതയോടെയാണ് ഞങ്ങൾ തിരിച്ചുപോന്നതു്.

അംബരച്ചുംബിയായ മീനാറിൻെറ മുകളിൽ, മാലാഖമാരധിവസിക്കുന്ന അത്ഭുതലോകത്തിൽ എത്തി മടങ്ങുമ്പോൾ "ഉയർച്ചയിലേക്കു്, ഉയർച്ചയിലേക്കു്", എന്ന അഹ്വാനമാണ് ലോകപ്രസിദ്ധമായ കുത്തബ് മീനാർ എനിക്കുനല്കിയതു്.

അദ്ധ്യായം 10.

## "ഭൂമിയിൽ ഒരു സ്വർഗ്ഗമുണ്ടെങ്കിൽ അതു് ഇതാണു്."

ഞങ്ങളുടെ പരിശീലനത്തോടനുബന്ധിച്ചു് ഞങ്ങൾക്കു് പലതും പഠിക്കുവാനും, മനസ്സിലാക്കുവാനുമുണ്ടായിരുന്നു. ഇന്ത്യയിലെ പ്രമുഖരായ വ്യക്തികളാണു് അവിടെ വന്നു് ക്ലാസ്സെടുത്തുകൊണ്ടിരിക്കുന്നതു്. ഇന്ത്യയുടെ വിവിധ സ്റ്റേറ്റുകളിൽനിന്നും നിരവധി പ്രമുഖവ്യക്തികൾ ഞങ്ങളെ സന്ദർശിച്ചുകൊണ്ടിരുന്നു. കേന്ദ്രമന്ത്രിമാരേയും, ഡിപ്പാർട്ടുമെൻറിലെ ഉയർന്ന ഉദ്യോഗസ്ഥന്മാരേയും, നിരവധി നേതാക്കളേയും ഞങ്ങൾ കാണുകയും അവരുടെ പ്രസംഗം കേൾക്കുകയുംചെയ്തു. ഡിസമ്പർ 10-ാംതിയതി അകാലികളുടെ നേതാവു് മാസ്റ്റർ താരാസിംഗു് ഞങ്ങളെ സന്ദർശിക്കുകയും, ഞങ്ങൾക്കു് പല നല്ല ഉപദേശങ്ങളും നല്കുകയുമുണ്ടായി. 13-ാംനു-കേന്ദ്രരാജ്യരക്ഷാമിനിസ്റ്റർ ഡോ: കൈലാസ്നാഥ്കാട്ജ്ജു ഞങ്ങളുടെ പരിശീലനകേന്ദ്രം സന്ദർശിച്ചു. അദ്ദേഹം ഞങ്ങളോടു് 'പ്രസംഗിക്കുകയുണ്ടായി. ഇങ്ങിനെ ഉത്സാഹവും, ഉന്മേഷവും നല്കുന്ന നിരവധി കാര്യങ്ങൾ അനുദിനം അവിടെ നടക്കാറുണ്ടു്. വിലയേറിയ പല ക്ലാസ്സുകളും അവിടെ ലഭിക്കുന്നുണ്ടു്. ഇന്ത്യയെക്കുറിച്ചു് ഞങ്ങൾ പഠിച്ചുകൊണ്ടിരിക്കയാണു്. ഒരു ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കുവാനുള്ള മാർഗ്ഗങ്ങളെക്കുറിച്ചാണു് ഞ

ങ്ങൾ പഠിച്ചുകൊണ്ടിരിക്കുന്നേയുള്ളു. ഇതിനൊക്കെപ്പുറമെ റെഡ്ക്രോസ്സ്ക്ലാസ്സിലും ഞങ്ങൾ പങ്കെടുക്കുന്നുണ്ട്. അവസാനം പരീക്ഷയുണ്ടാകും. വല്ലതും എഴുതാതെ കഴിയുകയില്ല. നല്ല കലാപരിപാടികളും നിത്യവും നടക്കാറുണ്ട്. ഇപ്പോൾ ചപ്പാത്തിഭക്ഷണവും ഞങ്ങൾക്ക് വളരെയേറെ ഇഷ്ടപ്പെട്ടിരിക്കുകയാണ്. കഠിനമായ തണുപ്പുണ്ട് എന്നതുകഴിച്ചാൽ പരിശീലനക്യാമ്പിലെ വാസം സുഖവും, സന്തോഷവും നല്കുന്നതായിരുന്നു. എന്നിട്ടും എന്റെ ആഗ്രഹങ്ങളെ അവിടെ ഒതുക്കിനിർത്തുവാൻ എനിക്ക് സാധിച്ചില്ല. ദൽഹിയിലേക്ക് പോകുവാൻ എന്റെ ഹൃദയം തിടുക്കപ്പെട്ടുകൊണ്ടിരുന്നു. ദൽഹിയിലും പരിസരത്തുമായി നിരവധി സ്ഥലങ്ങൾ സന്ദർശിക്കുവാനുണ്ട്. ആ സ്ഥലങ്ങളൊക്കെ സന്ദർശിക്കുവാൻ എന്റെ ഹൃദയം വെമ്പൽകൊള്ളുകയാണ്. ഞങ്ങൾ കൂടെക്കൂടെ ദൽഹി സന്ദർശിച്ചുകൊണ്ടിരുന്നു. ദൽഹിയിലും പരിസരത്തുമായി ചുറ്റിനടന്നു.

## ഡിസംബർ 15

ഷാജഹാൻ ചക്രവർത്തിയുടെ ലോകത്തിലേക്കാണ് ഇന്ന് ഞങ്ങളുടെ യാത്ര. ഷാജഹാൻ ചക്രവർത്തിയുടെ കലാബോധം ഇന്ത്യയിലുടനീളം തെളിഞ്ഞുകാണാം. പക്ഷെ അതൊന്നിച്ചുകൂടിയിരിക്കുന്നത് ദൽഹിയിലാണ്. ഞങ്ങൾ ദൽഹിയിലേക്ക് പുറപ്പെട്ടു. പുരാണകിലയിലേക്കുള്ള ബസ്സിലായിരുന്നു ഞങ്ങളുടെ യാത്ര.

വഴിയിൽ പല പുതിയ കാഴ്ചകളും ഞങ്ങൾക്ക് കാണുവാൻ സാധിച്ചു. തലസ്ഥാനനഗരിയുടെ വ്യാപ്തിയും, പരിഷ്ക്കാരവും വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നതു് കാണാമായിരുന്നു. തിരക്കുപിടിച്ച ദില്ലി-മഥുരാറോഡിന്റെ വീതി ഇരട്ടിപ്പിച്ചുകൊണ്ടിരിക്കുന്നുണ്ടു്. പുതിയ പുതിയ കൂററൻ കെട്ടിടങ്ങൾ പണിതുയർത്തികൊണ്ടിരിക്കുന്നു. ഇന്നു് ദൽഹി സന്ദർശിച്ചു് മടങ്ങുന്ന ഒരു വ്യക്തി ഒരു പത്തു് കൊല്ലത്തിന്നു് ശേഷം വീണ്ടും ദൽഹി സന്ദർശിക്കുകയാണെങ്കിൽ ഇന്നത്തേക്കാൾ എത്രയോ വലുതും പരിഷ്ക്കരിച്ചതുമായ ഒരു പുതിയ ലോകത്തിലായിരിക്കും നാം എത്തിച്ചേരുക. അതിന്നുള്ള സംരംഭങ്ങൾ അണിയറയിൽ ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നതു് നമുക്കു് കാണാം.

## പുരാണകില.

ഞങ്ങളുടെ ബസ്സ് പുരാണകിലയുടെ സമീപമെത്തി. ഞങ്ങൾക്കിറങ്ങേണ്ട സ്ഥലമായി. നീണ്ടുകിടക്കുന്ന ഒരു കൂററൻ കെട്ടിടമാണ് അതു്. അതിന്റെ പല ഭാഗവും തകൎന്നുവീണ്കിടക്കുന്നുണ്ടു്. ഒരു കാലത്തു് 'ഇന്ദ്രപ്രസ്ഥം' നിലകൊണ്ടിരുന്നതു് ഈ കോട്ടയുടെ സ്ഥാനത്താണെന്നു് ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നു. ഹുമയൂൺ ചക്രവർത്തിയാണ് ഇതിന്റെ പ്രവൃത്തി ആരംഭിച്ചതു്. പക്ഷെ അദ്ദേഹത്തിന്നതു് മുഴമിക്കുവാൻ സാധിച്ചില്ല. അതിന്നു് മുമ്പു് ഹുമയൂൺ ചക്രവർത്തി ഷേർഷായുമായി യുദ്ധമുണ്ടായി. ഹുമയൂൺ പ

രാജിതനായി. ഷേർഷാ ദില്ലിസിംഹാസനാധികാരിയുമായി. പിന്നീട് ഷേർഷായാണ് ഈ പള്ളിയുടെ പണി മുഴമിച്ചതു്. അങ്ങിനെ ഇന്ദ്രപ്രസ്ഥം കെട്ടടങ്ങുവാൻ തുടങ്ങിയ സ്ഥാനത്തു് പുരാണകില ആളിക്കത്തി. ഇന്നു് അതും കെട്ടടങ്ങിക്കൊണ്ടിരിക്കുകയാണ്. എങ്കിലും ഹൈന്ദവസംസ്കാരവും, മുഗിലസംസ്കാരവും പരസ്പരം ആശ്ലേഷിച്ചുകൊണ്ടു്, ഇന്ദ്രപ്രസ്ഥാനത്തിൻെറ മാറിൽ പുരാണകില തളൻവീണുകിടക്കുന്നതു് വേദന നിറഞ്ഞ ഒരു ദയനീയ കാഴ്ചയാണ്.

## അഞ്ചാം ജോർജ്ജിൻെറ പ്രതിമ.

ഞങ്ങളിപ്പോൾ ജുമാമസ്ജിദിനെ ലക്ഷ്യമാക്കിയാണ് നടക്കുന്നതു്. ആകാശത്തിലുയർന്നില്ക്കുന്ന ജുമാമസ്ജിദിൻെറ ഗോളങ്ങൾ അകലെനിന്നുതന്നെ ഞങ്ങൾക്കു് കാണാമായിരുന്നു. ജുമാമസ്ജിദിലേക്കുള്ള വഴിയിൽ അഞ്ചാംജോർജ്ജു് ചക്രവർത്തിയുടെ ഒരു കൂററൻ പ്രതിമ നില്പുണ്ടായിരുന്നു. ഞങ്ങൾ അതിൻെറ സമീപത്തേക്കുചെന്നു. ഒരു കുതിരയുടെ പുറത്തു് ഉറയിൽ തിരുകിയ വാൾ അരയിൽതൂക്കി കടിഞ്ഞാൺ കയ്യിൽ പിടിച്ചുകൊണ്ടു് ചക്രവർത്തി ഇരിക്കുന്നതായിട്ടാണ് പ്രതിമ നിർമ്മിച്ചിരിക്കുന്നതു്. 1911 ഡിസംബർ 15-ാം തിയതി, അഞ്ചാംജോർജ്ജ് ചക്രവർത്തി ഡൽഹി കോറണേഷൻ ദർബാർ സന്ദർശിച്ചുവെന്നു് അവിടെ എഴുതിവെച്ചിട്ടുണ്ടു്. 45 വർഷങ്ങൾക്കു് ശേഷം ഒരു ഡിസ

മ്പർ 15-ാംതിയതിതന്നെ ബ്രിട്ടീഷ്ഭരണത്തിൻെറ ആ അവശിഷ്ടം കാണുവാനിടയായതിൽ എനിക്കത്ഭുതം തോന്നി. ബ്രിട്ടീഷ്ഭരണകാലത്തിൻെറ ഇത്തരം അവശേഷം ദൽഹിയിലവിടവിടെയായി പിന്നേയും കാണാമായിരുന്നു.

## ചരാന്ദ്നിചൌരുക്ക്.

സുപ്രസിദ്ധമായ ചരാന്ദ്നിചൌരുക്കിന്നു സമീപമാണ് ഞങ്ങളെത്തിയിരിക്കുന്നതെന്നു മനസ്സിലായപ്പോൾ നൂററാണ്ടുകൾകഴിഞ്ഞിട്ടും നാശമടയാത്ത ആ വ്യവസായകേന്ദ്രം ഒന്നു സന്ദർശിക്കുവാൻ എനിക്കാഗ്രഹമുണ്ടായി. ജൂമാമസ്ജിദിൻെറ സമീപത്താണ് ആ സ്ഥലം. അതിൻെറ ചില ശാഖകളാണ് ജുമാമസ്ദിൻെറ മുൻവശത്തുള്ള തെരുവുകളെല്ലാം. ആ തെരുവുകളിലെല്ലാം നല്ല തിരക്കുണ്ട്. ധാരാളം കച്ചവടസ്ഥലങ്ങൾ അവിടെയുണ്ട്. കൈത്തറിവസ്ത്രങ്ങളും, കമ്പിളിവസ്ത്രങ്ങളും, റോഡിൻെറ അരികിൽ മലപോലെ കൂട്ടിയിട്ടാണ് വില്പനനടത്തുന്നതു്. ആ തെരുവിലെ പ്രധാന വ്യവസായം കമ്പിളിയാണ്. ഞങ്ങൾ കുറച്ചുദൂരം അതിലെ നടന്നു. പഴയവസ്ത്രങ്ങൾ വില്പന നടത്തുന്ന ഒരങ്ങാടിതന്നെ അവിടെയുണ്ട്. അതിന്നു സമീപത്തായി ധാരാളം പഴങ്ങൾ വാങ്ങാൻകിട്ടും. മധുരനാരങ്ങ, ആപ്പിൾ, പേരയ്ക്ക, ഈത്തപ്പഴം, സപ്പോട്ട എന്നിവയാണ് അവയിൽ പ്രധാനം. ചൂടാറാത്ത മധുരപലഹാരങ്ങളും നമുക്കവിടെകിട്ടും. തെരുവിലെല്ലാം

വില്പനയ്ക്കുവെച്ചിരിക്കുന്ന ഒരു പ്രധാന ഭക്ഷ്യപദാൎത്ഥമാണ് നിലക്കടല. എത്രവലിയ ആളായാലും അതു് വാങ്ങി തിന്നുകൊണ്ടു് നടക്കുന്നതുകാണാം. ഇങ്ങിനെ നടന്നുതിന്നുന്നതു് പുകവലിപോലെയുള്ള ഒരു ഫാഷനാക്കിയിരിക്കുകയാണ് പലരും.

ഞങ്ങൾ ചരാന്ദ്നിചൌക്ക് സന്ദൎശിച്ചു. പുരാതനകാലംമുതലേ നിലനിന്നുപോന്നിട്ടുള്ളതാണ് ചരാന്ദ്നിചൌക്ക്. തെരുവുകളെല്ലാം വളരെ ഇടുങ്ങിയതാണ്. തെരുവിൽ പൎദ്ദധരിച്ച നിരവധി മുസ്ലിംസ്ത്രീകളേയും സ്വച്ഛന്ദം നടന്നുപോകുന്നതായി കാണാമായിരുന്നു. ന്യൂദൽഹിയിലെ തെരുവുകൾക്കുള്ള വൃത്തിയും വെടിപ്പും പരിഷ്കാരവും ആ തെരുവുകൾക്കില്ല. എങ്കിലും പരിഷ്കൃതരായ ധാരാളം സ്ത്രീകളും, പുരുഷന്മാരും അവിടെ 'ഷോപ്പിങ്ങിനെ'ത്തുന്നുണ്ടു്. നല്ല തിരക്കു പിടിച്ച കച്ചവടമുണ്ടു്. ഒരു ഉത്സവത്തിൻെറ പ്രതീതി സദാ ജനിപ്പിച്ചുകൊണ്ടിരിക്കുന്ന തെരുവുകളാണവ. നൂററാണ്ടുകൾ പഴക്കമുള്ള ഈ തെരുവുകളിൽ നൂററാണ്ടുകളായി നിലനിന്നുവന്ന തിരക്കും വ്യവസായവും ഇന്നും നടന്നുവരുന്നുണ്ടു്.

ചരാന്ദ്നിചൌക്കിൻെറ അററത്തു് 'ഫത്തേപുരി' മസ്ജിദ് എന്ന പേരിൽ ഒരു പള്ളിയുണ്ടു്. ജൂമാമസ്ജിദ് കഴിഞ്ഞാൽ ദൽഹിയിലെ ഏററവും പ്രധാനപ്പെട്ട പള്ളിയാണിതു്. 1650ൽ ഈ പള്ളി പണിചെയ്തു. ഷാജഹാൻ ചക്രവൎത്തിയുടെ സഹധൎമ്മിണിക

ളിലൊരാളായ 'ഫത്തേപുരി' ബീഗമാണത്രെ ഇതു് പണിയിച്ചതു്.

## സൊനേരി മസ്ജിദ്.

തലസ്ഥാനനഗരിയിലെ മറെറാരു സുപ്രധാന പള്ളി ചരാന്ദ്നിചൌക്കിലുള്ള സോനേരിമസ്ജിദാണ്. മുഗിളവംശത്തിലെ റോഷനദൌല എന്ന മന്ത്രിയാണ് ഈ പള്ളി പണിയിച്ചതു്. ഇതിൻെറ ഗോളങ്ങളിൽ സ്വർണ്ണം പൂശിയിട്ടുണ്ടു്. ഭൂവിതാനത്തിൽനിന്നു 11 അടി ഉയരത്തിൽ നിർമ്മിച്ചിരിക്കുന്ന തറയിലാണ് പള്ളി നിർമ്മിച്ചിരിക്കുന്നതു്. 1739ൽ ദൽഹിയിലെ പൌരന്മാരെ കൊലചെയ്യാൻ നാദിർഷാ വിധികല്പിച്ചതു് ഈ പള്ളിയുടെ മുകൾത്തട്ടിലിരുന്നുകൊണ്ടായിരുന്നുവെന്നു് ചില ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ടു്.

## ജൂമാമസ്ജിദ്.


ഞങ്ങൾ ജൂമാമസ്ജിദിനു് മുന്നിലെത്തി. 30 അടി ഉയരത്തിൽ ചെങ്കല്ലുകൊണ്ടു് നിർമ്മിച്ച ഒരു തറയിലാണ് പള്ളി പണിതിരിക്കുന്നതു്. ഞങ്ങൾ പടികയറുവാൻതുടങ്ങി. ജൂമാമസ്ജിദിൻെറ അകത്തുകടക്കുമ്പോൾ ചെരിപ്പു് ഊരിവെക്കണമെന്നതു് നിർബ്ബന്ധമാണ്. ചെരിപ്പു് സൂക്ഷിക്കുന്നതിന്നുള്ള കാവൽക്കാർ പ്രധാന കവാടത്തിന്നരികിൽ ഇരിക്കുന്നുണ്ടു്. അവൎക്കു പ്രതിഫലമൊന്നും കൊടുക്കേണ്ടതില്ല. നാം സന്തോ



കുത്തബ് മീനാർ.



"ദിവാനിഖാസ്" — "ഭൂമിയിൽ ഒരു സ്വർഗ്ഗമുണ്ടെങ്കിൽ അതു് ഇതാണ്."



ചെങ്കോട്ട (RED FORT)



ഷാജഹാൻ ചക്രവർത്തി നിത്യദർബാർ നടത്താറുള്ള "ദിവാനീആം" സുപ്രസിദ്ധമായ "മയൂര സിംഹാസനം" ഉണ്ടായിരുന്നതു് ഇവിടെയാണു്.

ഷിച്ചവക്ക് വല്ലതും കൊടുക്കുകയാണെങ്കിൽ അതവക്കൊരനുഗ്രഹവുമാണ്.

ഞങ്ങറം ജുമാമസ്ജിദിൻെറ അകത്തുകടന്നു. ഷാജഹാൻ ചക്രവത്തിയാണ് ഈ പുരാതനപള്ളി പണിചെയ്യിച്ചിരിക്കുന്നതു്. പള്ളിയുടെ അകത്തുടനീളം മിനുസമുള്ള കല്ലുകറം പതിച്ചിരിക്കുന്നു. ആയിരക്കണക്കിൽ ജനങ്ങറംക്ക് ഒന്നിച്ചുനിന്ന് നമസ്കരിക്കുവാനുള്ള സൌകര്യം ഇവിടെയുണ്ടു്. ഈ പള്ളിയിൽ പുരുഷന്മാർ മാത്രമല്ല സ്ത്രീകളും പ്രാത്ഥനക്കുവരുന്നുണ്ടു്.

പള്ളിയുടെ തിരുമുററത്തും മിനുസമുള്ളകല്ലുകറം പതിച്ചിരിക്കുന്നു. നല്ല ഭംഗിയിലുള്ള ഒരു ചെറിയ തടാകം അതിൻെറ നടുവിലുണ്ടു്. അതിൽ നിറയെ വെള്ളവുമുണ്ടു്. സ്വണ്ണനിറത്തിൽ മനോഹരമായ ഒരു തരം മത്സ്യം അതിൽ നിരവധിയുണ്ടു്. യഥേഷ്ടം അതു് പൊങ്ങിയും, താണും കളിച്ചുകൊണ്ടിരിക്കുകയാണ്. പള്ളിയുടെ എല്ലാഭാഗത്തും എല്ലാ മതവിഭാഗത്തിൽപെട്ടവക്കും യഥേഷ്ടം സഞ്ചരിക്കാം. ഇസ്ലാംമതത്തിൻെറ സവ്വമതസഹിഷ്ണുതക്ക് ഉത്തമദൃഷ്ടാന്തമെത്രെ ചരിത്രപ്രസിദ്ധമായ ജുമാമസജിദ്. നിരവധി സന്ദശ്കന്മാർ ഇവിടെ വന്നും പോയുംകൊണ്ടിരിക്കുന്നുണ്ടു്. ഈ പള്ളിക്ക് ആകാശത്തിലുയന്നുനില്ക്കുന്ന മൂന്ന് ഗോളങ്ങളുണ്ടു്. ഞങ്ങറം ജന്ദർമന്ദറിൻെറ മുകളിൽനിന്നു നോക്കിയപ്പോറം കണ്ടതു് ഈ ഗോളങ്ങളായിരുന്നു.

ജുമാമസ്ജിദിൻെറ വിശാലമായ ഹോളിലൂടെ ഞങ്ങൾ നടക്കുകയാണ്. ഒരു വഴികാട്ടി പല വിശേഷസംഭവങ്ങളും വിവരിച്ചുതന്നുകൊണ്ട് ഞങ്ങളോടൊപ്പമുണ്ടായിരുന്നു. ജുമാമസ്ജിദിൻെറ ഭിത്തിയിൽ പതിച്ചിരിക്കുന്ന ഒരു മാർബിൾ ആ വഴികാട്ടി ഞങ്ങൾക്ക് കാണിച്ചുതന്നു. അത്ഭുതകരമായ ഒരു വിശേഷതയോടുകൂടിയതായിരുന്നു ആ മാർബിൾ. അതിൽ നോക്കിയാൽ പള്ളിയുടെ ഏതുഭാഗത്തു നടക്കുന്ന സംഭവങ്ങളും കാണാമായിരുന്നു. ഞങ്ങൾ ജുമാമസ്ജിദിൽ നിന്ന് പുറത്തുകടന്ന് ചെങ്കോട്ടയെ ലക്ഷ്യമാക്കി യാത്ര തുടർന്നു.

## ചെങ്കോട്ട.

ചുകന്ന നിറത്തിലുള്ള ഈ കോട്ടയുടെ നാമം അതിന്നു വളരെ യോജിച്ചതാണ്. ചെങ്കല്ലുകൊണ്ടാണ് ഈ കോട്ട നിർമ്മിച്ചിരിക്കുന്നതു്. ചുകന്നനിറത്തിലുള്ള ഈ കോട്ടയുടെ ഉത്തുംഗശൃംഗത്തിൽ സദാ പാറിക്കളിക്കുന്ന നമ്മുടെ രാഷ്ട്രപതാക വളരെ അകലെനിന്നു തന്നെ കാണാമായിരുന്നു. നമ്മുടെ സ്വാതന്ത്ര്യസമരത്തിൻെറ പ്രതീകമായ ആ പതാക ചെങ്കോട്ടയുടെ മുകളിൽ ആദ്യമായി ഉയർത്തിയതു് പ: ജവഹർലാൽ നെഹറുവാണ്. നിരവധി കാലത്തെ നിരന്തരസമരത്തിനു ശേഷം ഇന്ത്യയുടെ ഭരണഭാരം പ: നെഹറുവിൻെറ കരങ്ങളിലർപ്പിച്ചപ്പോൾ 1947 ആഗസ്റ്റ് പതിനഞ്ചാം തിയ്യതി ഇന്ത്യാചരിത്രത്തിലാദ്യമായി ചെങ്കോട്ടയുടെ

മുകളിൽ പ: നെഹറു അശോകചക്രാങ്കിതമായ നമ്മുടെ ത്രിവർണ്ണപ്പതാക വലിച്ചുയർത്തി. നമ്മുടെ സ്വാതന്ത്ര്യ സമരവുമായി വളരെ ബന്ധമുണ്ടു് ഈ കോട്ടയ്ക്കു്. ഇന്ത്യൻദേശീയസേന (ഐ. എൻ. എ) യിലെ ധീര ഭടന്മാരെ വിചാരണചെയ്തതു് ഈ കോട്ടയിൽ വെച്ചായിരുന്നു. മഹാത്മാഗാന്ധിജിയുടെ നേരെ തിരയൊഴിച്ച ഗോഡ്സയെ വിചാരണ ചെയ്തതും ഇവിടെവെച്ചായിരുന്നു.

ഒരു പ്രദർശനഹാളിലേക്കെന്നപോലെ ഈ കോട്ടയുടെ അകത്തു് പ്രവേശിക്കേണമെങ്കിൽ ടിക്കററ് ആവശ്യമായിരുന്നു. നിരവധി കാവൽക്കാർ അകത്തും പുറത്തുമായി ചുററിനടക്കുന്നുണ്ടു്. ഞങ്ങൾ ടിക്കററെടുത്തു് ലോകോത്തരമായ ആ കോട്ടയുടെനേരെ നടന്നു.

മനോഹരമായ ഒരു ഗേററ് കടന്നു വേണം അകത്തെത്തുവാൻ. പ്രധാന കവാടത്തിന്നു് 'ലാഹോർ ഗേററ്' എന്നാണ് പേർ. ഈ കവാടം കടന്നാൽ നാം എത്തിച്ചേരുന്നതു് നൌബത്തു്ഖാനയിലാണ്. ഒരു വലിയ ഹാളാണിതു്. ദിവാനിആമിലേക്കുള്ള പ്രവേശനം ഈ ഹാളിലൂടെയാണ്. മനോഹരമായ മറെറാരു ഗേററ് കൂടിയും ഇതിന്നുണ്ടു്. ഇതിൻെറ പേർ 'ഡൽഹി ഗേററ്' എന്നാണ്.

ഞങ്ങൾ ലാഹോർഗേററ് വഴിയായി കോട്ടയുടെ അകത്തെത്തി. കോട്ടയെ സംബന്ധിച്ച ഒരേകദേശ വിവരം നമുക്ക് അവിടെനിന്നും ലഭിക്കുമായിരുന്നു.

1639ൽ ഷാജഹാൻ ചക്രവർത്തിയാണ് ഈ കോട്ടയുടെ പ്രവൃത്തിയാരംഭിച്ചതു്. അദ്ദേഹംതന്നെ അതു് പൂർത്തിയാക്കുകയുംചെയ്തു. 9 കൊല്ലംകൊണ്ടാണ് ഈ കോട്ടയുടെ പണി അവസാനിപ്പിച്ചതു്. അന്നത്തെ കാലഘട്ടത്തിൽ 9 കോടി ഉറുപ്പിക ചെലവു് കണക്കാക്കപ്പെട്ടിരുന്നു. യമുനാനദിയുടെ തീരത്താണ് ഈ കോട്ട നിലകൊള്ളുന്നതു്. ഒന്നര നാഴിക ചുററളവുണ്ട് ഈ വൻകോട്ടയ്ക്കു്.

ഡൽഹിനഗരത്തിൻെറ കിഴക്കുവശത്താണ് ഈ കോട്ട പണിചെയ്തിരിക്കുന്നതു്. മനോഹരമായ ഈ ശില്പകലാവൈഭവം ആയിരക്കണക്കിന്നു് സന്ദർശകന്മാരെ ആകർഷിച്ചുകൊണ്ടു് നിലകൊള്ളുകയാണ്. ഈ കോട്ടയുടെ നിർമ്മിതിക്കു് ചില പ്രത്യേക കാരണങ്ങളുണ്ട്. ഷാജഹാൻ ചക്രവർത്തിഭരണം തുടങ്ങി 11വർഷം കഴിഞ്ഞപ്പോറം ദൽഹിയായിരുന്ന തലസ്ഥാനം ആഗ്രയിലേക്കു് മാററുവാൻ തീരുമാനിച്ചു. തലസ്ഥാനം ആഗ്രയിലേക്കു് മാററിയെങ്കിലും അവിടുത്തെ കൊടുംചൂടു് കാരണമായി അവിടുത്തെ വാസം സ്ഥിരമായി തുടരുവാൻ ചക്രവർത്തിക്കു് സാധിച്ചില്ല. ഉടനെത്തന്നെ തലസ്ഥാനം ഡൽഹിയിലേക്കുതന്നെ മാററി. അദ്ദേഹത്തിൻെറ സുഖവാസത്തിനുപററിയ ഒരു കോട്ട പണിചെയ്യുവാൻ തീരുമാനിച്ചു. അതിൻെറ ഫലമാണ് ശില്പകലാവൈഭവംതികഞ്ഞ ഈ വൻകോട്ട.

ഞാനിപ്പോഴം ഒരു സ്വപ്നലോകത്തിലാണ്. കോട്ടയിൽ ഞങ്ങൾ ചുററിനടന്നു. ഒരു കാലത്തു് ഷാജഹാൻ ചക്രവൎത്തി തന്റെ ധൎമ്മപത്നി മംതസ്സുമായി ചുററിനടന്നിട്ടുള്ളതാണ് ഈ പ്രദേശം. സൌന്ദൎയ്യധാമങ്ങളായിരുന്ന നിരവധി രാജനൎത്തകിമാർ വിനോദിച്ചിരുന്ന സ്ഥലങ്ങളും ഇവിടെയുണ്ട്. ഒരു കാലത്തു് ഷാജഹാൻ ചക്രവൎത്തിയുടെ അന്തഃപുരവും, കേളീഗൃഹവും ഉദ്യാനങ്ങളുമെല്ലാം ഈ കോട്ടയുടെ അകത്തായിരുന്നു. ഇന്നു് അവയെല്ലാം പഴയ സ്മരണകൾമാത്രമായി അവശേഷിച്ചിരിക്കുകയാണ്. മനുഷ്യഹൃദയങ്ങളിൽ പുളകം ചാൎത്തുന്ന നിരവധി കാഴ്ചകളും ഇതിന്നകത്തുണ്ട്.

## ദിവാൻ-ഏ-ആം.

നാം ചെങ്കോട്ടയിലേക്ക് പ്രവേശിച്ച് നൌബത്തു് ഖാന കടന്നുകഴിഞ്ഞാൽ ആദ്യമായി കാണുന്നതു് ഷാജഹാൻചക്രവൎത്തിയുടെ ദർബാറാണ്. ഷാജഹാൻചക്രവൎത്തിയുടെ കലാബോധത്തിനു് ഉത്തമദൃഷ്ടാന്തമത്രെ ഇതു്. ആ കൊത്തുവേലകളിലെ കരവിരുതു് അത്ഭുതാവഹമായി തോന്നുന്നു. ദർബാർ ഹാളിൽ ചക്രവൎത്തിക്കിരിക്കുവാൻ രാജധാനിയുടെ അന്തസ്സിൽ നിൎമ്മിച്ചിട്ടുള്ള ഒരാസ്ഥാനമണ്ഡപം പറയത്തക്ക നാശമൊന്നും സംഭവിക്കാതെ ഇന്നും അവിടെ നിലനില്ക്കുന്നുണ്ട്. നമ്മുടെ ചിന്താശക്തിയെ പിടിച്ചുനിൎത്തുവാൻ അതിന്നു് കരുത്തുണ്ട്. അതിന്മേലിരുന്നുകൊണ്ടാണ് ചക്രവൎത്തി പ്രജകളുമായി കൂടിക്കാഴ്ച നടത്തിയിരുന്നതു്.

പ്രജകളുടെ ആക്ഷേപങ്ങൾ കേട്ടിരുന്നതും, അതിൽ വിധി പ്രസ്താവിച്ചിരുന്നതും അവിടെവെച്ചായിരുന്നു. ഞാനതിന്റെ മുകളിലേക്കൊന്നു് കയറിച്ചെന്നു. അപ്പോൾ എന്റെ ഹൃദയം തുടിക്കുകയായിരുന്നു. എന്റെ സൂക്ഷ്മദൃഷ്ടി അവിടെയൊരന്വേഷണം നടത്തി. രത്നങ്ങൾ അടത്തിയെടുത്തതിന്റെ അടയാളങ്ങൾ അവിടെ കാണാനുണ്ടു്. മനോജ്ഞമായിരുന്ന ഒരു രത്നമഞ്ചമായിരുന്നു അതു്. അതിന്റെ അമൂല്യമായ വശങ്ങളൊക്കെ അപ്രത്യക്ഷതയിൽ ലയിച്ചിരിക്കുന്നു. എങ്കിലും അതിന്റെ ചൈതന്യത്തിനു് ഒരു കുറവുമില്ല. കല ഇവിടെ ജീവിക്കുകയാണു്. പക്ഷികളുടേയും, വള്ളികളുടേയും, പൂക്കളുടേയും കലാവിസ്തരണങ്ങൾ അവിടെ കാണാമായിരുന്നു. അങ്ങോട്ടു് പടർന്നുകയറിയിരിക്കുന്ന വള്ളിയിൽ പൂക്കൾ വികസിച്ചുനില്ക്കുകയാണെന്നും, അവയിൽ ഭംഗിയേറിയ പക്ഷികൾ പാറിവന്നിരിക്കുകയുമാണെന്നേ അവകണ്ടാൽ തോന്നുകയുള്ളു. പക്ഷെ, നാം അടുത്തുചെന്നു് നോക്കിയാൽ നമ്മെ അത്ഭുതപ്പെടുത്തുമാറു് അതു് കലാകാരന്റെ കൈവിരുതുകളായി മാറുകയായി! മനോഹരമായ ഒരു റെണ്ണക്കൽ കമാനം ഈ രത്നമഞ്ചത്തെ ആവരണം ചെയ്തിരിക്കുന്നു. കലാബോധം തികഞ്ഞ മുഗിലകാലഘട്ടത്തിന്റെ പ്രതീകങ്ങളാണു് ഇവയെല്ലാം. ഷാജഹാൻ ചക്രവർത്തി നിത്യദർബാർ നടത്തിയിരുന്നതു് ഇവിടെവെച്ചായിരുന്നു. ഇതിനു് നല്കിയിരിക്കുന്ന പേർ 'ദിവാൻ-ഏ-ആം' എന്നാണു്.

## മുത്ത്പള്ളി.

ഞങ്ങൾ കോട്ടയുടെ മറെറാരു ഭാഗത്തേക്ക് പോയി. സ്വർണ്ണത്താഴികക്കുടം മിന്നിക്കൊണ്ടിരിക്കുന്ന പൂർണ്ണകുംഭങ്ങളോടുകൂടിയ ഒരു കെട്ടിടം ഞങ്ങളെ ആകർഷിച്ചു. കോട്ടയുടെ അകത്തുള്ള മുത്തുപ്പള്ളിയാണതു്. പള്ളിയും, തിരുമുററവും നിർമ്മിച്ചിരിക്കുന്നതു് മാർബിൾകൊണ്ടാണ്. ഷാജഹാൻചക്രവർത്തി പ്രാർത്ഥനനടത്തിയിരുന്ന സ്ഥലമാണത്രെ ഇതു്. ഇതിൻെറ അകത്തു പ്രവേശിക്കുമ്പോൾ ഷൂ ധരിക്കുവാൻപാടില്ല. പാദരക്ഷ അഴിച്ചുവെച്ചതിന്നുശേഷം ഞങ്ങൾ അകത്തുകടന്നു. അതിൻെറ കുംഭത്തിന്മേൽ നിറയെ മുത്തുകൾ പതിച്ചിരുന്നുവത്രെ! അതുകൊണ്ടാണ് അതിന്ന് മുത്തുപ്പള്ളിയെന്ന് പേരുണ്ടായതു്. ഇന്ന് ഒരൊററ മുത്തുപോലും അതിന്മേൽ കാണുന്നില്ല. കാലകല്ലോലിനി അതെല്ലാം വിഴുങ്ങിക്കളഞ്ഞിരിക്കാം. എങ്കിലും മുത്തുപ്പള്ളിയെന്ന അതിൻെറ നാമം ഇന്നും നിലനില്ക്കുന്നുണ്ടു്.

അവിടെനിന്നു ഞങ്ങൾ നേരെ നടന്നതു് ദിവാനിഖാസിലേക്കാണ്.

## ദിവാൻ-ഇ-ഖാസ്.

മനോഹരമായ ഒരു ദിവ്യപ്രദേശം ഞങ്ങളെ മാടിവിളിക്കുന്നതുപോലെ എനിക്ക് തോന്നി. കോട്ടയുടെ അകത്തുള്ള ഏററവും പ്രധാനപ്പെട്ട അത്ഭുതങ്ങളിലൊ

ന്നാണ് ദിവാനിഖാസ്. ഞങ്ങളങ്ങോട്ടു നടന്നു. അപ്പോഠം നിരവധി വിദേശികളായ സന്ദർശകരും അവിടെ ഉണ്ടായിരുന്നു. ഒരുകാലത്തു് രാജാവിന്നും, അദ്ദേഹവുമായി അടുത്ത അപൂവ്വംപേക്കും മാത്രം പ്രവേശനമുണ്ടായിരുന്ന ഒരു സ്ഥലമായിരുന്നു അതു്.

ഞങ്ങഠം ദിവാനിഖാസിലേക്കു് നീങ്ങി. തനി മാർബിഠംകൊണ്ടാണ് ഈ മനോജ്ഞഹമ്മ്യം നിമ്മിച്ചിരിക്കുന്നതു് ഭംഗിയുള്ള കമാനങ്ങളും, കലാകൌതുകം നിറഞ്ഞുതുളുമ്പുന്ന നിരവധിതൂണുകളും ഈ കെട്ടിടത്തെ വലയംചെയ്തിരിക്കുകയാണ്. അതെല്ലാം തനി മാർബിഠംകൊണ്ടുതന്നെയാണ് നിമ്മിച്ചിരിക്കുന്നതു്. ഞങ്ങഠം സ്തബ്ധചിത്തരായി അതിൻെറ അകത്തുകടന്നു. അത്ഭുതങ്ങളുടെ ഒരു ലോകമാണതു്! ഒരു സ്വർഗ്ഗലോകത്തിലാണോ ഞാൻ? എൻെറ ഹൃദയത്തിൽ ആനന്ദം നിറഞ്ഞുതുളുങ്ങുകയാണ്. "ഭൂമിയിൽ ഒരു സ്വർഗ്ഗമുണ്ടെങ്കിൽ അതിതാണ്" എന്നു് അവിടെ എഴുതിവെച്ചിട്ടുണ്ട്. പേർഷ്യൻ ലിപിയിലാണ് ഈ വാക്യം എഴുതിയിരിക്കുന്നതു്. ലോകപ്രസിദ്ധമായ മയൂരസിംഹാസനം ഇതിന്നകത്തായിരുന്നുവത്രെ സ്ഥാപിച്ചിരുന്നതു്. ഏഴുകൊല്ലംകൊണ്ടു് പണിതീത്ത രത്നഖചിതമായ ഒരു വിലപ്പെട്ട സിംഹാസനമായിരുന്നു ഇതു്. 1749ൽ നാദിർഷായുടെ ആക്രമണകാലത്തു് അതു് ചെങ്കോട്ടയിൽനിന്നും നീക്കംചെയ്യപ്പെട്ടുവെന്നാണ് പറയപ്പെടുന്നതു്. മയൂരസിംഹാസനവും കൂടി ഉണ്ടായിരുന്നുവെ

ങ്കിൽ തീർച്ചയായും ഇതു് ഭൂമിയിലെ ഒരു സ്വർഗ്ഗംതന്നെ ആകുമായിരുന്നു.

മുഗിലകാലഘട്ടത്തിലെ കലാബോധം നിറഞ്ഞു നില്ക്കുന്ന നിരവധി ആരാമങ്ങളും, ജലാശയങ്ങളും ചെ ങ്കോട്ടയുടെ അകത്തുണ്ടു്. അതിന്റെ മുകളിൽ വളരെ പുരാതനവസ്തുക്കൾ സൂക്ഷിച്ചിരിക്കുന്ന ഒരു മ്യൂസിയവും കാണാം. ഡൽഹിയിലെ ആർക്കിയോളജിക്കൽ ഡിപ്പാർട്ടുമെന്റിന്റെ മ്യൂസിയമായി നിലകൊള്ളുന്ന ഈ സ്ഥലം കോട്ടക്കകത്തുള്ള മുംതാസ്മഹലാണ്. മറെറാരു മ്യൂസിയവും ഇവിടെയുണ്ടു്. പുരാതനകാലത്തെ യുദ്ധ സാമഗ്രികളാണ് ഇവിടെ പ്രധാനമായി സൂക്ഷിച്ചിരിക്കുന്നതു്.

ഞങ്ങൾ യാത്രതിരിച്ചു. കോട്ടയുടെ അകത്തു് വളരെയേറെ വ്യവസായങ്ങൾ നടക്കുന്നുണ്ടു്. ഏററവും പ്രധാനമായ വ്യവസായം കൊത്തുവേലത്തരങ്ങളാണ്: താജ്മഹലിന്റേയോ, കുത്തബ്മീനാറിന്റേയോ പ്രതിരൂപം നമുക്കവിടെ വാങ്ങാൻ കിട്ടും. വെണ്ണക്കല്ലുകളിലാണ് ഈ രൂപങ്ങൾ കൊത്തിവെച്ചിരിക്കുന്നതു്. 5ക. മുതൽ വളരെ വിലയുള്ള പ്രതിരൂപങ്ങൾ അവിടെ വില്പനക്കു് വെച്ചിട്ടുണ്ടു്. ആനക്കൊമ്പിലും, മാർബിളിലും കൊത്തിയുണ്ടാക്കിയ കലാസുഭഗതയാർന്ന നിരവധി കൌതുകവസ്തുക്കൾ അവിടെ വിലക്കു് വാങ്ങാൻ കിട്ടും. വില്പനക്കു് വെച്ചിരിക്കുന്ന മറെറാരു

പ്രധാന വസ്തു ക്യാമറകളും, ആൽബങ്ങളും ഫിലിമുകളുമാണ്.

നമ്മുടെ രാഷ്ട്രപതാക ഉയർത്തിയിരിക്കുന്ന ചെങ്കോട്ടയുടെ മുകളിലേക്കു് കയറിച്ചെല്ലുവാൻ വളരെ പടികളുള്ള ഒരു കോണിയുണ്ടു്. അതിൻെറ മുകളിലൊന്നു് കയറുവാൻ ഞങ്ങളാശിച്ചു. അവിടെ കാവൽനില്ക്കുന്ന ഒരു പട്ടാളക്കാരൻ—അദ്ദേഹം മലയാളിയായിരുന്നു—അതിൻെറ മുകളിൽ കയറുവാൻ സന്ദർശകർക്കു് അനുവാദമില്ലെന്നു് ഞങ്ങളെ മനസ്സിലാക്കി.

കോട്ടയുടെ പടിഞ്ഞാറുഭാഗത്തായി അധികം അകലത്തല്ലാതെ 'സലീംഘർ' എന്നൊരു ഹർമ്മ്യമുണ്ടു്. 1546-ലാണ് ഈ ഹർമ്മ്യം പണികഴിച്ചതു്. ഷേർഷായുടെ പുത്രനായ സലിംഷായാണത്രെ ഇതിൻെറ നിർമ്മാതാവു്. ഒരു കാലത്തു് പട്ടാളക്കാരുടെ വാസസ്ഥലമായി ഈ ഹർമ്മ്യം ഉപയോഗപ്പെടുത്തിയിരുന്നു.

ഞങ്ങൾ കോട്ടയിൽനിന്നു് പുറത്തുകടന്നു. ലാഹോർഗേററിനു് മുന്നിൽ ആ മഹത്തായ കോട്ടയുടെ നേരെ ദൃഷ്ടിയുറപ്പിച്ചുകൊണ്ടു് കുറച്ചുസമയം നിന്നുപോയി. ഷാജഹാൻ ചക്രവർത്തിയുടെ ആ ലോകം മനുഷ്യശക്തിയുടെ പ്രതീകമാണെന്നു് എനിക്കു് തോന്നി.

അദ്ധ്യായം 11.

# രാജ്ഘട്ട്.

ഡിസംബർ 18

ഇന്ന് മഹാത്മജിയുടെ സമാധിസ്ഥലത്ത് പോകുവാനാണ് ഞങ്ങൾ തീരുമാനിച്ചിരിക്കുന്നത്. തലേദിവസംതന്നെ യാത്രാനുവാദം വാങ്ങിവെച്ചിരുന്നു. കാലത്തുതന്നെ കുളികഴിച്ച് നല്ല മോഡലിലുള്ള വസ്ത്രങ്ങൾ ധരിച്ച് ഞങ്ങൾ യാത്രക്കൊരുങ്ങി. മററു പല സ്ഥലങ്ങളും സന്ദർശിക്കേണമെന്ന് ഞങ്ങൾക്കാഗ്രഹമുണ്ടായിരുന്നു. പുരാതനദില്ലിയിലേക്കാണ് ഞങ്ങൾ പോയത്. പുരാണകിലയുടെ ചാരത്തൂടെ ഞങ്ങളേയും വഹിച്ചുകൊണ്ട് ആ ബസ്സ് പാഞ്ഞുപോയി. പഴയ ദില്ലിയിലെ റയിൽവേ സ്റ്റേഷനു് സമീപത്താണ് ഞങ്ങൾ ബസ്സിറങ്ങിയത്.

ആ റയിൽവേ സ്റ്റേഷനൊന്ന് സന്ദർശിക്കുവാൻ ഞങ്ങൾ തീരുമാനിച്ചു. ഉത്തരേന്ത്യാ റയിൽവേയുടെ ആസ്ഥാനകേന്ദ്രം അവിടെയാണ്. വളരെ നീളവും വലിപ്പവുമുള്ളതാണ് ആ റയിൽവേസ്റ്റേഷൻ. ന്യൂദെൽഹി സ്റ്റേഷനെ അപേക്ഷിച്ച് എത്രയോ വലപ്പം ഇയ സ്റ്റേഷനു് കൂടുതലാണ്. ജനത്തിരക്കും കുറവല്ല. പഴയ ദില്ലിയിലെ റയിൽവേസ്റ്റേഷനും, പുതിയ ദില്ലിയിലെ റയിൽവേസ്റ്റേഷനും തമ്മിൽ വലിയൊരുവ്യത്യാസം

എനിക്കു് കാണുവാൻസാധിച്ചു. വൃത്തിയിലും, പരിഷ്കാരത്തിലും ന്യൂദൽഹി റയിൽവേസ്റ്റേഷൻ മുന്നിട്ടുനില്ക്കുന്നു. വലുപ്പത്തിൽ പഴയ ഡില്ലിയിലെ സ്റ്റേഷനും. ന്യൂദൽഹിസ്റ്റേഷനിലെത്തുന്ന യാത്രക്കാരിൽ അധികവും പരിഷ്കാരത്തിൻെറ ഉന്നതിയിലെത്തിയവരും, വിദേശികളും, ഉദ്യോഗസ്ഥന്മാരുമെല്ലാമാണ്. പഴയഡില്ലിയിൽ ഗ്രാമവാസികളും, സാധാരണക്കാരുമാണ് അധികവും.

## ഗ്രീൻ ഹോട്ടൽ.

ഞങ്ങൾ പഴയ ഡില്ലിയിലെ തെരുവിലൂടെയാണ് നടക്കുന്നതു്. നല്ല ജനത്തിരക്കുണ്ടു്. തിരക്കുപിടിച്ച വ്യവസായങ്ങളും അവിടെ നടക്കുന്നുണ്ടു്. നല്ല ഉയരത്തിലും, വലുപ്പത്തിലുമുള്ള കൂററൻ കെട്ടിടങ്ങൾ അവിടെ കാണാം. ന്യൂദൽഹിയിലേതുപോലെ പരിഷ്കരിച്ച കെട്ടിടങ്ങൾ കുറവാണ്. പക്ഷെ, പഴയ കാലാലെട്ടം ഇന്നും അവിടെ ഉലച്ചിൽകൂടാതെ നിലനിന്നുവരുന്നുണ്ടു്.

നല്ല വിശപ്പുണ്ടു്. ഏതെങ്കിലും ഹോട്ടൽ കണ്ടുപിടിക്കുന്നതിന്നായി ഞങ്ങളുടെ ശ്രമം. എന്തെങ്കിലും കഴിക്കാതെ ഇനിയും നടക്കുക പ്രയാസമായിത്തോന്നി. സമയം ഒരു മണിയോടടുത്തിരിക്കുന്നു. ഒന്നു് രണ്ടു് ഹോട്ടലുകൾ ഞങ്ങൾ കണ്ടു. ഞങ്ങൾക്കു് അവിടെയൊന്നും കയറുവാൻ തോന്നിയില്ല. പെട്ടെന്നു് ഒരു ഹോട്ടൽ ഞങ്ങളുടെ ദൃഷ്ടിയിൽപ്പെട്ടു.

"ഗ്രീൻ ഹോട്ടൽ."

മലയാളത്തിൽ വലിയ അക്ഷരത്തിൽ എഴുതിവെച്ചിട്ടുണ്ടു്. ദൽഹിയിൽ വന്നതിനു് ശേഷം മലയാളത്തിലുള്ള ഒരു ബോർഡ് ആദ്യമായി കാണുകയാണ്. ഞങ്ങളുടെ ആഹ്ലാദത്തിന്നതിരില്ല. അത്ഭുതവും സീമാതീതമായി വർദ്ധിച്ചു. പിന്നെ ഞങ്ങൾ സംശയിച്ചില്ല. നീലനിറത്തിൽ ചായം തേച്ചിട്ടുള്ള ആ ഹോട്ടലിൽ ഞങ്ങൾ കയറിച്ചെന്നു. പറയത്തക്ക പരിഷ്ക്കാരമൊന്നും ആ ഹോട്ടലിനില്ല. നീലനിറത്തിലുള്ള വൈദ്യുതദീപങ്ങൾ ഘടിപ്പിച്ചിട്ടുണ്ടു്. ഗ്രീൻ ഹോട്ടൽ എന്ന നാമം അന്വർത്ഥമാക്കുന്നതിനുവേണ്ടിയാവാം. നല്ല ഓരോ ഊണിന്നു് ഞങ്ങൾ ഓർഡർ കൊടുത്തു. അധികം താമസിക്കാതെത്തന്നെ ഊൺ ലഭിക്കുകയും ചെയ്തു. ഞങ്ങളെപ്പോലെത്തന്നെ അരിഭക്ഷണം ലഭിച്ചുകൊണ്ടിരുന്നവരായി അവിടെ പിന്നേയും കുറേപേരുണ്ടായിരുന്നു. ചീനക്കാരായ കുറെ സന്ദർശകരായിരുന്നു അവർ. കുറച്ചൊരു മനഃസംതൃപ്തിയോടെയാണ് ഞങ്ങൾ പുറത്തുവന്നതു്. തെരുവിലിറങ്ങി വീണ്ടും ഞങ്ങൾ നടന്നുതുടങ്ങി.

## ജി. ബി. റോഡ്.

ന്യൂദൽഹിയിലെ പ്രധാന വീഥിയിൽനിന്നും ഞങ്ങളിപ്പോൾ തെല്ലകലെയാണ്. ജി. ബി. റോട്ടിലൂടെയാണ് ഞങ്ങളിപ്പോൾ നടക്കുന്നതു്. ഈ തെരുവിൽ സ്റ്റേഷനറികച്ചവടം വളരെ വിരളമാണ്. പലചരക്ക

കച്ചവടമാണ് പ്രധാനമായി നടക്കുന്നതു്. റോഡിന്നു് നല്ല വീതിയുണ്ടു്. എങ്കിലും ന്യൂദൽഹിയിലെ പ്രധാന തെരുവുകൾക്കുള്ള അന്തസ്സും, പരിഷ്ക്കാരവുമില്ല. അന്ത സ്സായി വസ്ത്രധാരണം ചെയ്തവരേയും അവിടെ കാണു വാൻ പ്രയാസമായിരുന്നു. നല്ല അന്തസ്സുള്ള വസ്ത്രങ്ങ ളാണ് ഞങ്ങൾ ധരിച്ചിരുന്നതു്. മാത്രമല്ല ഞങ്ങളുടെ വസ്ത്രധാരണരീതികണ്ടാൽ ഞങ്ങൾ ആ നാട്ടുകാരല്ലെന്നു് വ്യക്തമായിരുന്നു. ഞങ്ങൾ കുറച്ചുദൂരം നടന്നുകാണും. എവിടെനിന്നെന്നറിഞ്ഞില്ല ഒരു യുവാവു് ഞങ്ങളുടെ നേരെ നടന്നുവന്നു. കുറേദൂരം അയാൾ ഞങ്ങളെ അനു ഗമിച്ചു. ഞങ്ങൾക്കത്ഭുതംതോന്നി. വളരെദൂരം ഞങ്ങ ളെ അനുഗമിച്ചുകൊണ്ടു് അയാൾ വന്നു. ജനത്തിര ക്കു് അല്പം ഒഴിഞ്ഞ ഒരു ദിക്കിലെത്തിയപ്പോൾ പതി ഞ്ഞ സ്വരത്തിൽ അയാൾ ചോദിച്ചു.

"ആപ്‌കോ ചാഹിയേ?"

വൃത്തികെട്ട ഒരു ചിരി അയാളുടെ ചുണ്ടിലുദിച്ചു. 'നിങ്ങൾക്കു് ആവശ്യമുണ്ടോ?' എന്നാണ് അയാൾ ചോദിച്ചതിന്റെ അർത്ഥം.

'ക്യാ ഭായി?'

അയാൾ ആ തെരുവിലെ ഉയർന്നുനില്ക്കുന്ന കെട്ടി ടങ്ങളുടെ മുകളിലേക്കു് ചൂണ്ടിക്കാട്ടി. ഞെട്ടിപ്പിക്കുന്ന ഒരു കാഴ്ചയാണ് അവിടെ കണ്ടതു്. നിരവധി വാടക പ്പെണ്ണുങ്ങൾ അവയുടെ മുകളിൽ ചായംതേച്ചും, മിനുക്കു പണികൾചെയ്തും ഇരിക്കുകയാണ്. കത്തിച്ചാമ്പലായ

യുവത്വം ഏച്ചുകൂട്ടിക്കൊണ്ടു് അവരൊരു പുതിയ യുവത്വം സൃഷ്ടിക്കുകയാണു്. ഒരു നാടകശാലയുടെ അണിയറയിൽ നടക്കുന്ന ബഹളമാണു് ഞാനവിടെകണ്ടതു്. എൻെറ ഹൃദയം അത്യാചരത്തിൽ പിടച്ചുകൊണ്ടിരുന്നു. എനിക്കതു് വിശ്വസിക്കുവാൻ പ്രയാസമായിതോന്നി. മറേറതു പരിഷ്ക്കരിച്ച പട്ടണത്തിലും കാണുന്നമാതിരിയുള്ള വൃത്തികെട്ട ഒരു തെരുവ് ദൽഹിയുടെ സമീപത്തുമുണ്ടെന്നോ?

ആ വൃത്തികെട്ട വ്യവസായത്തിൻെറ സമത്ഥനായ ഒരേജൻറാണു് ഞങ്ങളെ പിടികൂടിയിരുന്നതു്. ദാഹിക്കുന്ന നൂറു നൂറു വരണ്ട കണ്ണുകഠം ഞങ്ങളെ തുറിച്ചുനോക്കിക്കൊണ്ടിരിക്കുകയാണു്. ബാപ്പുജിയുടെ സമാധി സന്ദശിക്കുവാൻ പുറപ്പെട്ട ഞങ്ങഠംക്കു് ഇത്തരം ഒരു സന്ദർഭത്തെ നേരിടേണ്ടിവന്നതിൽ അത്യധികം ദുഃഖം തോന്നി. ഞങ്ങളുടെ പരിശുദ്ധത വ്യക്തമാക്കിയപ്പോഠം അയാഠം തെററിദ്ധരിക്കുകയാണു് ചെയ്തതു്. ആ പുറത്തിരിക്കുന്നവരിൽ ആരേയും ഞങ്ങഠംക്കു് പററാത്തതുകൊണ്ടാണു് ഞങ്ങഠം ഒഴിഞ്ഞുമാറുന്നതെന്നാണു് അയാഠം കരുതിയതു്. അകത്തു് സുന്ദരികളായ പെൺകുട്ടികളുണ്ടെന്നും അവിടെ ചെന്നുനോക്കിയശേഷം പറുന്നവരെ തിരഞ്ഞെടുക്കാമെന്നും അയാഠം പറഞ്ഞു. ഞങ്ങഠം അല്പം പരുഷമായ ഭാഷതന്നെ ഉപയോഗിക്കേണ്ടതായിവന്നു. എന്നാൽ പിന്നെ ഞങ്ങഠം ആ തെരുവിൽ എത്തിയിരിക്കുന്നതു് എന്തിന്നാണെന്നായി അ

യാഗം. ഞങ്ങഠം അല്പം ഗൌരവംകലന്ന സ്വരത്തിൽ ചോദിച്ചു.

"ബാപ്പുജി കാ സമാധി കിത്നി ദൂർപർ ഹൈ!"

"ഘോടിവാലാ സെ പൂഛോ."

അയാഠം ഒരു വണ്ടിക്കാരനെ കാണിച്ചുതന്നു.

"രാജ്ഘട്ട്കൊ കിത്നാ മൈൽ?"

"തീൻ."


ഞങ്ങഠം വണ്ടിയിൽ കയറി. ആ സംസ്കാരശൂന്യതയിൽനിന്നു് പുറത്തുകടന്നു് സ്വല്പം ശുദ്ധവായു ശ്വസിക്കുവാൻ ഞങ്ങഠംക്കു് തിടുക്കമുണ്ടായിരുന്നു. രാജ്ഘട്ടിനെ ലക്ഷ്യമാക്കി ഞങ്ങളുടെ വണ്ടി പാഞ്ഞുപോയി. ഹൃദയമില്ലാത്തവർ അധിവസിക്കുന്ന ആ വൃത്തികെട്ട തെരുവിലെത്തിയതിൽ സ്വയം പശ്ചാത്തപിച്ചുകൊണ്ടു് ബാപ്പുജിയുടെ സമാധിയിൽ ഓരോ പൂമാല ചാർത്തേണമെന്നു് ഞങ്ങഠം തീരുമാനിച്ചു.

## ബാപ്പുജിയുടെ സമാധി.

ഹൃദയമിടിപ്പോടുകൂടിയാണു് ഞങ്ങഠം രാജ്ഘട്ടിലെത്തിയതു്. 'പ്രിയപ്പെട്ട നമ്മുടെ രാഷ്ട്രപിതാവു് അന്ത്യവിശ്രമം കൊള്ളുന്ന സ്ഥലമാണതു്. 1948 ജനുവരി 30-ാംനു- നാത്തുറാംവിനായക്ഗോഡ്സേ എന്ന ഒരു യുവാവു് ബഹുമാന്യനായ ബാപ്പുജിയെ വെടിവെച്ചുവീഴ്ത്തിയ സംഭവം അവിടെ രേഖപ്പെടുത്തിവെച്ചിട്ടുണ്ടു്. പൂജ്യബാപ്പുജി അന്ത്യവിശ്രമംകൊള്ളുന്ന

ആ സമാധിസ്ഥലം അകലെനിന്നുതന്നെ ഞങ്ങഠം കണ്ടു തുടങ്ങി. ഞങ്ങഠം രാജ്ഘട്ടിന്നു സമീപം ഇറങ്ങി സ മാധിയെ ലക്ഷ്യമാക്കി നടന്നു. ഗേററിൻെറ പുറത്തു് പൂമാലകഠം വില്പനക്കുവെച്ചിരുന്നു. ഞങ്ങഠം ഓരോ മാല വാങ്ങി. ഗെയിററുകടന്നപ്പോഠംതന്നെ ഹൃദയം പിടച്ചുകൊണ്ടിരുന്നു. ആ പരിസരമാകെ നിശ്ശബ്ദത പരന്നിരുന്നു. വഴിയുടെ ഇരുഭാഗത്തും പൂച്ചെടികഠം നട്ടുവളർത്തിയിട്ടുണ്ടു്. ചെറിയ തടാകങ്ങഠം കെട്ടിയു ണ്ടാക്കിയിട്ടുണ്ടു്. ഷൂസും, ചെരിപ്പുമെല്ലാം സൂക്ഷിക്കു വാൻ ഒരു കാവൽക്കാരൻ പുറത്തിരിക്കുന്നുണ്ടു്. ഞ ങ്ങഠം ഷൂവെല്ലാം അവിടെ ഊരിവെച്ചു. സ്തബ്ധചിത്ത രായി സമാധിയിലേക്കു് നടന്നു. വഴിയിൽത്തന്നെ ഗാന്ധിസാഹിത്യങ്ങഠം വില്പനക്കുവെച്ചിട്ടുണ്ടു്. ധാരാ ളം സന്ദർശകന്മാർ അപ്പോളവിടെ ചുററിനടക്കുന്നുണ്ടാ യിരുന്നു. ഞങ്ങഠം പിടയ്ക്കുന്നഹൃദയത്തോടെ സമാധി യിലെത്തി. ഗാന്ധിജി വെടിയേററു് വീണസ്ഥല ത്തു് ചതുരാകൃതിയിലുള്ള ഒരു തറ കെട്ടിയുണ്ടാക്കിയിരി ക്കുകയാണു്. അതിന്നു്ചുററും നല്ല ഭംഗിയുള്ള ഒരു മതിലുണ്ടു്. ചവിട്ടിക്കയറുവാൻ ചവിട്ടുപടികളുണ്ടു്. ഞങ്ങഠം അകത്തെത്തി. വിഷാദഭാവത്തിലല്ലാതെ അ തിന്നകത്തു് ആരേയും കാണുവാൻസാധിച്ചില്ല. വീ

ണ്ടും ഒരു തറ അവിടെ പൊങ്ങിനില്ക്കുന്നുണ്ട്. ഗാന്ധിജിയുടെ സമാധിയാണതു്. വിറക്കുന്ന കരങ്ങളോടെ



ഗാന്ധിജിയുടെ സമാധിസ്ഥലം.

ഞങ്ങളവിടെ മാലചാൎത്തി. എന്തൊരു ശാന്തതയാണ് ആ അന്തരീക്ഷത്തിൽ നിറഞ്ഞുനില്ക്കുന്നതു്. എങ്ങും മൂകതയാണ്. വിഷാദംനിറഞ്ഞ വദനങ്ങളേ എവിടേയും കാണുന്നുള്ളു. ആരും പരസ്പരം സംസാരിക്കുന്നില്ല. എല്ലാവരും നിശ്ശബ്ദരും നിശ്ചേഷ്ടരുമായി നോക്കിനില്ക്കുകയാണ്. നനയാത്ത ഒരൊററനയനവും അപ്പോൾ അവിടെ കാണാൻകഴിഞ്ഞില്ല. വളരെയേറെ വിദേശികളും അവിടെ സന്ദൎശിച്ച് മാലചാൎത്തുന്നുണ്ട്. പൂമാല അവിടെ മലപോലെ കൂടിക്കിടക്കുകയാണ്. പൂമാലകൊണ്ടു് ആ സ്ഥലം കുന്നുകൂടുമ്പോൾ ഉടനെ അതെല്ലാം ഒരു മൂലയിലേക്കു് മാററിയിടുന്നുണ്ട്.

അവിടെ നില്ക്കുംതോറും ഭക്തികൊണ്ട് ഹൃദയം നിറയുകയാണ്. മൂകതനിറഞ്ഞ ആ അന്തരീക്ഷത്തിൽ ശാന്തിയും സമാധാനവും ജീവിക്കുകയാണ്. ഞങ്ങൾ ചിന്തയാൽത്തുങ്ങുന്ന ഹൃദയവുമായി അവിടെയെല്ലാം ചുററിനടന്നു. ബാപ്പുജിയെക്കുറിച്ചുള്ള പാവനചിന്തയുമായി പുറത്തുകടന്നു. അവിടെ ഗാന്ധിസാഹിത്യങ്ങൾ വില്പന നടക്കുന്നുണ്ട്. ഞങ്ങളങ്ങോട്ടുചെന്നു. നിരവധി പുസ്തകങ്ങളുടെ കൂട്ടത്തിൽ നിന്ന് ഞാനൊരു പുസ്തകം തിരഞ്ഞെടുത്തു. ഗാന്ധിജിയുടെ ജീവിതത്തിൽ സർവ്വോദയത്തിൻെറ വെളിച്ചംവീശിയ റസ്കിൻെറ "അൺറുദിലാസ്റ്റ്" (un to the last) എന്ന ഇംഗ്ലീഷ് പുസ്തകമായിരുന്നു അതു്. ആ സ്ഥലം സന്ദർശിച്ചു മടങ്ങിയപ്പോൾ ഹൃദയം കൂടുതൽ പരിശുദ്ധമായതുപോലെ എനിക്കു് തോന്നി.

ഡിസംബർ 22.

നിത്യവും തണുപ്പ് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. സദാ കമ്പിളിവസ്ത്രങ്ങൾ ധരിച്ചുകൊണ്ടാണ് ഞങ്ങളിപ്പോൾ സഞ്ചരിക്കുന്നതു്. കൂടുതൽ കമ്പിളിവസ്ത്രങ്ങൾ ഞങ്ങൾക്കിപ്പോൾ ആവശ്യമായിവന്നിരിക്കുന്നു. ദക്ഷിണേന്ത്യയിൽനിന്ന് വന്നിട്ടുള്ളവർക്ക് അതു് കൂടാതെ അവിടെ ജീവിക്കുവാനൊക്കുകയില്ല.

ഇന്ന് ഒഴിവുദിനമായി പ്രഖ്യാപിച്ചിരിക്കുകയാണ്. തണുപ്പിനുള്ള വസ്ത്രങ്ങൾ ആവശ്യമുള്ളവർക്കൊക്കെ അതു് ദൽഹിയിൽ പോയി വാങ്ങുന്നതിന്നുവേ

ണ്ടിയാണ് ഒഴിവുനല്കിയിട്ടുള്ളതു്. എനിക്കു് ആവശ്യത്തിലുമധികം കമ്പിളി വസ്ത്രങ്ങൾ ഞാൻ കരുതിക്കൊണ്ടുപോയിട്ടുണ്ടു്. എനിക്കിനി പ്രത്യേകമായിട്ടൊന്നും വാങ്ങേണ്ടതില്ല. എങ്കിലും ഇനി ദൽഹിയിൽ പോകുവാൻ കൈവന്നിരിക്കുന്ന അവസരം പാഴാക്കുവാൻ ഞങ്ങൾ തയ്യാറില്ല. ഞങ്ങൾ നേരത്തെതന്നെ ദൽഹിയിലേക്കു് പോയി.

## മലയാളികൾ.

ദൽഹിയുമായി കൂടുതൽ കൂടുതൽ ഞങ്ങൾ പരിചയപ്പെട്ടുകൊണ്ടിരിക്കുകയാണ്. ന്യൂദൽഹിതെരുവിനെ സംബന്ധിച്ചു് നല്ലൊരു പരമാർത്ഥം ഞാനിപ്പോൾ മനസ്സിലാക്കിക്കഴിഞ്ഞിട്ടുണ്ടു്. അന്തസ്സും, ആഭിജാത്യവും അവിടെ ശിരസ്സുയർത്തിനില്ക്കുകയാണ്. പഠിപ്പും, പരിഷ്കാരവും സിദ്ധിച്ച മേലേക്കിടയിലുള്ളവരെയല്ലാതെ, കണ്ടമാനം അലഞ്ഞുതിരിയുന്നവരോ, വൃത്തികെട്ടവരോ ആയ ഒരൊററ വ്യക്തിയേയെങ്കിലും അവിടെയെങ്ങും കാണ്മാൻ സാധിച്ചിരുന്നില്ല.

ന്യൂദൽഹിയിൽ ധാരാളം മലയാളികളുണ്ടു്. പാർലിമെൻററ് അംഗങ്ങൾക്കു്പുറമെ വിവിധ ഡിപ്പാർട്ടുമെൻറുകളിൽ ഉയർന്ന ഉദ്യോഗംവഹിക്കുന്ന നിരവധി പേർ കുടുംബസമേതം അവിടെ താമസിക്കുന്നുണ്ടു്. മലയാളികളായ ധാരാളം പട്ടാളക്കാരേയും അവിടെ കാ

ണാം. അധികം നഴ്സുമാരും മലയാളികളാണ്. സൌത്ത്ഇന്ത്യ ഹോട്ടലിൽ പോയി നാമൊന്ന് പരിശോധിച്ചാൽ അവിടെ വരുന്നവരിൽ അധികംപേരും മലയാളികളാണെന്നു കാണാം.

കൊണ്ണാട്ട് പ്ലെയ്സിലെ തിരക്കുപിടിച്ച ബിസിനസ്സ്കേന്ദ്രത്തിലൂടെ ഞങ്ങൾ നടക്കുകയാണ്. ഒരു ബുക്ക്സ്റ്റാളിന്റെ മുന്നിൽ ഞങ്ങൾ നിന്നു. നിരവധി ഇംഗ്ലീഷ്പുസ്തകങ്ങൾ അവിടെ പ്രദർശനത്തിനുവെച്ചിട്ടുണ്ട്. ഞങ്ങൾ പുസ്തകങ്ങളുംനോക്കി അവിടെ നില്ക്കുകയാണ്. രണ്ട് യുവതികൾ അവിടെ വന്നു. അവരും ചില പുസ്തകങ്ങളെടുത്ത് തിരിച്ചും മറിച്ചും നോക്കുവാൻതുടങ്ങി. ദില്ലിയിലെ ആ തിരിക്കുപിടിച്ച അന്തരീക്ഷത്തിലും അവരുടെ പ്രസന്നവദനത്തിൽ കേരളീയത്വം ഞങ്ങൾ നിഴലിച്ചുകണ്ടു.

'മലയാളികളെക്കണ്ടാൽ വേറെത്തന്നെ തിരിച്ചറിയാം.'

'കണ്ടപ്പോൾത്തന്നെ നിങ്ങൾ മലയാളികളാണെന്ന് ഞങ്ങൾക്ക് മനസ്സിലായി.'

അവർ മലയാളികളായിരുന്നു. ഞങ്ങൾ പരസ്പരം വിവരങ്ങൾ ചോദിച്ച്മനസ്സിലാക്കി. നഴ്സറികോളേജിൽ പഠിക്കുന്ന രണ്ട് മലയാളിപെൺകുട്ടികളായിരുന്നു അവർ.

# ബദർപൂർ കോൻ ഹൈ?

നിങ്ങൾ ദൽഹിയിലേക്കു് പോകുമ്പോൾ, അഥവാ, നിങ്ങൾ ഉത്തരേന്ത്യയിലേക്കു് പോകുമ്പോൾ തീർച്ചയായും ഹിന്ദി പഠിച്ചിരിക്കേണ്ടതു് ആവശ്യംമാത്രമാണു്. ഹിന്ദി വശമില്ലാത്തവരാണെങ്കിൽ പലപ്പോഴും വിഷമിച്ചുപോകുവാനെളുപ്പമുണ്ടു്. രസാവഹമായ ഒരു സംഭവം രേഖപ്പെടുത്തുവാൻ ഞാനാശിക്കുകയാണു്. ഞങ്ങൾ മലയാളിസുഹൃത്തുക്കൾ ദില്ലിയിലെ തെരുവുകളിൽ ചുററിനടന്നു് സമയം വളരെ വൈകി. ബദർപൂരിലേക്കുള്ള അവസാനത്തെ വണ്ടി പോകുവാൻ സമയമായി. ഉടനെ റെയിൽവേസ്റ്റേഷനിൽ എത്തിയില്ലെങ്കിൽ രാത്രിയിൽ ഞങ്ങൾ ദൽഹിയിൽ വിഷമിക്കേണ്ടിവരും. പല സാധനങ്ങളും വാങ്ങുവാൻ ഞങ്ങൾക്കു് പരിപാടിയുണ്ടായിരുന്നുവെങ്കിലും സമയംവൈകിയതിനാൽ അതെല്ലാം മറെറാരു ദിവസത്തേക്കു് നീത്തിവെച്ചു. പക്ഷെ, കൂട്ടത്തിലൊരു സ്നേഹിതനു് കമലാ മാക്കററിൽപോയി ഒരു ഇരുമ്പുപെട്ടി വാങ്ങിയേ തീരൂ. ഏത്ര നിർബ്ബന്ധിച്ചിട്ടും ആ ഉറച്ച തീരുമാനത്തിൽനിന്നു് അയാൾ പിന്മാറിയില്ല. ഞങ്ങൾ റയിൽവേസ്റ്റേഷനിലേക്കു് ഓടുകയായിരുന്നു. അദ്ദേഹം കമലാ മാക്കററിലേക്കും. ഒരു യുവാവല്ലേ, എങ്ങിനെയെങ്കിലും

എത്തട്ടെ എന്നു് ഞങ്ങളും തീരുമാനിച്ചു. ഇംഗ്ലീഷും, ഹിന്ദിയും അയാൾക്കു് വേണ്ടത്ര അറിഞ്ഞുകൂടാ. അയാൾ പെട്ടി വാങ്ങിയതിനുശേഷം റയിവേസ്റ്റേഷനെ ലക്ഷ്യമാക്കി ഓടി. പക്ഷെ, വഴി തെററിയിരുന്നു. അയാളുടെ പരിഭ്രമം വൎദ്ധിച്ചു. കണ്ടവരോടൊക്കെ ചോദ്യം തുടങ്ങി.

"ബദർപൂർ കോൻ ഹൈ?"

ബദർപൂർ ആരാണെന്നാണ് അയാൾ ചോദിക്കുന്നതു്. പക്ഷെ, ബദർപൂർ എവിടെയാണെന്നാണ് അയാൾക്കറിയേണ്ടതു്? ബദർപൂർ ആരാണെന്നു് പറഞ്ഞുകൊടുക്കുവാൻ ആൎക്കും സാധിച്ചില്ല. അവർ ചോദിച്ച ചോദ്യങ്ങളൊന്നും അയാൾക്കു് മനസ്സിലായില്ല. അവസാനം ഒരു വണ്ടിക്കാരന്റെ അടുത്തുപോയി അയാൾ 'സ്റ്റേഷൻ' അന്വേഷിച്ചു. ആ വാചകത്തിൽ 'സ്റ്റേഷൻ' എന്ന പദം ഉണ്ടായിരുന്നതിനാൽ ആ വണ്ടിക്കാരൻ അയാളെ റയിൽവേ സ്റ്റേഷനിൽ കൊണ്ടുവന്നുവിട്ടു. പക്ഷെ, ഞങ്ങൾ അടുത്ത വണ്ടിക്കു് പോകാമെന്നു് കരുതി ആ സുഹൃത്തിനേയും കാത്തു് റയിൽവേ സ്റ്റേഷനിൽത്തന്നെ നില്പുണ്ടായിരുന്നു. ഭാഷ അറിയാത്തവർ വലിയൊരു പട്ടണത്തിൽ ചെന്നുപെട്ടാൽ ഇത്തരം വിഷമതകൾ നേരിടുവാൻ എളുപ്പമുണ്ടു്.

ഡിസമ്പർ 26.

ഞങ്ങളിന്നു് വീണ്ടും ദൽഹിയിലെത്തിയിരിക്കുകയാണു്. അത്ഭുതകരമായ ഒരനുഭവം ഞാനിവിടെ രേഖപ്പെടുത്തുകയാണു്.

കണ്ണാട്ടു് ലൈനിലൂടെ ഞങ്ങൾ നടക്കുകയായിരുന്നു. അസഹ്യമായ തണുപ്പു്, കമ്പളിവസ്ത്രങ്ങൾ ധരിച്ചിരുന്നിട്ടുകൂടി ഞങ്ങളെ മരവിപ്പിച്ചുകൊണ്ടിരുന്നു. തിരക്കുപിടിച്ച ആ പരിഷ്ക്കരിച്ച തെരുവിലൂടെ ഞങ്ങൾ ചുററിനടന്നു. പെട്ടെന്നു് ഞങ്ങളവിടെ നിന്നുപോയി. പരിചിതനായ ഒരു വ്യക്തി മുന്നിൽ നില്ക്കുകയാണു്.

## നാരായണൻ.

കല്യാശ്ശേരി സ്വദേശിയായ മി. നാരായണനായിരുന്നു അതു്. ബുദ്ധിയ്ക്കു് നല്ല സ്ഥിരതയില്ലാത്ത ഒരു യുവാവു്. ഒരു മുണ്ടും, ബനിയനും മാത്രമാണു് ഈ കൊടുംതണുപ്പിലും അയാളുടെ വസ്ത്രം.

'നാരായണൻ ഇവിടെ എങ്ങിനെയെത്തി.'

'ഇവിടെ എത്തി.'

അതായിരുന്നു നാരായണന്റെ സമാധാനം. എങ്ങിനെയാണു് എത്തിച്ചേർന്നതെന്നു് അയാൾക്കുതന്നെയും അറിയുകയില്ല. എങ്കിലും അയാൾ തലസ്ഥാനനഗരിയിൽ എത്തിച്ചേർന്നിരിക്കുകയാണു്. എന്റെ

അത്ഭുതത്തിന്നതിരുണ്ടായിരുന്നില്ല നാരായണനുമായി പരിചയപ്പെട്ട ആ സംഭവം ഞാനോർത്തു.

വടക്കെമലബാറിൽ പാപ്പിനിശ്ശേരി എന്ന സ്ഥലത്തുവെച്ചാണ് ഞാനാദ്യമായി അയാളെ കണ്ടത്. ഞങ്ങൾ ഭാരത് സേവക് സമാജിന്റെ ആഭിമുഖ്യത്തിൽ ഒരു വിദ്യാർത്ഥിക്യാമ്പ് നടത്തുകയായിരുന്നു. ചിത്തഭ്രമമുള്ള ഒരു യുവാവ് ക്യാമ്പിൽ കടന്നുവന്നു. അയാൾ ഞങ്ങളോട് ഭക്ഷണം ചോദിച്ചു. ക്യാമ്പർമാരല്ലാത്തവൎക്ക് ഭക്ഷണം തരാൻ നിവൃത്തിയില്ലെന്ന് വ്യസനപൂൎവ്വം പറഞ്ഞിട്ടും അയാൾ തിരിച്ചുപോയില്ല. അയാൾ ക്യാമ്പുപരിപാടികളിൽ പങ്കെടുക്കുവാൻ തുടങ്ങി. ഭക്ഷണം നല്കുവാൻ ഞങ്ങൾ നിർബ്ബന്ധിതരുമായി. അയാളുടെ കയ്യിൽ ഒരു നോട്ടുപുസ്തകമുണ്ടായിരുന്നു. അയാളുടെ ചിത്തഭ്രമത്തിന്റെ ഉത്തമദൃഷ്ടാന്തമായിരുന്നു അതു്. ഇന്ത്യാപ്രധാനമന്ത്രിയുടെ മുന്നിൽ അയാൾക്ക് സമൎപ്പിക്കുവാനുള്ള ആക്ഷേപങ്ങളും, അഭിപ്രായങ്ങളുമാണതിൽ എഴുതിയിരുന്നതു്. ഞങ്ങൾ നാരായണനുമായി സംസാരിച്ചു. അയാൾക്ക് ദൽഹിയിൽ പോകണമത്രെ! ഈ സംഭവമാണ് എനിക്കോൎമ്മവന്നതു്. ഞാൻ തലഉയൎത്തിനോക്കി. ഇന്ത്യയുടെ തലസ്ഥാനനഗരിയിൽ ആ തിരക്കുപിടിച്ച സ്ഥലത്തു് നാ

രായണൻ നില്ക്കുകയാണ്. അയാളുടെ ഒരാഗ്രഹം സാധിച്ചു. ഇനിയുള്ള സംഭവങ്ങൾ എങ്ങനെയെന്നറിഞ്ഞുകൂടാ. ഞാൻ നല്കിയ സംഭാവന സ്നേഹപൂർവ്വം അയാൾ സ്വീകരിച്ചു. മറെറാരു വിധത്തിലും എനിക്കയാളെ സഹായിക്കുവാൻ സാധിക്കുമായിരുന്നില്ല. നാരായണന്നു് വിവേകമുണ്ടു്. ആ തണുത്ത കാലാവസ്ഥയിൽ അയാളുടെ ചിത്തഭ്രമം സുഖപ്പെടുകയാണെങ്കിൽ, ഒരു തെളിഞ്ഞ ഭാവി അയാൾക്കുണ്ടായിക്കൂടെന്നില്ല.

അദ്ധ്യായം 12.

# ഉത്തരേന്ത്യയിലെ കഠിന തണുപ്പ്.

നവമ്പർമുതൽ ഫെബ്രുവരിവരെയുള്ള കാലഘട്ടം ഉത്തരേന്ത്യയിൽ കഠിന തണുപ്പുള്ള സമയമാണ്. ഏപ്രിൽ, മേയ്, ജൂൺ എന്നീ മാസങ്ങളിലെ ചൂട്ടം അസഹനീയമായിരിക്കും. മററുള്ള മാസങ്ങളിൽ കാലാവസ്ഥ സുഖമുള്ളതാണ്.

നവമ്പർ 23-ാംനു-യാണ് ഞങ്ങളാദ്യമായി ദൽഹിയിലെത്തിയതു്. ജനുവരി 26-ാംനു- തിരിച്ചുപോരികയും ചെയ്തു. തണുപ്പ് ഏററവും ശക്തിയായിരിക്കുന്ന രണ്ടു് മാസമാണ് ഞങ്ങൾ ദൽഹിയിൽ കഴിച്ചുകൂട്ടിയതു്. തണുപ്പിനെ നേരിടാൻ കരുത്തുള്ള വളരെയേറെ കമ്പിളിവസ്ത്രങ്ങൾ കരുതിയിരുന്നിട്ടുകൂടി അവിടുത്തെ തണുപ്പിനെ നേരിടുവാൻ ഞങ്ങൾ വളരെ വിഷമിക്കേണ്ടിവന്നു. ഞങ്ങളുടെ കൂട്ടത്തിൽപ്പെട്ട ചിലർ തണുപ്പിനെ നേരിടുവാൻ കരുത്തില്ലാതെ നാട്ടിലേക്കു് തിരിച്ചുപോകുകപോലുമുണ്ടായി. ഉഷ്ണമേഖലയിൽ ജനിച്ചുവളർന്നവർക്ക് ഉത്തരേന്ത്യയിലെ കൊടുംതണുപ്പിനെ നേരിടാൻ കുറച്ചൊക്കെ ആത്മനിയന്ത്രണശക്തികൂടിയേ കഴിയൂ.

അനുദിനം തണുപ്പ് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. തണുപ്പിനെക്കുറിച്ചുള്ള വിവരങ്ങൾ പത്രങ്ങളിൽ

റിപ്പോർട്ടും ചെയ്തിരുന്നു. ടൈംസ് ഓഫ് ഇന്ത്യയിലെ ഒരു റിപ്പോർട്ട് ഞങ്ങളെ ഞെട്ടിപ്പിച്ചു. സിംലയിൽ ഹിമപാതമുണ്ടായിരിക്കുന്നുവത്രെ! സിംലയിൽ ഹിമപാതമുണ്ടായാൽ ഉത്തരേന്ത്യ മുഴുവനും തണുപ്പ് മൂർദ്ധന്യദശയിലെത്തിക്കഴിഞ്ഞുവെന്നാണർത്ഥം. അതുവരെ സഹിച്ചുവന്ന തണുപ്പുതന്നെ ദുസ്സഹമായിരുന്നു. ഇനിയും തണുപ്പ് വർദ്ധിച്ചാലത്തെ സ്ഥിതിയെക്കുറിച്ച് ചിന്തിക്കുകതന്നെ വയ്യ. എനിക്ക് ഭയം തോന്നി. തണുപ്പിനെ സംബന്ധിച്ച മുന്നറിവ് ഞങ്ങൾക്ക് ലഭിച്ചിരിക്കുന്നു.

## ഭീകരത.

1957 ജനുവരി 7. അന്തരീക്ഷം മൂടിക്കെട്ടിയിരിക്കുകയാണ്. തണുത്തകാററ് ആഞ്ഞടിക്കുന്നുണ്ട്. പുറത്തിറങ്ങിക്കൂടാ. മരവിച്ചുപോവുകയാണ്. വെയിലിന്ന് തീരെ ചൂടില്ല. ഉച്ചവരെയുള്ള പരിപാടികളൊക്കെ ഒരുവിധം അവസാനിച്ചു. അതോടെ കാലാവസ്ഥയിൽ ചില മാററങ്ങൾ കണ്ടുതുടങ്ങി. ശക്തിയോടെ കാററ് ആഞ്ഞടിക്കുകയാണ്. ഇടി മുഴങ്ങുന്നുണ്ട്. മഴ ചാറിത്തുടങ്ങി. മഴപെയ്താൽ പിന്നെ തണുപ്പു സഹിക്കുക പ്രയാസമാണത്രെ! ഞങ്ങൾക്ക് കമ്പിളിവസ്ത്രങ്ങൾ ലഭിക്കുവാനുള്ള ഔദ്യോഗിക നിർദ്ദേശം കിട്ടി.

കമ്പളി വസ്ത്രങ്ങളും ധരിച്ച് ഞങ്ങൾ ചുരുണ്ടുകൂടി ഇരിക്കുകയാണ്. എന്തൊക്കെയാണ് സംഭവിക്കുകയെന്ന് ചിന്തിക്കുകതന്നെ ദുസ്സഹമായിരുന്നു. വരുന്നതിനെയൊക്കെ നേരിടുവാൻ ഞങ്ങൾ തയ്യാറായി. രാത്രി എങ്ങിനെയാണ് ഭക്ഷണംകഴിച്ചതെന്ന് പറഞ്ഞുകൂടാ. ഒരുവിധത്തിൽ ടെൻറിലെത്തി. താല്ക്കാലികടെൻറുകളിലാണ് ഞങ്ങൾ താമസിക്കുന്നത്. ശക്തിയായ കാററിൽ ടെൻറ് പിടച്ചുകൊണ്ടിരുന്നു. രാത്രി എങ്ങിനെയാണ് ഉറങ്ങിയതെന്ന് അറിഞ്ഞുകൂടാ. നേരംപുലർന്നപ്പോൾ ദേഹമാകെ മരവിച്ചിരിക്കുന്നതായിതോന്നി.

ഡിസമ്പർ 8.

ടെൻറിൽനിന്ന് പുറത്തുകടക്കരുതെന്ന് ഞങ്ങൾക്ക് നിർദ്ദേശം ലഭിച്ചിരിക്കുന്നു. തണുപ്പ് ഇനിയും വർദ്ധിക്കുകയാണത്രെ! മഴ ശക്തിയായി പെയ്തുതുടങ്ങി. ടെൻറിന്നുചുററും ചളി കെട്ടിനില്ക്കുകയാണ്. തണുത്ത കാററും ഞങ്ങളെ കൊല്ലാൻ വരുന്നുണ്ട്. കൈകാലുകളൊക്കെ മരവിച്ചിരിക്കുന്നു. കൈവിരലുകൾ മടങ്ങുന്നില്ല. കമ്പളി വസ്ത്രങ്ങൾകൊണ്ട് മൂടിപ്പുതച്ച് ചുരുണ്ടുകിടന്നു. പെട്ടെന്ന് ടെൻറ് ആകെ കിടന്നൊന്ന് കുലുങ്ങി. ശക്തിയായ ഒരു ചക്രവാതം അതിലെ കടന്നുപോയതാണ്. ഓരോ ടെൻറിലുമുള്ളവർ അടുത്ത ടെൻറിലുള്ളവരുടെ കുശലം വിളിച്ചുചോദിച്ചുകൊണ്ടിരുന്നു. പെട്ടെന്ന് ചെറിയൊരു ബഹളപ്പാടുണ്ടായി.

'ഉഠോ! ബാഹർ ആഓ.'

എഴുന്നേററ് പുറത്തു വരാനാണ് പറയുന്നതു്. അസഹനീയമായ ഈ കൊടുംതണുപ്പിൽ ആരാണ് പുറത്തുവരിക? പെട്ടെന്നു് ഞങ്ങളുടെ ടെൻറിൻെറ മുന്നിൽ വന്നു് ആരോ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു:

'ബായിയോ! ഉഠോ! ടെൻറ് ഗിർത്താ ഹൈ! രസ്സീ കീ ചോ.'

ഞങ്ങളുടെ ടെൻറ് വീഴുകയാണെന്നു്. പിടഞ്ഞെഴുന്നേററ് ഞങ്ങൾ പുറത്തുചാടി. മഴ പെയ്യുന്നുണ്ട്. ടെൻറ് ചാഞ്ഞിരിക്കുന്നു. ടെൻറ് വലിച്ചു കെട്ടിയിരിക്കുന്ന കയർ വലിച്ചുകെട്ടുവാൻ ഞങ്ങൾ ശ്രമിച്ചു പിൻഭാഗത്തെ കയർ വലിച്ചുകെട്ടിയിരിക്കുന്ന കുററികളൊക്കെ പറിഞ്ഞിരിക്കുന്നു. അതു് മേടിത്താഴ്ത്തുവാൻ ഞങ്ങൾ ശ്രമിച്ചു. മററു ടെൻറുകളിലെ സുഹൃത്തുക്കൾ ഞങ്ങളെ സഹായിച്ചു.

ഇന്നു് ഞങ്ങൾക്കു് ഉച്ചഭക്ഷണം ലഭിച്ചില്ല. ഭക്ഷണം പാകംചെയ്യുന്ന സ്ഥലമൊക്കെ വെള്ളംനിറഞ്ഞു് കിടക്കുകയാണ്. രണ്ടുമണി കഴിഞ്ഞപ്പോൾ കറെ ഈത്തപ്പഴവും, ഓരോ ഗ്ലാസ്സ് പാലും ഞങ്ങൾക്കു് കിട്ടി.

പുതിയൊരു നിർദ്ദേശം കിട്ടി. തീയിട്ടു് കായുവാനായിരുന്നു ആ നിർദ്ദേശം. ഞങ്ങൾ ടെൻറിൻെറ നടുവിലായി ഓരോ കുഴികുത്തി. അടുക്കളയുടെ സമീപത്തായി വിറകു് കൂട്ടിയിരുന്നു. ഞങ്ങൾ വിറകു്

കൊണ്ടുവന്നു. തീ കൊളുത്തി നല്ലൊരു ചുടലയുണ്ടാക്കി. ഉറങ്ങുന്നതുവരെ അതിന്നുചുററും വളഞ്ഞിരുന്നു. രാത്രിയും ഭക്ഷണം ലഭിച്ചില്ല. ഗോതമ്പിൻെറ കഞ്ഞി ഓരോ ഗ്ലാസ്സ് ടെൻറിൽ കൊണ്ടുവന്നുതന്നു. നല്ല വിശപ്പുണ്ടായിരുന്നു. തണുപ്പ് സഹിച്ചുകൂടാ. കടുത്ത മഴയും കാററുമുണ്ട്. ടെൻറ് പിടച്ചുകൊണ്ടിരുന്നു. ഭയം തോന്നി. ഉറങ്ങുവാൻ ധൈയ്യമില്ല. ടെൻറ് വീണുപോകുമോ? തണുപ്പുകൊണ്ട് ഉറക്കം വന്നില്ല. ദേഹമാകെ മരവിച്ചുപോകയാണ്. അദ്ധരാത്രിയിൽ പോലും ഇടയ്ക്കിടെ കട്ടിലിൽനിന്നിറങ്ങി എരിഞ്ഞുകൊണ്ടിരിക്കുന്ന ചുടലയുടെ മുന്നിൽ ഇരുന്നു.

## ഡിസമ്പർ 10.

മഴയും തണുപ്പും തുടരുകയാണ്. ഞങ്ങഠം പുറത്തേക്ക് എത്തിനോക്കി. ഞങ്ങളുടെ പ്രസംഗഹാഠം നിലത്തമൎന്നുകിടക്കുകയാണ്. മതിലും തകൎന്നുവീണിട്ടുണ്ട്. പരിപാടികളൊക്കെ നിറുത്തിവെച്ചിരിക്കുകയാണ്. ഇന്നും ഒരുനേരം മാത്രമെ ഭക്ഷണമുള്ളു. അതെല്ലാം ടെൻറിൽ കൊണ്ടുവന്ന് തരികതന്നെയാണുണ്ടായതു്. ഭയവിഹ്വലരായിത്തന്നെ രാത്രി കഴിച്ചുകൂട്ടി. നേരംപുലൎന്നപ്പോഠം കാലാവസ്ഥ തീരെ മാറിയിരുന്നു. ശക്തിയായ തണുപ്പുണ്ടെങ്കിലും മഴ നിന്നിരിക്കുന്നു. സൂൎയ്യബിംബം ഇടയ്ക്കിടെ മുഖംകാട്ടി മറഞ്ഞുകളിക്കുന്നുണ്ട്. ഉച്ചക്കുശേഷം ചുടുവെള്ളത്തിലൊന്ന് കുളിച്ചപ്പോഠം വളരെ ആശ്വാസംതോന്നി.

ജീവിതത്തിലൊരിക്കലും വിസ്മരിക്കാത്ത ദിവസങ്ങളാണ് കഴിഞ്ഞുപോയത്. വളരെ കാലത്തിനുശേഷം ഉത്തരേന്ത്യയിൽ ഇത്ര ഭയാനകമായ തണുപ്പ് അനുഭവപ്പെട്ടിട്ടില്ലെന്നാണ് പറയുന്നത്. കഴിഞ്ഞ ദിവസങ്ങൾക്ക് ശേഷം അത്രയും ഭയങ്കരമായ തണുപ്പ് ഞങ്ങൾക്കനുഭവപ്പെട്ടിട്ടില്ല. അങ്ങിനെ ഭീകരമായ തണുപ്പിൻെറ ഭീഭത്സരൂപം കാണുവാനും അതിൻെറ മാലിന്യം അനുഭവിക്കുവാനും ഞങ്ങൾക്കവസരം ലഭിച്ചു.

## ദൽഹിയിലേക്ക്.

ജനുവരി 13. എൻെറ സുഹൃത്തിനെ ആരോ ഫോണിൽ വിളിച്ചു. എൻെറ സഹോദരൻ ദൽഹിയിലെത്തിയിരിക്കുകയാണ്. അവർ ഞങ്ങളെ അങ്ങോട്ട് വിളിക്കുന്നുണ്ട്. എൻെറ ഹൃദയം ഹർഷപുളകിതമായി. ദൽഹിയിലെത്തുവാൻ എന്തൊരു വെമ്പലാണ്. പിറേറ ദിവസം ലീവ് കിട്ടിയില്ല. ഞങ്ങളുടെ ഓഫീസ്സർമാർ സഹോദരനേയും മററും ക്യാമ്പിലേക്ക് ക്ഷണിച്ചിരിക്കുകയാണ്. അതവർ സമ്മതിച്ചിട്ടുണ്ട്. അന്ന് ക്യാമ്പ് പരിപാടികൾ ചലച്ചിത്രത്തിലേക്ക് പകർത്തുന്നുണ്ട്. അതുകൊണ്ടാണ് ലീവനുവദിക്കാതിരുന്നത്. പക്ഷെ, അന്ന് തണുപ്പ് പെട്ടെന്ന് വർദ്ധിച്ചു. പരിപാടികൾ ഒന്നും ഉണ്ടായില്ല. സഹോദരൻ ക്യാമ്പിൽ വന്നുമില്ല. അതുകാരണമായി പിറെറ ദിവസം ദൽഹിയിൽ പോകുവാൻ ഞങ്ങൾക്കനുമതി ലഭിച്ചു. ഉടനെ ഞങ്ങൾ ദൽഹിയിലേക്ക് പുറപ്പെട്ടു.

ദൽഹിയിലെത്തി. ഒരു ടാക്സി കാറിൽ ഞങ്ങൾ ഇലക്ട്രിക് ലൈനിലേക്ക് പോയി. അവിടെയാണ് എൻെറ സഹോദരൻ താമസിക്കുന്നതു്. പാർലിമെൻറ് മെമ്പർമാർ താമസിക്കുന്ന ലൈനാണതു്. പരിചിതരായ പലരും അവിടെയുണ്ട്. ഇൻഡോർ സമ്മേളനംകഴിഞ്ഞ് ദൽഹിയിൽ വന്നവരാണവർ. ഞങ്ങൾ ചെല്ലുമ്പോൾ നാട്ടിലേക്ക് തിരിക്കുവാനുള്ള ഒരുക്കത്തോടെ എൻെറ സഹോദരൻ കാത്തുനില്ക്കുകയാണ്. എങ്കിലും ദൽഹിയിൽവെച്ച് സഹോദരനുമായി കണ്ടു മുട്ടിയതിൽ എനിക്കാഹ്ലാദമുണ്ടായി. ഞങ്ങളൊന്നിച്ച് ന്യൂദൽഹി സ്റ്റേഷനിൽപോയി. അങ്ങനെ ന്യൂദൽഹി സ്റ്റേഷനിൽനിന്നു് നാട്ടിലേക്ക് മടങ്ങുന്ന സഹോദരനെ ഞാൻ യാത്രയയച്ചു.

തണുപ്പ് ഇടയ്ക്കിടെ വദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ജനുവരി 17-ാംനു- ശ്രീമതി രാജകുമാരി അമൃതകൌർ ക്യാമ്പിൽ വന്നു. വിപുലമായ പരിപാടികൾക്കെല്ലാം ഏർപ്പാടു് ചെയ്തിരുന്നതാണ്. കഠിനമായ മഴ കാരണം അതൊന്നും നടക്കുകയുണ്ടായില്ല. രാത്രി ഭയങ്കരമായ മഴയും, ഗംഭീര ഇടിയുമുണ്ടായിരുന്നു. തണുപ്പ് ദുസ്സഹമായിത്തോന്നി.

## ഗുരുകുലം.

ജനുവരി 18. നല്ല തണുപ്പുള്ള ദിവസമാണ്. പക്ഷെ, ഇന്ന് ഏകദേശം 4 നാഴിക അകലെ ഞങ്ങ ൾക്കൊരു സ്വീകരണമുണ്ട്. ഞങ്ങൾ കാലത്തുതന്നെ യാത്രപുറപ്പെട്ടു. പഞ്ചാബ് സംസ്ഥാനത്തിൽപെട്ട മെഹറലി ഗ്രാമത്തിലാണ് ഞങ്ങൾക്ക് പോകേണ്ടതു്. അവിടെ ഒരു ഗുരുകുലമുണ്ട്.

ചരിത്രപരമായി വളരെ പ്രാധാന്യമർഹിക്കുന്നതാണ് ആ സ്ഥലം. പഴയ കാലത്തു് ഇന്ത്യയിലെ ഏററവും നല്ല ഗുരുകുലമായിരുന്നുവത്രെ അതു്. പഞ്ചപാണ്ഡവന്മാർ അസ്ത്രവിദ്യ പഠിച്ചതു് ഇവിടെ വെച്ചായിരുന്നുവെന്ന് പറയപ്പെടുന്നു. പഴയ കാലത്തിൻെറ പല അവശിഷ്ടങ്ങളും ഇവിടെ ഇന്നുമുണ്ട്. നൂററാണ്ടുകൾക്കുശേഷം വളരെ കാലത്തോളം ഈ ഗുരുകുലം മനുഷ്യസ്പർശമില്ലാതെ കിടന്നു. കേടുവന്ന ഇതിൻെറ പല ഭാഗങ്ങളും മുഗിള സുൽത്താന്മാർ നന്നാക്കിയിട്ടുള്ളതായി ഇവിടെയുള്ള ശിലാലേഖനങ്ങളിൽ കാണുന്നു. സ്വാതന്ത്ര്യലബ്ധിക്കുശേഷം ഈ ഗുരുകുലം വീണ്ടും ഉയിർത്തെഴുന്നേല്ക്കുവാൻ തുടങ്ങിയിരിക്കുന്നു. ഗുരുകുലം നടത്തുന്നതിന്നായി കേന്ദ്രസർക്കാർ സാമ്പത്തികസഹായം നല്കിവരുന്നുണ്ട്. ആശ്രമത്തിലെ അന്തേവാസികൾ

വളരെ ചെറിയ കുട്ടികളാണ്. അതിഥിസല്ക്കാരത്തിൽ അവർക്കുള്ള പ്രതിപത്തി പൂർവ്വകാല ആശ്രമങ്ങളുടെ പ്രതീതിയാണ് നമ്മിൽ ജനിപ്പിക്കുന്നതു്. കായികമായ ചില പരിശീലനങ്ങൾ അവർ ഞങ്ങളുടെ മുന്നിൽ പ്രദർശിപ്പിക്കുകയുണ്ടായി. ആ പ്രദർശനം ഞങ്ങളെ വിസ്മയഭരിതരാക്കുകതന്നെ ചെയ്തു.

ഗുരുകുലത്തിൻെറ എല്ലാ ഭാഗങ്ങളും ഞങ്ങൾ ചുററിക്കണ്ടു. പ്രകൃതിയുമായി നമ്മസല്ലാപം ചെയ്തുകൊണ്ടാണ് അവരുടെ പാഠ്യവിഷയം മുന്നോട്ട് പോകുന്നതു്. എന്തൊരച്ചടക്കബോധമാണ് ആ ചെറിയ കുട്ടികളിൽ വളൎന്നിരിക്കുന്നതു്? അവരുടെ ദേശാഭിമാനബോധം അവിടെ ആളിക്കത്തുകയാണ്. ഒരു ഭാഗത്തു് അവക്കു് കിടക്കുവാനുള്ള കട്ടിലുകൾ നിറഞ്ഞുകിടക്കുന്നു. മറുഭാഗത്തു് ക്ലാസ്സ്മുറികൾ കളിസ്ഥലങ്ങൾ. എല്ലാ സൌകര്യങ്ങളും അവിടെയുണ്ടു്.

ഒരാശ്രമത്തിൻെറ പ്രതീതി ജനിപ്പിക്കുന്നതാണ് ആ പ്രദേശം. പരിസരം അതിന്നിണങ്ങിയതുമാണ്. ഇടതൂൎന്ന കാടു് ചുററും വളൎന്നുനില്ക്കുന്നു. പാണ്ഡവന്മാർ തപസ്സുചെയ്തിരുന്നതായി പറയപ്പെടുന്ന ഒരു സ്ഥലവും

ഞങ്ങൾ സന്ദർശിച്ചു. വനമദ്ധ്യത്തിലാണ് ആ സ്ഥലം. അവിടെ ചില കരിങ്കൽത്തറകളും മററും കാണുന്നുണ്ട്. കുറച്ചകലെ ഒരു മയിൽ പീലി വിടുർത്തി നിന്നാടുന്നതു് ഞങ്ങൾ കണ്ടു. ഇടയ്ക്കിടെ ചില കാട്ടുപക്ഷികൾ ശബ്ദിക്കുന്നുണ്ട്. അതെല്ലാം ഒരു ആശ്രമത്തിന്റെ അന്തരീക്ഷം അവിടെ സൃഷ്ടിച്ചിരുന്നു. എല്ലാ ഭാഗവും ചുററിക്കണ്ടശേഷം ഞങ്ങൾ ആ സ്ഥലത്തു നിന്നു് വിടവാങ്ങി.

അദ്ധ്യായം 13.

# പ്രധാന മന്ത്രിയുടെ വസതിയിൽ.

ജനുവരി 19.

ഇന്ത്യാ പ്രധാനമന്ത്രി പണ്ഡിററ് നെഹറുവിനെ സന്ദർശിക്കുവാനാണ് ഞങ്ങളിന്നു് പോകുന്നതു്. കാലത്തുതന്നെ ഞങ്ങളെല്ലാം തയ്യാറായിക്കഴിഞ്ഞു. ഞങ്ങൾക്ക് പോകുന്നതിന്നായി രണ്ടു ബസ്സുകൾ ഏർപ്പാടു ചെയ്തിരുന്നു. പക്ഷെ, സമയത്തിന്നു് ഒരു ബസ്സേ എത്തിയുള്ളു. ഞങ്ങൾ കുറച്ച് സമയം കാത്തു. സമയം കഴിയുകയാണ്. പണ്ഡിററ്ജിയെ സന്ദർശിക്കുവാനുള്ള സമയമടുക്കുന്നു. ഞങ്ങൾക്ക് പരിഭ്രമമായി. ഞങ്ങളെല്ലാം അക്ഷമരായി ബസ്സിൽ കാത്തിരിക്കുകയാണ്. പകുതിയോളം വരുന്ന മററുള്ളവക്ക് ഇനിയും വാഹനം വന്നിട്ടില്ല. അവസാനം ഒരു ലോറി വന്നു. ശേഷിച്ചവർ അതിൽ കയറി. ഉടനെ ഞങ്ങൾ യാത്ര പുറപ്പെട്ടു.

കുത്തബ്മീനാർ റോട്ടിലൂടെയാണ് ഞങ്ങൾ യാത്രചെയ്യുന്നതു്. കുത്തബ്മീനാറിൽനിന്നും കുറച്ചകലെ വെച്ച് ഞങ്ങളുടെ പിന്നിലുള്ള ലോറി തടഞ്ഞുനിത്തി. ലോറിയിൽ അത്രയേറെ ആളുകളെ കയററി കൊണ്ടു പോകാൻ പാടില്ല. വളരെ സമയം നീണ്ടുനിന്ന വാദ

പ്രതിവാദത്തിന്നു ശേഷമാണ് വീണ്ടും യാത്രാനുമതി ലഭിച്ചതു്. അപ്പോൾ അര മണിക്കൂറിലധികം സമയം ഞങ്ങൾക്കു് നഷ്ടപ്പെട്ടിരുന്നു. പണ്ഡിററ്ജിയെ സന്ദർശിക്കുവാൻ അനുവാദം ലഭിച്ചിരിക്കുന്ന സമയം കഴിയുമോ എന്ന ഭയത്തോടുകൂടിയാണ് ഞങ്ങൾ യാത്ര ചെയ്തിരുന്നതു്.

## പാലം വിമാനത്താവളം.

നമ്മുടെ തലസ്ഥാനനഗരിയിലെ വിമാനത്താവളമാണ് പാലം. അതിൻെറ വളരെ അടുത്തുകൂടെയാണ് ബസ്സ് പോകുന്നതു്. കുറെ വിമാനങ്ങൾ അവിടെ നിരന്നുനില്ക്കുന്നുണ്ടു്. രണ്ടു് വിമാനങ്ങൾ ഒന്നിച്ചുയൎന്നു് പറന്നു. ആ മാൎഗ്ഗത്തിലൂടെ സഞ്ചരിക്കുമ്പോൾ വിദേശ എംബസികളും കേന്ദ്രമന്ത്രിമാരുടെ ഭവനങ്ങളും കാണാമായിരുന്നു.

## അശോക ഹോട്ടൽ.

യാത്രയിൽ ഞങ്ങൾക്കു് കാണുവാൻ സാധിച്ച മറെറാരു വലിയ കെട്ടിടം അശോക ഹോട്ടലാണ്. എട്ടുനില തട്ടുകളോടുകൂടി അതാകാശത്തിൽ ഉയൎന്നു നില്ക്കുകയാണ്. ഇന്ത്യാഗവൎമ്മേണ്ടു് പണിയിച്ചതാണ് 400 മുറികളോടുകൂടിയതും എല്ലാവിധ പരിഷ്കൃതസജ്ജീകരണങ്ങളുമുള്ളതായ പ്രസ്തുത ഹോട്ടൽ. അതിന്നടുത്തായിത്തന്നെ വിദേശതന്ത്രകാര്യാലയങ്ങളും വളൎന്നുകൊണ്ടിരിക്കുന്നുണ്ടു്. ഗവൎമ്മേണ്ടു് ഉദ്യോഗസ്ഥന്മാരാ

ണ് ഈ ഹോട്ടലിൻെറ നടത്തിപ്പുകാർ. വിദേശങ്ങ ളിൽനിന്നുവരുന്ന സന്ദർശകരെ ഉദ്ദേശിച്ചുകൊണ്ടാണ് ഈ ഹോട്ടൽ നിർമ്മിച്ചിരിക്കുന്നതു്. എത്രവലിയ ചെ ലവുകളോടുകൂടിയതായിരുന്നാലും ശരി നമ്മുടെ തല സ്ഥാനനഗരിയുടെ അന്തസ്സിനിണങ്ങിയതാണ് അ ശോക ഹോട്ടൽ.

## സമയം വൈകി.

ഞങ്ങൾ പ്രധാന മന്ത്രിയുടെ ഭവനത്തിന്നുനേരെ ഇറങ്ങി. വളരെ സമയം വൈകിയാണ് ഞങ്ങൾ എ ത്തിയിരിക്കുന്നതു്. ഞെട്ടിപ്പിക്കുന്ന ഒരു പരമാർത്ഥമാ ണ് ഞങ്ങൾക്കറിയുവാൻ സാധിച്ചതു്. നിശ്ചയിച്ച സമയത്തുതന്നെ പണ്ഡിററ് നെഹറു ഞങ്ങളെ പ്രതീ ക്ഷിച്ചിരുന്നുവത്രെ! പക്ഷെ, ഞങ്ങൾ എത്തിച്ചേർന്നില്ല. അനുവദിക്കപ്പെട്ട സമയം കഴിഞ്ഞുപോയി.

ഭാരത് സേവക് സമാജിൻെറ ഇൻഫർമേഷൻ സിക്രട്ടറി ശ്രീ റാംനാരായൺചൌധരി കാലെക്കൂട്ടിത്ത ന്നെ അവിടെ എത്തിച്ചേർന്നിരുന്നു. ഞങ്ങൾ എത്തി ച്ചേരാതെയായപ്പോൾ അദ്ദേഹത്തിൻെറ പരിഭ്രമം വർദ്ധിച്ചു. പ: നെഹറുവിനോടു് വീണ്ടും സമയമനുവ ദിക്കേണമെന്നു് അദ്ദേഹം അപേക്ഷിച്ചു. ഇന്ത്യയുടെ പ്രധാന മന്ത്രിയുടെ സമയം എത്ര വിലയേറിയതാണ്? എന്നിട്ടും മഹാനായ പ്രധാനമന്ത്രി വീണ്ടും സമയമനു വദിച്ചു. ആ സമയവും കഴിഞ്ഞ് പോയി. എന്നിട്ടും ഞങ്ങൾ എത്തിച്ചേർന്നില്ല. ശോകനിർഭരമായ ഹൃദ

യത്തോടെ നിരാശനായി ചൌധരിജി പുറത്തുവന്നു. ഞങ്ങൾ എത്തിച്ചേരുമ്പോൾ നിരാശനായി ചൌധരിജി പുറത്തുനില്ക്കുന്നതാണ് കണ്ടതു്. വളരെ വ്യസനപൂർവ്വം അദ്ദേഹം പറഞ്ഞു.

'നിങ്ങൾക്കു് തിരിച്ചുപോകാം. പണ്ഡിററ്ജിയുടെ സമയം വിലയേറിയതാണ്.'

ഞങ്ങളുടെ ഹൃദയമാകെ കോരിത്തരിച്ചുപോയി. പരമഭാഗ്യത്തിന്റെ തലോടലേല്ക്കുവാൻ വെമ്പിപ്പറന്ന ഞങ്ങൾ അതിന്റെ തൊട്ടടുത്തെത്തി, കിട്ടാതെ തിരിച്ചുപോരേണ്ടതായി വന്നാലത്തെ നൈരാശ്യം എത്ര ദുസ്സഹമാണ്? സംഭവങ്ങളെല്ലാം വിവരിച്ചുകേട്ടപ്പോൾ ഞങ്ങൾ ഞെട്ടി. പ്രധാനമന്ത്രിയുടെ സമയം ഇന്ത്യയുടെ സമയമാണ്. അതാണ് ഞങ്ങൾ നഷ്ടപ്പെടുത്തിയിരിക്കുന്നതു്. നിരാശരും, ശോകാത്തരുമായി ഇന്ത്യാപ്രധാനമന്ത്രിയുടെ മനോഹരമായ ഭവനവും നോക്കി ഞങ്ങളവിടെ നിന്നു.

## കൂടിക്കാഴ്ച.

ഞങ്ങൾ എത്തിയിരിക്കുന്നതായും നിരാശരായി പുറത്തു് കാത്തുനില്ക്കുന്നതായും പണ്ഡിററ് നെഹറുവിന്റെ ശ്രദ്ധയിൽ ആരോ പെടുത്തി. സഹൃദയനും, വിശാലമനസ്കനുമായ 'ഇന്ത്യയുടെ പ്രധാനമന്ത്രിക്കു് ഞങ്ങളുടെ നേരെ അലിവുണ്ടായി. വീണ്ടും അര മണി

ള്ളർ കൂടിക്കാഴ്ച നടത്തുവാൻ ഞങ്ങൾക്കനുവാദം ലഭിച്ചു. ആഹ്ളാദഭരിതരായി പ: നെഹറുവിൻെറ മനോജ്ഞ ഭവനത്തിലേക്ക് ഞങ്ങൾ കയറിച്ചെന്നു. വിശാലമായ വരാന്തയിൽ ഞങ്ങൾക്കിരിക്കുവാൻ സൌകര്യങ്ങൾ ചെയ്തിരുന്നു. പ: നെഹറുവിൻെറ ആഗമനവും പ്രതീക്ഷിച്ചുകൊണ്ടു് ഞങ്ങളിരുപ്പായി. ഞാൻ അവിടെയിരുന്നുകൊണ്ട് ആ വീടും പരിസരവും ആകെയൊന്നു് നോക്കിക്കണ്ടു. ചുമരിന്മേൽ ചില ഫോട്ടോകൾ തൂക്കിയിട്ടുണ്ടു്. മോഹൻജതാരോവിലേയും, അജന്തയിലേയും ചുമർചിത്രങ്ങളായിരുന്നു അവ.

പണ്ഡിററ് നെഹറു അരമണിക്കൂർ സമയം ഞങ്ങളോടു് സംസാരിക്കുന്നുണ്ടെന്നു് ഞങ്ങൾക്കു് മനസ്സിലായി. ഉച്ചഭാഷിണിയന്ത്രം അവിടെ തയ്യാറാക്കി നിറുത്തിയിരുന്നു. നിരവധി ഫോട്ടോഗ്രാഫർമാരും, പത്രപ്രതിനിധികളും അണിനിരന്നുനില്പായി. ചലച്ചിത്ര വിഭാഗവും ഫിലിം ഷൂട്ടു ചെയ്യേണ്ട ഒരുക്കത്തോടെ കാത്തുനിന്നു.

അന്നു് പ്രധാനമന്ത്രിക്കു് വളരെ തിരക്കുള്ള ദിവസമായിരുന്നു. തിബത്തു് പ്രതിനിധികൾക്കു് പ്രധാനമന്ത്രിയുടെ വീട്ടിൽവെച്ചു് ഒരു സല്ക്കാരമുണ്ടു്. പ്രധാനമന്ത്രിതന്നെയാണ് ലാമമാരെ സ്വീകരിച്ചുകൊണ്ടുവരുന്നതിന്നായി പോകുന്നതു്. ഈ ബന്ധപ്പാടിന്നിടയി

ലാണ് പണ്ഡിററ്നെഹറു വീണ്ടും വീണ്ടും ഞങ്ങൾക്ക് സമയമനുവദിച്ചിരിക്കുന്നതു്.

പ്രതീക്ഷയോടെ കാത്തിരിക്കുന്ന ഞങ്ങളുടെ മുന്നിൽ ഇന്ത്യയുടെ പ്രധാന മന്ത്രി പ്രത്യക്ഷപ്പെട്ടു. പണ്ഡിററ് നെഹറുവിൻെറ ഏകദേശം 2 വാര ദൂരത്താണ് ഞാൻ ഇരുന്നിരുന്നതു്. ഇതൊരു മഹത്തായ ഭാഗ്യമായി ഞാൻ കരുതുന്നു. തൻെറ വിലയേറിയ സമയത്തിൽനിന്നും ഒന്നരമണിക്കൂർ ഞങ്ങൾ നഷ്ടപ്പെടുത്തിയെന്ന പരമാൎത്ഥം വ്യക്തമാക്കിക്കൊണ്ടാണ് അദ്ദേഹം പ്രസംഗം ആരംഭിച്ചതു്. അരമണിക്കൂർ സമയം പണ്ഡിററ്ജി ഞങ്ങളോടു് സംസാരിച്ചു. കൃത്യം 30 മിനുട്ടുകഴിഞ്ഞപ്പോൾ പെട്ടെന്നു് പണ്ഡിററ്ജി ഞങ്ങളുടെ മുന്നിൽനിന്നു് അപ്രത്യക്ഷനാവുകയുംചെയ്തു. പ്രധാനമന്ത്രിയുടെ ഭവനത്തിൽനിന്നു് കാപ്പികഴിച്ചശേഷം ഞങ്ങൾ സാഹ്ലാദം യാത്രതിരിച്ചു. അപ്പോൾ പണ്ഡിററ്ജി ഏതാണ്ട് 10 നാഴിക അകലത്തെത്തിക്കഴിഞ്ഞിരിക്കുന്നതായി ഞങ്ങൾക്കറിയുവാൻ സാധിച്ചു. അഹോ! നമ്മുടെ പ്രധാനമന്ത്രിയുടെ സമയം എത്ര വിലപ്പെട്ടതാണ്.

ഒരു വലിയ കാര്യം സാധിച്ച കൃതാൎത്ഥത ഞങ്ങൾക്കുണ്ടായിരുന്നു. അന്നു് ദൽഹിമുഴുവനും നടന്നുകാണുവാൻ ഞങ്ങൾക്കവസരംലഭിച്ചു.

# ബിർളാ മന്ദിരം.

ബിർളാമന്ദിരം സന്ദർശിക്കേണമെന്നു് എനിക്കു് അത്യധികം ആഗ്രഹമുണ്ടായിരുന്നു. 1936ൽ ഘനശ്യാംദാസ്സ് ബിർളയാണ് ഈ ഹിന്ദുക്ഷേത്രം പണിയിച്ചതു്. കലാസുഭഗതയാർന്ന ആ ക്ഷേത്രം സന്ദർശിക്കുവാൻ ഞങ്ങൾ തീരുമാനിച്ചു. ഹിന്ദുക്കളല്ലാത്തവക്കു് അവിടെ പ്രവേശനാനുവാദമില്ലെന്നു് ഒരു സുഹൃത്തു് എന്നോടു് പറഞ്ഞു. അതിൻെറ യാഥാർത്ഥ്യം എനിക്കു് മനസ്സിലായില്ല. പക്ഷെ, ക്ഷേത്രം സന്ദർശിക്കുവാനുള്ള എൻെറ ആഗ്രഹം നശിച്ചുകഴിഞ്ഞിരുന്നു. സുഹൃത്തുക്കൾ എന്നെ അങ്ങോട്ടു ക്ഷണിച്ചു.

'എനിക്കു് പ്രവേശനമില്ലാത്ത ദിക്കിലേക്കു് ഞാനില്ല.'

എൻെറ തീരുമാനം ഞാൻ തുറന്നുപറഞ്ഞു. അവിടെ എന്നെ തിരിച്ചറിയുവാൻ ആക്കും സാധിക്കുകയില്ല. ബിർളാമന്ദിരത്തിൽ ഇതരമതസ്ഥക്കു് പ്രവേശനമില്ലെന്ന വസ്തുത എത്രത്തോളം യാഥാർത്ഥ്യമാണെന്നു് എനിക്കറിഞ്ഞുകൂടാ. എന്നിട്ടും ഞാനൊരു പരീക്ഷണത്തിനു് പോലും ഒരുങ്ങിയില്ല. എൻെറ ആത്മാർത്ഥതയെ വഞ്ചിക്കുവാൻ എനിക്കു് സാധിക്കുമായിരുന്നില്ല.

അദ്ധ്യായം 14.

# രാഷ്ട്രപതി ഭവനിൽ.

ജനുവരി 22. ഇന്ത്യയുടെ പ്രസിഡണ്ടിനെ സന്ദർശിക്കുവാനാണ് ഞങ്ങളിന്നു് പോകുന്നതു്. ഞങ്ങളുടെ പരിപാടികളിൽ ബദ്ധപ്പാടു് വദ്ധിച്ചിരിക്കുകയാണ്. രണ്ടുദിവസംകൂടികഴിഞ്ഞാൽ ഞങ്ങൾ നാട്ടിലേക്കു് തിരിക്കുകയായി.

രാഷ്ട്രപതിഭവനവും, രാഷ്ട്രപതിയുടെ പൂങ്കാവനവും, ഞങ്ങളിന്നു് സന്ദർശിക്കും. ഒരു മ്യൂസിയവും, ഗ്രന്ഥാലയവുമുണ്ടവിടെ. വളരെ ദിവസങ്ങളായി ഞങ്ങൾ ആശിക്കുവാൻ തുടങ്ങിയിരുന്നതാണ്. ഞങ്ങളുടെ അഭിലാഷം അതിൻെറ സാക്ഷാത്ക്കാരത്തിലെത്തുകയാണിന്നു്.

രാഷ്ട്രപതിഭവനെ ലക്ഷ്യമാക്കിയാണ് ഞങ്ങളുടെ യാത്ര. സമയത്തിന്നുമുമ്പായിത്തന്നെ ഞങ്ങളവിടെ എത്തി. ആയുധധാരികളായ നിരവധി കുതിരപ്പട്ടാളക്കാർ ഇടയ്ക്കിടെ കാവൽനില്പുണ്ടായിരുന്നു. ഞങ്ങൾക്കു് രാഷ്ട്രപതിഭവനവും, രാഷ്ട്രപതിയുടെ പൂങ്കാവനവും ചുററിനടന്നുകാൺമവാൻ അനുവാദംകിട്ടി. ഞങ്ങൾ ആദ്യമായി തിരിച്ചതു് രാഷ്ട്രപതിയുടെ പൂങ്കാവനം കാണുവാനാണ്.

## പൂങ്കാവനം.

കാണേണ്ട ഒരു കാഴ്ചയായിരുന്നു അതു്. മനോജ്ഞമായ പൂങ്കാവനം വിവിധ പുഷ്പങ്ങൾ നിറഞ്ഞുനി

ല്ക്കുകയാണ്. ഈ പൂന്തോട്ടത്തിന്റെ നിർമ്മാതാക്കൾ മുഗിലന്മാരായിരുന്നു. നൂററാണ്ടുകൾ പഴക്കമുള്ള ഈ പൂന്തോട്ടം ആധുനിക കാലഘട്ടത്തിന്നനുയോജ്യമായ ചില പരിഷ്ക്കാരങ്ങളോടുകൂടി ഇന്നും നിലനിന്നുവരികയാണ്. ഈ തോട്ടത്തിന്റെ ശുശ്രൂഷകന്മാരായ നിരവധിപേരെ തോട്ടത്തിൽ കാണാമായിരുന്നു. വളരെ സമയംകൊണ്ടേ ഇതൊന്നു ചുററിനടന്നു കാണാനൊക്കൂ. ഞങ്ങൾ തോട്ടത്തിലുടനീളം ചുററിനടക്കുകയാണ്. കണ്ണും, കരളും കവരുന്ന അതിന്റെ മനോഹാരിത ആരുടെ ശ്രദ്ധയും പിടിച്ചുനിർത്തുന്നതായിരുന്നു. വളരെ ശ്രദ്ധയോടുകൂടിയാണ് ഞങ്ങളവിടെ നടന്നിരുന്നതു്. നാനാതരം വർണ്ണച്ചെടികൾ തോട്ടത്തിലുടനീളം പുഷ്പിച്ചുനില്ക്കുകയാണ്. വളരെ ചിട്ടയോടും, ഭംഗിയോടും കൂടിയാണ് അവയെല്ലാം പരിരക്ഷിച്ചുപോരുന്നതു്. പുൽത്തകിടികളും, ലതാഗൃഹങ്ങളും ഇടയ്ക്കിടെ കാണാം. നിരവധി വൈദ്യുതദീപങ്ങൾ അവിടെ ഘടിപ്പിച്ചിരുന്നു. സ്മരണയിൽ എന്നുമെന്നും തങ്ങിനില്ക്കുന്ന ഒരു കാഴ്ചയിലാണ് ഞങ്ങൾ എത്തിച്ചേർന്നിരിക്കുന്നതു്. ആ തോട്ടത്തിന്റെ ഹൃദയത്തിലായി ഒരു വലിയ തടാകമുണ്ടു്. കാണേണ്ടൊരു കാഴ്ചതന്നെയാണതു്. ഒരേ നിരയിൽ വിവിധവർണ്ണത്തിൽ പൂത്തുനില്ക്കുന്ന പൂവാടി അതിനുചുററും തുങ്ങിക്കിടക്കുകയാണ്. തോട്ടത്തിന്റെ എല്ലാ ഭാഗവും ചുററിനടന്നുകണ്ടപ്പോൾതന്നെ ഞങ്ങൾക്കു തൃപ്തിയായി.

## പ്രസിഡണ്ട്.

പ്രസിഡണ്ടിനെ സന്ദർശിക്കുവാനുള്ള സമയമായിരിക്കുന്നു. ഞങ്ങൾ രാഷ്ട്രപതിഭവനിലേക്ക് കടന്നുചെന്നു. സന്ദർശകഹാളിൽ ഞങ്ങൾ പ്രസിഡണ്ടിന്റെ ആഗമനവും പ്രതീക്ഷിച്ചിരിപ്പായി. കലയുടെ ശ്രീകോവിലിലാണ് എത്തിയിരിക്കുന്നതെന്ന് എനിക്ക് തോന്നി, മുഗിലരുടെ കലാബോധം അവിടെ തെളിഞ്ഞുയർന്നുനില്ക്കുകയാണ്. ഇന്ത്യാ പ്രസിഡണ്ടിന്റെ അന്തസ്സിന്നിണങ്ങിയതുതന്നെയാണ് രാഷ്ട്രപതിഭവൻ.

പ്രതീക്ഷാനിർഭരങ്ങളായ നിമിഷങ്ങളാണ് കടന്നുപോകുന്നത്. പ്രസിഡണ്ടിന്റെ വരവുംകാത്താണ് ഞങ്ങളിരിക്കുന്നത്. പെട്ടന്ന് ഡോക്ടർ രാജേന്ദ്രപ്രസാദ് സഭാമഞ്ചത്തിൽ ആഗതനായി. അകംബടിസേവിച്ചിരുന്ന അംഗരക്ഷകന്മാർ ചുററും നിന്നു. കുറച്ചുസമയം പ്രസിഡണ്ടിനെത്തന്നെ നോക്കിക്കൊണ്ട് ഞാനിരുന്നുപോയി.

ഭാരത് സേവക് സമാജിനെക്കുറിച്ചെല്ലാം പ്രസിഡണ്ട് ചോദിച്ചുമനസ്സിലാക്കി. അദ്ദേഹം ഞങ്ങളോട്ട് സംസാരിച്ചു. അതിന്നുശേഷം ഒരു ചായസല്ക്കാരമുണ്ടായി. ഇന്ത്യാപ്രസിഡണ്ടും ഒരു കപ്പ് കാപ്പി കഴിച്ചു. ഞങ്ങൾ സന്തുഷ്ടരായി. അതോടെ ഡില്ലിയിലെ ഞങ്ങളുടെ സന്ദർശനപരിപാടിയൊക്കെ അവസാനിച്ചിരിക്കയാണ്. ആനന്ദഭരിതരായി ഞങ്ങൾ തിരിച്ചുപോന്നു.

## സമാപനം.

പിറേറദിവസം ക്യാമ്പിൻെറ സമാപനമാണ്. സമാപനയോഗത്തിൽ ബദർപൂർ ഗ്രാമത്തിലെ മുഴുവൻ ജനങ്ങളും സംബന്ധിച്ചിരുന്നുവെന്നു പറയാം. ആ ഗ്രാമവാസികളുടെ സാന്നിദ്ധ്യത്തിൽ ഞങ്ങളുടെ പരിശീലനത്തിൻെറ സമാപനം ഭംഗിയായിക്കഴിഞ്ഞു. പരിശീലനം പൂത്തിയാക്കിയ ഞങ്ങൾക്കെല്ലാം സർട്ടിഫിക്കേററ് നല്കിയതു് ശ്രീമതി രാജകുമാരി അമൃതകൌർ ആയിരുന്നു. ഓരോ വ്യക്തിയേയും വേറെ വേറെ വിളിച്ചുകൊണ്ടായിരുന്നു സർട്ടിഫിക്കേററ് നല്കിയതു്.

24-ാംനു- കാലത്തു് പ്രാത്ഥനായോഗത്തോടുകൂടി രണ്ടു്മാസമായി നടന്നുവന്ന ആ പരിശീലനക്യാമ്പ് പൂത്തിയാക്കി പിരിച്ചുവിട്ടു. അതോടെ നാട്ടിലേക്കു് തിരിക്കുവാനുള്ള തിരക്കായി.

തലസ്ഥാനനഗരിയിലെ റിപ്പബ്ലിക്ക് ദിനത്തിലും പങ്കുകൊള്ളേണമെന്നു് ഞങ്ങൾക്കാഗ്രഹമുണ്ടായിരുന്നു. ദൽഹി സന്ദശിക്കുവാൻ വല്ലപ്പോഴും ഇനിയും അവസരങ്ങൾ ലഭിച്ചേക്കാം. പക്ഷെ, റിപ്പബ്ലിക്ക്ദിനം അവിടെ സംബന്ധിക്കുവാൻ സാധിക്കുമോ എന്ന കാര്യം തീച്ചയില്ല. ദൽഹിയിലെ റിപ്പബ്ലിക്ക് ദിനത്തിൽകൂടിയും പങ്കുകൊള്ളുവാൻ ഞങ്ങൾ തീരുമാനിച്ചു.

അദ്ധ്യായം 15.

# മടക്കയാത്ര.

ഞങ്ങൾ കണ്ണാട്ടസക്സ്സിലാണിപ്പോൾ താമസി ക്കുന്നതു്. റിപ്പബ്ലിക്ക് ദിനവും കാത്തുകൊണ്ട് ഞങ്ങ ളവിടെ താമസിക്കുകയാണ്. തലസ്ഥാനനഗരിയുടെ രൂപം മാറിക്കൊണ്ടിരുന്നു. നിറപ്പകിട്ടുള്ള വൈദ്യുത ദീപങ്ങൾകൊണ്ടാണ് അലങ്കാരങ്ങൾ അധികവും നട ന്നിരിക്കുന്നതു്. ഓരോ തെരുവും, ആ തെരുവിലുള്ളവ രെല്ലാം സഹകരിച്ചുകൊണ്ടാണ് അലങ്കരിക്കുന്നതു്. അലങ്കാരത്തിൻെറ കാര്യത്തിൽ അവർക്ക് പരസ്പരം വാ ശിയുള്ളതുപോലെ തോന്നി. തലേദിവസം രാത്രിയോ ടുകൂടിത്തന്നെ അലങ്കാര പരിപാടികളൊക്കെ ഭംഗി യായി അവസാനിച്ചു. അങ്ങനെ റിപ്പബ്ലിക്ക് ദിനം ആഘോഷിക്കുന്നതിന്നായി തലസ്ഥാനനഗരി ഉടു ത്തൊരുങ്ങിക്കഴിഞ്ഞിരിക്കുകയാണ്.

ഇന്നു് ജനുവരി ഇരുപത്താറാണ്. ഇന്ത്യയുടെ റിപ്പബ്ലിക്ക് ദിനം ആകാശത്തിലൂടനീളം ത്രിവർണ്ണ പ്പൂക്കൾ പൊട്ടിവിടർന്നിരിക്കുന്നു. ഉത്സാഹഭരിതരായ ജനങ്ങൾ ഇന്ത്യാഗേററിനെ ലക്ഷ്യമാക്കി കുതിച്ചുകൊ ണ്ടിരുന്നു. മനുഷ്യപ്രവാഹം തെരുവുകൾ നിറഞ്ഞൊ

ഴുകുകയാണ്. ഒരു മനുഷ്യമഹാസമുദ്രമായിക്കഴിഞ്ഞിരിക്കുന്ന ഇന്ത്യാഗേററിന്നു് സമീപമാണ് അതു് ചെന്നുചേരുന്നതു്. വാഹനങ്ങളുടെ ഗതിയൊക്കെ നിയന്ത്രിക്കപ്പെട്ടിരിക്കുന്നു. ആ ഒഴുക്കിൽചേർന്നു ഞങ്ങളും ഒഴുകുവാൻതുടങ്ങി. ഇന്ത്യാഗേററിലേക്കു് ഇനിയും ഒരു നാഴികയോളം ദൂരമുണ്ടു്. പക്ഷെ ഒരടിപോലും ഇനി മുന്നോട്ടുവെച്ചുകൂടാ. അവിടെയെല്ലാം മനുഷ്യർ തിങ്ങിനിറഞ്ഞിരിക്കുന്നു. ആ സമുദ്രത്തിന്റെ തിരമാലകൾ ഞങ്ങളെ പിന്നേയും, പിന്നേയും പുറകോട്ടു് തള്ളിമാററിക്കൊണ്ടിരുന്നു. അവിശ്വസനീയമായ ഒരു കാഴ്ചയാണവിടെകാണുന്നതു്. മനുഷ്യപാരാവാരം അലയടിച്ചുകൊണ്ടിരിക്കുന്നു. പ്രസന്നതയാർന്ന പ്രഭാതത്തിൽ പൊട്ടിവിടർന്ന ത്രിവർണ്ണപ്പൂക്കൾ ആകാശത്തിലൂടനീളം പാറിക്കളിക്കുകയാണ്. ഇന്ത്യാഗേററിൽനിന്നാണ് ഘോഷയാത്ര പുറപ്പെടുന്നതു്. ചെങ്കോട്ടയിൽചെന്നു് അതവസാനിക്കും. പ്രധാനവീഥികളിലൊക്കെ ചുററിയതിന്നു്ശേഷമാണ് ചെങ്കോട്ടയിലെത്തുക. ഇന്ത്യാഗേററിന്നു് സമീപം നടക്കുന്നതു് എന്തൊക്കെയാണെന്നു് ഞങ്ങൾക്കു് കണ്ടുകൂടാ. പ്രസിഡണ്ടിന്റെ ആഗമനവും, പ്രധാനമന്ത്രി സ്വീകരിക്കുന്നതുമെല്ലാം ഞങ്ങൾക്കു് കാണുവാൻ കഴിഞ്ഞില്ല. പിന്നീടു് അതെല്ലാം ചലച്ചിത്രത്തിലാണ് എനിക്കു് കാണുവാൻ കഴിഞ്ഞതു്. ഇന്ത്യയുടെ സൈനികശക്തി

മുഴുവനും അവിടെ പ്രദശിപ്പിക്കുന്നുണ്ടായിരുന്നു. ഏതാണ്ട് ഇരുപതു ലക്ഷം ജനങ്ങൾ പങ്കെടുത്തതാണ് ആ ആഘോഷം. ആഘോഷപരിപാടികളിലെ പ്രധാനപ്പെട്ടൊരിനം ഇന്ത്യയിലെ എല്ലാവിഭാഗത്തിലുമുള്ള സൈന്യവ്യൂഹത്തിന്റെ മാച്ച്ചിങ്ങായിരുന്നു. കണ്ണാട്ട് സക്സ്സിലുള്ള ഒരു കെട്ടിടത്തിന്റെ മുകളിൽ കയറിനിന്നുകൊണ്ട് തള്ളിപ്രവഹിക്കുന്ന ആ മനുഷ്യപാരാവാരത്തിന്റെ ഗതി ഞങ്ങൾ നോക്കിക്കണ്ടു. സൈനികശക്തി പ്രദശിപ്പിക്കുന്നതിന്നുപുറമെ നേഷനൽകേഡററിലെ ആൺകുട്ടികളുടേയും, പെൺകുട്ടികളുടേയും വിഭാഗവും ജാഥയിൽ പങ്കെടുത്തു. എല്ലാസംസ്ഥാനങ്ങളിലേയും ഏതെങ്കിലും ഒരഭിവൃദ്ധിപദ്ധതിയും, പ്രധാന കലാപ്രദശനവും ആഘോഷത്തിന്നു മാററുകൂട്ടി. ആകാശവിമാനങ്ങൾ വട്ടമിട്ടു പാറിക്കൊണ്ടിരുന്നു.

പരിപാടികൾ അവസാനിക്കുന്നതുവരെ അവിടെ നില്ക്കുവാൻ ഞങ്ങൾക്കു സാധിച്ചില്ല. 28-ാംതിയതി എനിക്കു മദിരാശിയിലെത്തേണ്ടതുണ്ട്. അന്നുതന്നെ ദൽഹിവിടുവാൻ ഞങ്ങൾ തീരുമാനിച്ചു. ഉടനെത്തന്നെ ഞങ്ങൾ റയിൽവേസ്റ്റേഷനിലേക്കു പുറപ്പെട്ടു. റയിൽവേസ്റ്റേഷനിൽ അസാധാരണമായ തിരക്കുണ്ടായിരുന്നു. ഗ്രാൻറ്ട്രങ്കിന്നു ഞങ്ങൾക്കു ടിക്കററുകിട്ടിയില്ല. ഉടനെത്തന്നെ ജനതഎക്സ്പ്രസ്സിന്നു ഞങ്ങൾ

ടിക്കററെടുത്തു. 1-55ന്ന് വണ്ടിയിളകി. നനഞ്ഞ നയനങ്ങളോടും, പിടയ്ക്കുന്ന ഹൃദയത്തോടുംകൂടി ഡൽഹിപട്ടണത്തോട് ഞങ്ങൾ യാത്രചോദിച്ചു. റയിൽവേസ്റ്റേഷനിൽ പാറിക്കൊണ്ടിരുന്ന അശോകചക്രാങ്കിതമായ ആ ത്രിവർണ്ണപ്പതാക, തലയാട്ടിക്കൊണ്ട് ഞങ്ങൾക്ക് യാത്രാനുമതിനല്കി.

ഞങ്ങൾ തലസ്ഥാനനഗരി വിടുകയാണ്. വണ്ടി ആഗ്രാസ്റ്റേഷൻ കടന്നപ്പോൾ എന്റെ ഹൃദയം ശക്തിയായൊന്ന് പിടച്ചു. ഞങ്ങൾക്ക് ആഗ്രയിൽ ഇറങ്ങുവാൻ സാധിച്ചില്ല. വണ്ടി ദ്രുതഗതിയിൽ കുതിച്ചു പാഞ്ഞു. ഇപ്പോൾ നാട്ടിലെത്തുവാനാണ് തിരക്ക്. രണ്ടരമാസമായിരിക്കുന്നു വീട്ടിൽനിന്ന് പോന്നിട്ട്. വീട്ടിലെത്തുവാൻ ഹൃദയം തിടുക്കപ്പെട്ടു.

28-ാംനു- മദിരാശിയിലെത്തി. ഒരു ദിവസം അവിടെ താമസിച്ചു. വിദേശത്തേക്കുപോകുന്ന സഹോദരനെ മദിരാശിയിൽവെച്ച് കണ്ടുമുട്ടി. അദ്ദേഹത്തിന്റെകൂടെയാണ് മദിരാശിയിൽ താമസിച്ചത്. മദിരാശിയിൽവെച്ച്, വിദേശത്തേക്ക്പോകുന്ന സഹോദരനെ യാത്രയയച്ചശേഷം വീണ്ടും യാത്രതുടന്നു.

മടക്കയാത്ര വളരെ സുഖകരമായാണ് അനുഭവപ്പെട്ടത്. ജനുവരി 30-ാംനു- 3 മണിക്ക് ഞാൻ നാ

ട്ടിൽ തിരിച്ചെത്തി. 2 മാസം തലസ്ഥാനനഗരിയിൽ
കഴിച്ചുകൂട്ടിയശേഷം തിരിച്ചെത്തിയ എനിക്ക് നാട്ടുക
രുടെ മുമ്പിൽവെക്കുവാനുണ്ടായിരുന്നത് രാഷ്ട്രത്തിന
വേണ്ടിയുള്ള ഒരാഹ്വാനമായിരുന്നു. ഒരു ക്ഷേമരാഷ്ട്ര
കെട്ടിപ്പടുക്കുവാൻ രാഷ്ട്രീയവും വർഗ്ഗീയവുമായ ചിന്ത
ഗതികൾക്കെതിരായി സഹകരിച്ചുപ്രവൃത്തിക്കുവാനുള്ള
ഒരഭ്യർത്ഥനയായിരുന്നു അതു്. ഭാരത് സേവക് സമാജ
ബഹുജനങ്ങൾക്ക് നല്കുന്ന സന്ദേശവും അതുതന്നെ
യാണ്.

സമാപ്തം.

**KOTTAYAM PUBLIC LIBRARY**
**KOTTAYAM**

Cl. No. M910 ALI:D Acc. No. 85848.

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of ₹1 per day will be charged

m910
ALI.D

85848.

അലിക്കുട്ടി. (എം. വി)
ദിൽഹിയാത്ത്.

KOTTAYAM PUBLIC LIBRARY

Call No M910 ALI:D Acc. No 85848

Author അലിക്കുട്ടി (എം.പി)

Title ഗൾഫ് യാത്ര.

Indic Digital Archive Foundation

gpura.org